# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ഡിസംബർ, വോള്യം: 11 ലക്കം: 4

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08
സിഐടിയു സംസ്ഥാന സമ്മേളനത്തിൽ സ. എളമരം കരീം അവതരിപ്പിച്ച റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ

18
സിഐടിയുവിന്റെ വളർച്ചയ്ക്ക് ഊർജവും കരുത്തും നൽകിയ കോഴിക്കോട് സമ്മേളനം
കെ.എൻ.ഗോപിനാഥ്

ശത്രു ആരെന്ന് ജനങ്ങളറിയണം - തപൻ സെൻ — 16
മിനിമം പെൻഷൻ - എ.കെ. പത്മനാഭൻ
തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ - ഡോ. ഹേമലത — 17
തൊഴിലാളി ഐക്യം കേന്ദ്രം ഭയപ്പെടുന്നു - ആർ. കരുമലൈ

സംസ്ഥാന കമ്മിറ്റി അംഗങ്ങൾ — 22
സിഐടിയു സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയങ്ങൾ — 23
വിഴിഞ്ഞം സമരവും മത്സ്യതൊഴിലാളി താല്പര്യങ്ങളും ചില കാണാപ്പുറങ്ങൾ — 35 — ജെ. മേഴ്സിക്കുട്ടിയമ്മ
പെറുവിലെ അട്ടിമറിയും ഇടതുപക്ഷവും — 40 — വി.ബി. പരമേശ്വരൻ
COP 27, കാലാവസ്ഥാ വ്യതിയാനം, യുദ്ധങ്ങൾ — 42 — ജോസ് ടി. എബ്രഹാം
വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ സമ്മേളനം — 44 — എൻ. പത്മലോചനൻ
സംഘടനാ വാർത്തകൾ — 49

വാർഷിക വരിസംഖ്യ : 200 രൂപ.

മുഖപ്രസംഗം

# അസമത്വം വർധിക്കുന്നു

ജനങ്ങൾക്ക് നല്ല ദിവസങ്ങൾ വാഗ്ദാനം ചെയ്ത നരേന്ദ്ര മോദിയുടെ ഭരണം 9 വർഷം തികക്കാൻ കുറച്ചുമാസങ്ങളെ ഉള്ളു. വർഷംപ്രതി രണ്ട് കോടി വീതം പുതിയ തൊഴിൽ, മേക്ക് ഇൻ ഇന്ത്യ തുടങ്ങിയ ഒട്ടേറെ വാഗ്ദാനങ്ങളും പല സന്ദർഭങ്ങളിലായി മോദി മുന്നോട്ടുവച്ചു. ജി 20 രാഷ്ട്ര കൂട്ടുകെട്ടിന്റെ അധ്യക്ഷപദവി ഊഴമനുസരിച്ച് ഇന്ത്യക്ക് ലഭിച്ചപ്പോൾ അതും പ്രചരണായുധമാക്കി. ഇതിനിടയിൽ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. തൊഴിലില്ലായ്മയും വിലക്കയറ്റവും രൂക്ഷമാണ്. മോദി ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന കോർപറേറ്റുകളുടെ അധീനതയിലുള്ള മാധ്യമങ്ങൾ മോദിക്ക് സ്തുതി പാടുമ്പോഴും 'പരുക്കൻ യാഥാർഥ്യങ്ങൾ' പൂർണമായി മൂടിവയ്ക്കാൻ പറ്റുന്നില്ല.

2022-23 സാമ്പത്തിക വർഷം ഇന്ത്യയുടെ ജിഡിപി (മൊത്തം ആഭ്യന്തര ഉൽപ്പാദനം) കുറയുമെന്നാണ് എല്ലാ ഏജൻസികളും റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അന്തർദേശീയ റേറ്റിങ്ങ് ഏജൻസികൾ മുതൽ ഭാരതീയ റിസർവ് ബാങ്ക് വരെ പുറത്തുവിട്ട റിപ്പോർട്ടുകളിലാണ് ഈ വസ്തുത പുറത്തുവന്നിരിക്കുന്നത്. ഉയർന്ന പണപ്പെരുപ്പ നിരക്കും പലിശനിരക്കിലെ വർധനവും ആഭ്യന്തര 'ഡിമാൻഡി'ൽ വലിയ കുറവ് വരുത്താൻ ഇടയാക്കുമെന്നാണ് എല്ലാവരുടെയും വിലയിരുത്തൽ. തൊഴിലവസരങ്ങൾ ഗണ്യമായി വർധിപ്പിച്ച് ആഭ്യന്തര ചോദനം (ഡിമാന്റ്) വർധിപ്പിക്കുക, പശ്ചാത്തല വികസന പദ്ധതികളിലേക്ക് സർക്കാർ കൂടുതൽ പണം അനുവദിക്കുക തുടങ്ങിയ നിർദേശങ്ങളാണ് സാമ്പത്തിക എജൻസികൾ പറയുന്നത്.

'ഗോൾഡ്മാൻ സാഞ്ചസ് ഗ്രൂപ്പിന്റെ' റിപ്പോർട്ടിൽ പറയുന്നത് അടുത്ത സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ച, മാന്ദ്യത്തെ നേരിടും എന്നാണ്. ഉപഭോഗനിരക്ക് കുറയും. 2023ൽ ഇന്ത്യയുടെ ജിഡിപി വളർച്ച നേരത്തെ നിശ്ചയിച്ച 6.9 ശതമാനം, 5.9 ശതമാനമായി കുറയുമെന്നും അവർ പറയുന്നു. 'ക്രിസിൽ' എന്ന ഏജൻസി ഇന്ത്യയുടെ ജിഡിപി വളർച്ച് 2022-23 ൽ 7.3 ശതമാനം എന്നാണ് നേരത്തെ പറഞ്ഞതെങ്കിൽ ഇപ്പോൾ അത് 7 ശതമാനമായിരിക്കുമെന്നാണ് പറയുന്നത്. 2024 വർഷത്തെ ഇന്ത്യൻ വളർച്ചാ നിരക്ക് 6 ശതമാനത്തിലേക്ക് കുറയുമെന്നും ക്രിസിൽ പറയുന്നു.

'മൂഡി' എന്ന റേറ്റിങ് ഏജൻസിയുടെ നേരത്തേയുള്ള കണക്കനുസരിച്ച് 2022ലെ ഇന്ത്യയുടെ ജിഡിപി വളർച്ച 7.7 ശതമാനത്തിൽ നിന്ന് 7 ശതമാനമായി കുറച്ചു. ഇന്ത്യൻ റിസർവ് ബാങ്ക് രാജ്യത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക് 7.2 ശതമാനമായിരിക്കുമെന്ന കണക്ക് തിരുത്തി 7 ശതമാനമാക്കി കുറവ് വരുത്തി. 2022-23 സാമ്പത്തിക വർഷം രണ്ടാം പാദം (ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ) വളർച്ച 6.3 ശതമാനം മാത്രമാണ്. വികസിത മുതലാളിത്ത രാജ്യങ്ങളിലെ സാമ്പത്തിക വളർച്ച മുരടിപ്പിലാണ്. അമേരിക്കൻ സാമ്പത്തിക വളർച്ച മാന്ദ്യത്തിലേക്ക് നീങ്ങുന്നുവെന്നാണ് പ്രവചനം. ആഭ്യന്തര കമ്പോള ശോഷണമാണ് മിക്ക രാജ്യങ്ങളെയും വളർച്ചാ മുരടിപ്പിലേക്കും താഴ്ചയിലേക്കും നയിക്കുന്നത്. ജനങ്ങളുടെ

വാങ്ങൽ കഴിവ് ഇടിയുന്നു. തൊഴിലാളികളുടെ വേതനനിരക്ക് കുറയുന്നതാണ് കമ്പോള മാന്ദ്യത്തിന്റെ പ്രധാന കാരണം. വിലക്കയറ്റമാണ് മറ്റൊരു പ്രധാന കാരണം.

ഉദാരവൽക്കരണ നയങ്ങൾ തൊഴിൽമേഖലയിൽ ഗുരുതരമായ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. സ്ഥിരം ജോലികളുടെ എണ്ണം കുറയുകയും കരാർ താൽക്കാലിക ജോലികൾ വർധിക്കുകയും ചെയ്യുന്നത് വേതനം കുറയ്ക്കാൻ ഇടയാക്കുന്നു. ഇതേ അവസരത്തിൽ തന്നെയാണ് അവശ്യവസ്തുക്കളുടെ വില വർധിക്കുന്നത്.

റഷ്യ-യുക്രൈൻ യുദ്ധം, ലോകത്താകെ വിലവർധനവിന് കാരണമായി. സാമ്രാജ്യത്വം അടിച്ചേൽപ്പിച്ചതാണ് ഈ യുദ്ധം. റഷ്യയുമായി അതിർത്തി പങ്കിടുന്ന യുക്രൈൻ സാമ്രാജ്യത്വസൈനിക സഖ്യമായ നാറ്റോയിൽ ചേരാൻ തീരുമാനിച്ചതാണ് സംഘർഷത്തിന് കാരണം. സോവിയറ്റ് യൂണിയൻ തകരുന്ന ഘട്ടത്തിൽ നാറ്റോ പിരിച്ചുവിടുമെന്ന് അമേരിക്ക ഗോർബചേ്ചാവിന് ഉറപ്പ് നൽകിയിരുന്നു. സോഷ്യലിസ്റ്റ് ലോകവും സാമ്രാജ്യത്വവും തമ്മിലുള്ള ശീതയുദ്ധകാലത്ത് രൂപം കൊണ്ട് മുതലാളിത്ത രാജ്യങ്ങളുടെ സൈനിക കൂട്ടുകെട്ട് ഇപ്പോഴും തുടരുന്നതിൽ യാതൊരു ന്യായീകരണവും ഇല്ല. മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളായ കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളെ നാറ്റോയിൽ ചേർക്കുന്നത് കടുത്ത പ്രകോപനമാണ്. യുക്രൈൻ യുദ്ധത്തെ തുടർന്ന് സാമ്രാജ്യത്വ ശക്തികൾ റഷ്യക്കെതിരെ ഉപരോധം ഏർപ്പെടുത്തി. യൂറോപ്യൻ രാജ്യങ്ങൾ എണ്ണപ്രകൃതി-വാതകം എന്നിവയ്ക്ക് കൂടുതൽ ആശ്രയിച്ചിരുന്നത് റഷ്യയെ ആണ്. ഉപരോധം വന്നപ്പോൾ റഷ്യയിൽ നിന്നുള്ള ഇന്ധനം യൂറോപ്പിലേക്ക് എത്താതായി. ഇത് എണ്ണ-പ്രകൃതിവാതക വില കുത്തനെ വർധിപ്പിക്കുന്നതിന് ഇടയാക്കി. യൂറോപ്യൻ രാജ്യങ്ങൾ കടുത്ത പ്രതിസന്ധിയെ ആണ് നേരിടുന്നത്.

ഗോതമ്പ്, രാസവളം തുടങ്ങി ഒട്ടേറെ അവശ്യവസ്തുക്കൾക്കും ലോകത്ത് ക്ഷാമം നേരിടാൻ തുടങ്ങി. ഇവിടെയെല്ലാം വില വർധിച്ചു. യുക്രൈൻ-റഷ്യ യുദ്ധം അവസാനിപ്പിക്കാനല്ല, രൂക്ഷമാക്കാനാണ് അമേരിക്കൻ സാമ്രാജ്യത്വം ശ്രമിക്കുന്നത്. യുക്രൈയിനെ ആയുധവൽക്കരിച്ച് യുദ്ധം രൂക്ഷമാക്കാനാണ് ശ്രമം. അമേരിക്കയിലെ ആയുധനിർമ്മാണ കുത്തകകളാണ് ഈ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിന്റെ പ്രേരകശക്തി. ഈ ലോകസാഹചര്യം ഇന്ത്യൻ സമ്പദ് ഘടനയേയും ഗുരുതരമായി ബാധിച്ചുതുടങ്ങി.

ലോക സാമ്പത്തികമാന്ദ്യം ഇന്ത്യയുടെ കയറ്റുമതിയെ ബാധിച്ചു. 2022-23 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം (ഏപ്രിൽ-ജൂൺ) കയററുമതി വളർച്ച 24.8 ശതമാനമായിരുന്നത് രണ്ടാം പാദത്തിൽ (ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ) 2.8 ശതമാനമായി കുറഞ്ഞു. 2022 ഒക്ടോബറിലെ കയറ്റുമതി തലേവർഷത്തേക്കാൾ 16.7 ശതമാനം കുറവായിരുന്നു. റിസർവ് ബാങ്ക് പലിശനിരക്ക് വർധിപ്പിക്കുന്നത് സമ്പദ് ഘടനയിൽ വിപരീത ഫലമാണ് ഉണ്ടാക്കുന്നത്. അടുത്ത വർഷത്തെ വളർച്ചയേയും ഇത് ബാധിക്കും. സ്വകാര്യ മൂലധന നിക്ഷേപം ഉയരാൻ ഒരു സാധ്യതയും കാണുന്നില്ലെന്നാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്. ഉരുക്ക്, സിമന്റ് ഉൽപ്പാദന മേഖലയിൽ നിക്ഷേപം അൽപ്പം കൂടുന്നുണ്ടെങ്കിലും ഉപഭോഗ വസ്തുക്കളുടെ ഉൽപ്പാദന മേഖലയിൽ കൂടുതൽ നിക്ഷേപം വരുന്നില്ല. കമ്പോള മുരടിപ്പ് നിൽക്കുന്നതിനാൽ നിക്ഷേപകർ മടിച്ചു നിൽക്കുന്നു. ജനങ്ങളുടെ വാങ്ങൽകഴിവ് കുറഞ്ഞതാണ് കമ്പോള മാന്ദ്യത്തിന് കാരണം. ആഗോള സാമ്പത്തികമാന്ദ്യത്തിന് പരിഹാരമാകാതെ ആഭ്യന്തര നിക്ഷേപം വർധിക്കാൻ സാധ്യതയില്ല.

റഷ്യ-യുക്രൈൻ യുദ്ധവും വികസിത മുതലാളിത്ത രാജ്യങ്ങളിലെ പലിശ നിരക്ക് ഉയർത്തുന്നതും ലോക സാമ്പത്തിക വ്യവസ്ഥയെ കുഴപ്പത്തിലാക്കിയിട്ടുണ്ട്. ലോകത്തിന്റെ മൂന്നിൽ ഒരു ഭാഗത്തെങ്കിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്നാണ് ഐഎംഎഫിന്റെ റിപ്പോർട്ടിൽ പറയുന്നത്. 2023-ൽ ലോകം വലിയ സാമ്പത്തിക കുഴപ്പം നേരിടുമെണ് ഐഎംഎഫ് പ്രവചിക്കുന്നത്.

കോവിഡ് കാലത്തെ സാമ്പത്തിക തകർച്ച, തൊഴിലാളികളുടെ വേതനത്തിൽ കുറവ് വരുത്തിയെന്നാണ് ഐഎൽഒ റിപ്പോർട്ടിൽ പറയുന്നത്. ഈ നൂറ്റാണ്ടിൽ ആദ്യമായി യഥാർഥ വേതനത്തിൽ ഇടിവുണ്ടായി. അതേ അവസരം ഉൽപ്പാദനക്ഷമത വർധിച്ചു. ഉൽപ്പാദനക്ഷമതാ വർധന തോതും യഥാർഥ വേതന വർധന തോതും 1999-ന് ശേഷം ആദ്യമായി 2022ൽ വലിയ അന്തരമുണ്ടായി. വേതനനിരക്ക് കുറയുന്നത് വികസന രാജ്യങ്ങളിൽ ഉൾപ്പെടെ തൊഴിലാളികളെ ബാധിച്ചു. കുറഞ്ഞ വരുമാന രാജ്യങ്ങളിലെ താരതമ്യേന കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലാളികളുടെ വാങ്ങൽകഴിവ് ഇടിഞ്ഞു. ഈ വിഭാഗത്തിന്റെ വരുമാനത്തിന്റെ കൂടുതൽ ഭാഗം ഉപയോഗിക്കുന്നത് അവശ്യവസ്തുക്കൾ വാങ്ങാനാണ്. അവശ്യവസ്തുക്കളുടെ വില മറ്റ് ചരക്കുകളേക്കാൾ വേഗത്തിലാണ് വർധിക്കുന്നത്.

ഈ സാഹചര്യത്തെ മറികടക്കാനുള്ള നയങ്ങളുടെ അഭാവത്തിൽ തൊഴിലാളികളുടെ വേതനം കുറയുക, കമ്പോള ചോദനത്തിൽ ഇടിവുണ്ടാകുക എന്ന പ്രവണത തുടരും. ഈ അവസ്ഥ ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിലേക്ക് നയിക്കപ്പെടും. പുതിയ തൊഴിൽസാധ്യതകൾ ഇല്ലാതാകും. സാമ്പത്തിക അസമത്വം വർധിക്കാനും സാമൂഹ്യ സംഘർഷങ്ങൾ ഉടലെടുക്കാനും സാധ്യത കൂടുതലാണ്.

ഈ സാഹചര്യത്തിൽ സാമൂഹ്യ നീതിയേക്കുറിച്ചുള്ള ബോധം ജനങ്ങളിൽ ഉയർന്നുവരാൻ വേണ്ട പ്രവർത്തനം നടത്തണമെന്നാണ് ഐഎൽഒ പറയുന്നത്. 'വളർച്ചയുടെ ന്യായമായ പങ്ക് എല്ലാവർക്കും ലഭ്യമാക്കണം' എന്നാണ് ഐഎൽഒ ഭരണഘടന അനുശാസിക്കുന്നത്. മുതലാളിത്തം ഇതൊന്നും മാനിക്കുന്നില്ല. പരമാവധി ലാഭം നേടുക എന്നത് മാത്രമാണ് അവരുടെ ലക്ഷ്യം.

ഐഎൽഒയുടെ 'ഗ്ലോബൽ വേജ് റിപ്പോർട്ട് 2022-23' പറയുന്നത് കഴിഞ്ഞ മൂന്നുവർഷക്കാലം ലോകത്താകെ തൊഴിലാളി കുടുംബങ്ങളുടെ വരുമാനവും വാങ്ങൽകഴിവും കുറഞ്ഞുവെന്നാണ്. 2020-21 വർഷങ്ങളിൽ കോവിഡായിരുന്നു ഈ അവസ്ഥക്ക് കാരണമെങ്കിൽ 2022-ൽ പണപ്പെരുപ്പ നിരക്കിന്റെ വർധനവാണ് വേതനം കുറയാനും ജനങ്ങളുടെ വാങ്ങൽ കഴിവ് ഇടിയാനും കാരണം. തൊഴിലാളികളുടെ വേതനം കുറയുന്ന പ്രവണത തുടരാനാണ് സാധ്യത. ഈ ലോക സാഹചര്യത്തിൽ ആഗോള സാമ്പത്തിക വളർച്ച 2022-ൽ 3.2 ശതമാനമായിരിക്കുമെന്നാണ് പ്രവചനം. നേരത്തേ 3.6 ശതമാനം വളർച്ച നേടുമെന്നാണ് കണക്കുകൂട്ടിയിരുന്നത്. 2023-ൽ വളർച്ചയിൽ 2 ശതമാനത്തിൽ കൂടുതൽ ഇടിവുണ്ടാകുമെന്നും ഐഎംഎഫ് പ്രവചിക്കുന്നു. 2023 സാമ്പത്തിക

തകർച്ചയുടെ വർഷമായിരിക്കും. കോവിഡിന് ശേഷമുള്ള വർഷങ്ങളിൽ ലോകത്ത് തൊഴിൽ ചെയ്യുന്നവരുടെ എണ്ണത്തിൽ വലിയ കുറവുണ്ടായി.

2022 അവസാനത്തിൽ പണപ്പെരുപ്പ നിരക്ക് ആഗോളതലത്തിൽ 8.8 ശതമാനമാകുമെന്നാണ് ഐഎംഎഫിന്റെ വിലയിരുത്തൽ. ഈ സ്ഥിതി തൊഴിലാളികളുടെ ജീവിത നിലവാരം ഇടിയാൻ ഇടയാക്കി. ലോകാടിസ്ഥാനത്തിൽ തൊഴിലാളികളുടെ യഥാർഥ വേതനത്തിൽ പണപ്പെരുപ്പം കാരണം 2022 ആദ്യ പകുതിയിൽ 0.9 ശതമാനം കുറവുണ്ടായി. ചൈനയിൽ മാത്രമാണ് തൊഴിലാളികളുടെ വേതനത്തിൽ വർധനവുണ്ടായത്. ചൈനയിലെ വേതനനിരക്ക് മാറ്റിവച്ചാണ് ലോകാടിസ്ഥാനത്തിലുള്ള വേതനത്തിലെ പ്രവണതകൾ പരിശോധിച്ച് ഐഎൽഒ റിപ്പോർട്ട് തയ്യാറാക്കിയത്. ജി 20 രാജ്യങ്ങളിൽ (ഇന്ത്യ ഉൾപ്പെടെ) തൊഴിലാളികളുടെ വേതനം ഇടിഞ്ഞത് 1.4 ശതമാനമാണ്. ലോകത്തിലെ ആകെ തൊഴിലാളികളുടെ 60 ശതമാനം ജി 20 രാജ്യങ്ങളിലാണ്. ഈ കാലത്ത് വികസിത രാജ്യങ്ങളിലെ വേതനത്തിൽ ഉണ്ടായ കുറവ് 2.2 ശതമാനമാണ്.

ജി 20 രാജ്യങ്ങളിൽ ഉയർന്ന വേതന വർധനവ് ചൈനയിലായിരുന്നു. 2008-ലെ യഥാർഥ വേതനത്തിന്റെ 2.6 മടങ്ങ് ഉയർന്നതായിരുന്നു 2022-ലെ യഥാർഥ മാസവരുമാനം. അതേസമയം ഇറ്റലി, ജപ്പാൻ, മെക്സിക്കോ, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ 2008-ലെ വേതനത്തേക്കാൾ കുറവായിരുന്നു 2022-ലെ വേതനം. ലോകത്തിലെ വികസിത രാജ്യങ്ങളിൽ ഉൽപ്പാദന ക്ഷമതാ വർധനവിനേക്കാൾ കുറവായിരുന്നു വേതനനിരക്കിലെ വർധനവ്. 2000 മുതൽ ഈ പ്രവണത മാറ്റമില്ലാതെ തുടരുന്നു.

ആഗോളതലത്തിൽ സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് കൂടാൻ കാരണം മേൽപ്പറഞ്ഞ സാഹചര്യങ്ങളാണ്. ലോക ജനസംഖ്യയിലെ മുകൾത്തട്ടിലുള്ള ഒരു ശതമാനം വൻകുത്തകകളാണ് ലോക സമ്പത്തിന്റെ ഗണ്യമായ ഭാഗം കയ്യടക്കിയിരിക്കുന്നത്. കോവിഡ് മഹാമാരിക്കാലത്ത് ലോകത്തെ മഹാഭൂരിപക്ഷം ജനങ്ങളും ദുരിതത്തിലായപ്പോൾ പത്ത് അതിസമ്പന്നർ അവരുടെ സമ്പത്ത് ഇരട്ടിപ്പിച്ചു. ലോകത്തിലെ ഏത് നഗരത്തിൽ ചെന്നാലും പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന ഇടങ്ങൾ കാണാം. ബെസ്റ്റി, ചേരി തുടങ്ങിയ പേരുകളിലാണ് അറിയപ്പെടുക. നമ്മുടെ കാലത്തെ സാങ്കേതികവിദ്യയും സമ്പത്തും ഉപയോഗിച്ചാൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളാണിത്. എന്നാൽ സമ്പത്തിന്റെ ഭൂരിഭാഗവും ഒരു ചെറിയ വിഭാഗം സമ്പന്നരുടെ കയ്യിൽ കേന്ദ്രീകരിക്കാൻ അവസരമൊരുക്കുന്ന മുതലാളിത്തവ്യവസ്ഥയാണ് മനുഷ്യദുരിതങ്ങൾ പരിഹരിക്കാൻ തടസം.

നവഉദാരവൽക്കരണ നയങ്ങളുടെ പരാജയം ലോകം മുഴുവൻ ചർച്ച ചെയ്യപ്പെടുന്നുണ്ട്. മനുഷ്യരാശി നേരിടുന്ന സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കാൻ മുതലാളിത്തത്തിന്റെ പുതിയ മുഖത്തിന് കഴിയില്ലെന്ന് വ്യക്തമായി. പുതിയൊരു ലോകസൃഷ്ടിക്കായുള്ള പോരാട്ടം ശക്തിപ്പെടുത്തുക മാത്രമേ പോംവഴിയുള്ളു.






# ഡിസം. 17, 18, 19
# സിഐടിയു സംസ്ഥാന സമ്മേളനത്തിൽ
# സ. എളമരം കരീം അവതരിപ്പിച്ച
# റിപ്പോർട്ടിൽ നിന്ന്

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്



## സാർവദേശീയം • ദേശീയം • കേരളം • ഭാവിപ്രവർത്തനങ്ങൾ

# സാർവ്വദേശീയ സ്ഥിതികൾ

ലോകസമ്പത്ത് കൈവശപ്പെടുത്താൻ സാമ്രാജ്യത്വം കാണിക്കുന്ന ദുർമോഹങ്ങളും ആഗോളവൽക്കരണ നവലിബറൽ സാമ്പത്തിക നയങ്ങളും വരുത്തിവെച്ച കുഴപ്പത്തിൽ നിന്നും, 2018 ലെ മാന്ദ്യത്തിൽ നിന്നും പൂർണമായും കരകയറുന്നതിന് മുമ്പ് വന്നു ചേർന്ന കോവിഡ് മഹാമാരി ലോകത്തെമ്പാടുമുള്ള സാധാരണക്കാരന്റെ നിത്യജീവിതം അസഹനീയമാം വിധം ദു:സഹമാക്കി. 50 ലക്ഷത്തിൽ അധികം പേർക്കാണ് ജീവൻ നഷ്ടപ്പെട്ടതെന്ന് ഐഎംഎഫ് തന്നെ കണക്കാക്കി. ജനങ്ങളുടെ ആരോഗ്യസുരക്ഷ പരിരക്ഷിച്ചെടുക്കുന്നതിൽ മുതലാളിത്തം പരാജയമാണെന്ന് തെളിയിക്കപ്പെട്ടു. അതിദരിദ്രരുടെ എണ്ണം 689 ലക്ഷമായി വർദ്ധിച്ചു. ജനങ്ങൾക്ക് സുരക്ഷിതമായ ജീവിതം മുതലാളിത്തത്തിൽ സാധ്യമല്ലെന്ന് തുറന്നുകാട്ടപ്പെട്ടു. മഹാമാരിയുടെ അവസരം പോലും കോർപറേറ്റ് താല്പര്യത്തിന് വിട്ടുകൊടുക്കുകയാണ് മുതലാളിത്ത രാജ്യങ്ങൾ ചെയ്തത്. മനുഷ്യമോചനത്തിന്റെ മാർഗ്ഗം സോഷ്യലിസം മാത്രമാണെന്ന് സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ പ്രവർത്തനത്തിലൂടെ കൂടുതൽ വ്യക്തമാക്കപ്പെട്ടു.

മുതലാളിത്ത പ്രതിസന്ധിയുടെ രൂക്ഷത അനുദിനം വർദ്ധിച്ചുവരികയാണ്. സാമ്പത്തിക തകർച്ച, മാന്ദ്യം എന്നിവ തുടരുന്നതിന്റെ ഭാഗമായി ജനജീവിതം കൂടുതൽ ദു:സഹമാവുകയാണ്. ആഗോള ജിഡിപി, കടം അനുപാതം 300 ശതമാനത്തിലപ്പുറമായി. പല രാജ്യങ്ങളും കടക്കെണിയിലായി. 54 രാജ്യങ്ങൾ അപകടനിലയിലാണെന്നാണ് ഐഎംഎഫ് തന്നെ പറയുന്നത്. അമേരിക്കയിലെ 727 കോർപറേറ്റ് ധനവാൻമാരുടെ




സമ്പത്ത് 70 ശതമാനമാണ് വർധിച്ചത്. കോവിഡ് മഹാമാരിയുടെ ദുരന്തഫലങ്ങൾ നന്നേ ഏറ്റുവാങ്ങിയ രാജ്യമാണ് അമേരിക്ക. മഹാമാരിയും, ഉക്രൈൻയുദ്ധവും ലാഭം കൊയ്യാനുള്ള അവസരമാക്കുകയാണ് യു.എസ്. കോർപറേറ്റുകൾ.

പ്രതിസന്ധികളിൽപ്പെട്ട് ഉഴലുന്ന മുതലാളിത്തം പൗരന്റെ അടിസ്ഥാന അവകാശങ്ങൾക്കും, ജീവിതാവശ്യങ്ങൾക്കും മേൽ കടന്നാക്രമണം അഴിച്ചുവിടുകയാണ്. സങ്കുചിത ദേശീയതയും, പ്രാദേശിക വാദങ്ങളും, മതജാതി, ഭാഷ വികാരങ്ങളും ഇളക്കിവിട്ട് അദ്ധ്വാനിക്കുന്നവൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കുകയാണ്. ഇന്ത്യയടക്കമുള്ള എല്ലാ മുതലാളിത്ത രാജ്യങ്ങളും ചെയ്യുന്നത് ഇതുതന്നെയാണ്.

സാമ്രാജ്യത്വ അധിനിവേശ ശ്രമങ്ങൾ പണ്ടേപോലെ ഫലിക്കുന്നില്ല എന്ന് കാണാം. അധിനിവേശത്തിനെതിരെ ജനകീയ പ്രതിരോധ പ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നുണ്ട്. പല രാജ്യങ്ങളിലും ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ ഭരണമാറ്റത്തിനുതന്നെ വഴിതെളിയിച്ചു. ലാറ്റിനമേരിക്കയിൽ വരുന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്.

നവഉദാരവൽക്കരണ നയങ്ങളും, കോവിഡ് മഹാമാരിയും, റഷ്യൻഉക്രൈൻ യുദ്ധവും എല്ലാം ചേർന്ന് സൃഷ്ടിച്ച രൂക്ഷമായ പ്രതിസന്ധി അസമത്വത്തെ പാരമ്യത്തിലെത്തിച്ചു. ജീവിതപ്രയാസങ്ങൾക്കെതിരെ ജനങ്ങൾ നടത്തുന്ന പ്രക്ഷോഭ സമരത്തെ അടിച്ചമർത്തുകയും, കരിനിയമങ്ങൾ നടപ്പിലാക്കുകയുമാണ്. പല രാജ്യങ്ങളിലും തീവ്ര വലതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ രൂപപ്പെടുകയും അധികാരത്തിലെത്തുകയുമാണ്.

ഐ.എൽ.ഒ. യുടെ വേതന റിപ്പോർട്ട്202021 ചൂണ്ടിക്കാണിക്കുന്നത്. 320 ദശലക്ഷം പണിയെടുക്കുന്നവർക്ക് (ഇതിൽ 152 ദശലക്ഷവും സ്ത്രീകളാണ്) നിർദ്ദിഷ്ട മിനിമം വേതനം പോലും ലഭിക്കുന്നില്ല. ദുസ്സഹമായ ജീവിതത്തിലേക്ക് ജനവിഭാഗം തള്ളപ്പെടുപ്പോൾ വലതുവത്കരണ നയങ്ങൾ ശക്തിപ്പെടുത്തി കൂടുതൽ ഏകാധിപത്യ പ്രവണതയിലേക്കു പല രാജ്യങ്ങളും നീങ്ങുകയാണ്.

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

## ഡബ്ല്യുഎഫ്ടിയു

മാനവരാശിയുടെ മേൽ സാമ്രാജ്യത്വം അടിച്ചേൽപിക്കുന്ന അധിനിവേശ ത്തിന്റെയും, അക്രമാത്സുകമായ യുദ്ധശ്രമങ്ങൾ ശക്തിപ്പെട്ടു വരുന്നതിന്റെയും പശ്ചാത്തലത്തിലാണ് WFTU വിന്റെ 18ാമത് കോൺഫറൻസ് 2022 മെയ് 6,7,8 തീയ്യതികളിൽ റോമിൽ വെച്ച് നടന്നത്. ശ്രദ്ധേയവും, പ്രതീക്ഷ നൽകുന്നതുമായ ചർച്ചകളും തീരുമാനങ്ങളുമാണ് സമ്മേളനത്തിലുണ്ടായത്. തൊഴിലാളികളുടെ യും, പെൻഷൻകാരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക, സംഘടനാ സ്വാതന്ത്ര്യവും ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കുക വിവേചനങ്ങളും വർഗ്ഗീയതയും തുടച്ചുനീക്കുക, പരിസ്ഥിതിയെ സംരക്ഷിക്കുക, തൊഴിലാളിവർഗ്ഗ ഐക്യം കെട്ടിപ്പടുക്കുക, തുടങ്ങിയ ചുമതലകൾ ഏറ്റെടുക്കുന്നതിനോടൊപ്പം അന്തസ്സുള്ള ജീവിതം അവകാശമാണെന്ന് പ്രഖ്യാപിച്ച് സർവ്വദേശീയ കൂട്ടായ്മ വളർ ത്തിയെടുക്കാനും WFTU ആഹ്വാനം ചെയ്തു. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ 2022 സെപ്റ്റംബർ 1 സമാധാനത്തിനുള്ള അന്താരാഷ്ട്ര കർമ്മ ദിനമായി ആചരിക്കു കയും ചെയ്തു.

## പരിസ്ഥിതി പ്രശ്നം

സിഐടിയുവിന്റെ കഴിഞ്ഞ സമ്മേളനം ഗൗരവതരമായി ചൂണ്ടിക്കാട്ടിയതാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ. ആഗോളതാപനവും, വന നശീകരണവും മൂലം ഭൗമാവസ്ഥ അട്ടിമറിക്കപ്പെടുകയാണ്. കാലാവസ്ഥയിൽ വലിയ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. അസമയത്തുള്ള മഴ, വേനൽ ചൂട് താങ്ങാൻ കഴിയാത്ത അവസ്ഥയിലാക്കുന്നു. ഉത്തരാർദ്ധഗോളത്തിൽ ഹിമക്കുന്നുകൾ ഉരുകി നദിക ളിൽ വെള്ളം പൊങ്ങുന്നു. ട്രില്യൻ കണക്ക് ഡോളറാണ് കാലാവസ്ഥ വ്യതിയാനം മൂലം സമ്പദ്ഘടനക്ക് നഷ്ടമാകുന്നത്.



സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

# ദേശീയ സംഭവവികാസങ്ങൾ

നവലിബറൽ നയങ്ങൾ ശക്തമായി നടപ്പിലാക്കുന്ന മോദിസർക്കാർ കോർപറേറ്റുകളുടെ വിശ്വസ്ത തോഴനായി സമ്പത്താകെ അവർക്ക് ഏല്പിച്ചുകൊടുക്കുന്ന തിരക്കിലാണ്. തീവ്രഹിന്ദുത്വ വികാരം ഇളക്കിവിട്ട് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാനും, ഭിന്നിപ്പിക്കാനുമാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വരുമ്പോൾ പെട്രോളിന്റെയും, ഡീസലിന്റെയും എക്സൈസ് തീരുവ ലിറ്ററിന് യഥാക്രമം 9.48 രൂപയും, 3.56 രൂപയും ആയിരുന്നത് ഇപ്പോൾ 32.90 രൂപയും, 31.80 രൂപയുമായി ബിജെപി സർക്കാർ വർദ്ധിപ്പിച്ചു. തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. ജിഡിപി വളർച്ചാനിരക്ക് കുറഞ്ഞുവരുന്നു. “വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക്” റിപ്പോർട്ട് പ്രകാരം ജിഡിപി 6.8 ശതമാനത്തിലേക്ക് ചുരുങ്ങുമെന്നാണ് വിലയിരുത്തപ്പെട്ടിരിക്കുന്നത്.

തന്ത്രപരമായ വില്പന, ഡിസ്ഇൻവെസ്റ്റ്മെന്റ് എന്നീ പേരുകളിൽ പൊതുമേഖലാ സ്ഥാപനങ്ങളും, സാമ്പത്തിക സേവന മേഖലകളും വിൽക്കുകയാണ്. പൊതു ആസ്തികളാകെ നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ പദ്ധതിയിലൂടെ (NMP)യും, ഭൂമി നാഷണൽ മോണിറ്റൈസേഷൻ കോർപറേഷനിലൂടെയും കൈമാറുകയാണ്. ബാങ്കുകളിൽ നിന്ന് കോർപറേറ്റുകൾ കടമെടുത്ത് തിരിച്ചടക്കാതെ കിട്ടാക്കടമാക്കിയ തുകകൾ ഇൻസോൾവൻസി& ബാങ്ക് റെപ്റ്റ്സി (IBC) പദ്ധതിയിലൂടെ എഴുതിത്തള്ളുന്നു. 11 ലക്ഷം കോടിയുടെ ഇളവാണ് കേന്ദ്രസർക്കാർ കോർപറേറ്റുകൾക്ക് നൽകിയത്.

## സമ്പദ്ഘടന

നമ്മുടെ കടബാദ്ധ്യത വൻതോതിൽ വർദ്ധിക്കുന്നു. 1991 നെക്കാൾ 8 ഇരട്ടി വർദ്ധിച്ച്, 620.7 ബില്യൺ ഡോളറായിരിക്കുന്നു. കേന്ദ്രസംസ്ഥാനങ്ങളുടെ മൊത്തം കടം ജിഡിപിയുടെ 90 ശതമാനമായി. അനുവദനീയമായ പൊതുകടം ജിഡിപിയുടെ 70 ശതമാനമായി. ഇത് റവന്യൂ വരുമാനത്തിന്റെ





40 ശതമാനമാണ്. ഇന്ത്യയുടെ ഇന്നത്തെ സാമ്പത്തിക അവസ്ഥയെക്കുറിച്ച് സാമ്രാജ്യത്വത്തെ പിന്തുണക്കുന്ന ധനകാര്യ ഏജൻസികൾ തന്നെ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.

യഥാർത്ഥ കൂലി ഇടിഞ്ഞുവരുന്നു. ആളോഹരി പ്രതിവർഷ ഭക്ഷ്യധാന്യ ലഭ്യതയിൽ കുറവുവരുന്നു. 1989 ൽ 180.2 Kg എന്നത് ഇപ്പോൾ 165 Kg ക്ക് താഴെ ആണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. 20 കോടിയിൽ അധികം പേരാണ് 2021 ൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ പട്ടികയിൽ അധികമായത്. ആഗോള പട്ടിണിയുടെ സൂചികയിൽ ഇന്ത്യ 121 രാജ്യങ്ങളിൽ 107-ാം സ്ഥാനത്താണ്. അതേസമയം സമ്പത്തിന്റെ കേന്ദ്രീകരണവും കാണാവുന്നതാണ്. ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനത്തിന്റെ 57 ശതമാനവും സമ്പന്നരായ 10 ശതമാനം പേരുടെ കയ്യിലാണ്. അടിത്തട്ടിലുള്ള 50 ശതമാനം പേർക്ക് വരുമാനത്തിന്റെ വെറും 6 ശതമാനം മാത്രം പങ്ക് ആണ് ലഭിക്കുന്നത്. 2019 ൽ ശതകോടീശ്വരന്മാരുടെ എണ്ണം 102 ആയിരുന്നത് 2020ൽ 142 ആയി വർദ്ധിച്ചു. ബിജെപി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആഗോള തലത്തിൽ ഇന്ത്യയുടെ റാങ്കിംഗ് ഇടിഞ്ഞുവരികയാണെന്ന് താഴെ പറയുന്ന പട്ടിക പരിശോധിച്ചാൽ കാണാവുന്നതാണ്.




2019 ൽ തൊഴിൽ രാഹിത്യ ശതമാനം 5 ശതമാനമായിരുന്നത് 2022 ൽ 8.1 ശതമാനമായി. 15 വയസ്സിനും 24 വയസ്സിനും ഇടയിൽ തൊഴിൽരഹിതരുടെ ശതമാനം 28.96 ആണ്. 1991 ൽ തൊഴിൽ ശക്തിയുടെ പങ്കാളിത്ത ശതമാനം 58 ആയിരുന്നത് 2021 ൽ 40 ശതമാനമായി കുറഞ്ഞു.

2 കോടി തൊഴിലവസരം ഓരോ വർഷവും സൃഷ്ടിക്കും എന്ന വാഗ്ദാനമായിരുന്നു മോദി നൽകിയിരുന്നത്. ഇപ്പോൾ 10 ലക്ഷം എന്നാണ്.

NSSO റിപ്പോർട്ട് പ്രകാരം കൃഷിയിൽ കൂടി ഇന്ത്യൻ കർഷകന്റെ ശരാശരി നിത്യവരുമാനം 27 രൂപ മാത്രമാണ്. ഇന്ത്യയിലെ കൃഷിക്കാരിൽ 85 ശതമാനവും ചെറുകിട നാമമാത്ര കൃഷിക്കാരാണ്. ഇന്ത്യയുടെ തൊഴിൽ ശക്തിയുടെ 50 ശതമാനവും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടാണ്. കാർഷികഅനുബന്ധ മേഖലയുടെ ജിഡിപി അനുപാതം 18.2 ശതമാനമാണ്.

ഹിന്ദുത്വ മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ഏത് വിഷയത്തെയും വർഗ്ഗീയവൽക്കരിച്ച് ജനങ്ങളുടെ ഇടയിൽ ഭിന്നത സൃഷ്ടിക്കുക എന്നത് തീവ്രമായി നടപ്പിലാക്കുകയാണ് ബിജെപി സർക്കാർ. ന്യൂനപക്ഷത്തെ ശത്രുക്കളും, രാജ്യദ്രോഹികളുമായി ചിത്രീകരിച്ച് ഹിന്ദുത്വ അജണ്ട നടപ്പിലാക്കാൻ വ്യാപകമായ പ്രചരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അമ്പല പരിസരത്ത് മുസ്ലീങ്ങളുടെ കച്ചവടം പാടില്ല, ഹിജാബ് ധരിക്കൽ, ഹിന്ദു ഉത്സവവേളകളിൽ മാംസ ഭക്ഷണം നിരോധിക്കണം തുടങ്ങിയ പ്രചരണങ്ങളെല്ലാം ജനങ്ങളെ ഭിന്നിപ്പിക്കലാണ്.



## കേരളം

എല്ലാവിധ കുൽസിത ശ്രമങ്ങളെയും കള്ളപ്രചാര വേലകളെയും അതിജീവിച്ച് രണ്ടാം പിണറായി സർക്കാർ 2021 മെയ് 20ന് അധികാരത്തിൽ വന്നു.കേരളചരിത്രത്തിൽ ആദ്യമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തുടർഭരണം ലഭിച്ചു. 2016-ൽ അധികാരത്തിൽ വന്നപ്പോൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളെല്ലാം നടപ്പിലാക്കുകയും പ്രതിസന്ധിഘട്ടങ്ങളിൽ, ചരിത്രത്തിൽ കേരളം നേരിടേണ്ടി വന്ന കടുത്ത വിഷമപ്രശ്നങ്ങളിൽ, 2017-ൽ നിപ വൈറസ്, 2018-ൽ മഹാപ്രളയം, 2019-ൽ വീണ്ടും പ്രളയം, മറ്റു പ്രകൃതി ദുരന്തങ്ങൾ, 2020-ൽ കോവിഡ് മഹാമാരിജനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച് നേരിടുകയും, വിഷമമനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തത് വിസ്മരിക്കാറായിട്ടില്ല. ഈ അവസരങ്ങളിലെല്ലാം കേരളത്തിലെ പ്രതിപക്ഷം ചെയ്തത് മുഖ്യമന്ത്രി പിണറായി വിജയനെ ഒറ്റതിരിഞ്ഞാക്രമിക്കാനും സർക്കാരിനെതിരെ അപവാദപ്രചാരണങ്ങൾ നടത്താനുമാണ്. വടക്കേ ഇന്ത്യയിൽ റെയിൽപാളത്തിൽ കിടന്നുറങ്ങുകയായിരുന്ന കുടിയേറ്റ തൊഴിലാളികൾ തീവണ്ടി കയറിയും, പട്ടിണി കിടന്നും മരിച്ചത് കേരളത്തിലെ പ്രതിപക്ഷത്തിന് പ്രശ്നമായിരുന്നില്ല. മറിച്ച്  കുടിയേറ്റതൊഴിലാളികളെല്ലാം സംരക്ഷിച്ച പിണറായി സർക്കാരിനെയായിരുന്നു അവർ പഴിച്ചത്. ശബരിമല സ്ത്രീ പ്രവേശനവിഷയം തെറ്റായ രീതിയിൽ പ്രചരിപ്പിച്ചു. കേന്ദ്രത്തിൽ രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ സർക്കാർ വരും എന്നുള്ള പ്രചാരവേല നടത്തി  ന്യൂനപക്ഷങ്ങളെ വ്യാമോഹിപ്പിച്ചു. 2019 പാർലമെന്റ് തിരഞ്ഞെടുപ്പിൽ NDA വലിയ മുന്നേറ്റമുണ്ടാക്കി. എന്നാൽ 2020 സപ്തംബർ മാസം നടന്ന തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം വൻവിജയം കൈവരിച്ചു. 941 ഗ്രാമപഞ്ചായത്തുകളിൽ 551ലും, 152ബ്ളോക് പഞ്ചായത്തുകളിൽ 108ലും, 14 ജില്ലാ പഞ്ചായത്തുകളിൽ 12ലും, 86 മുനിസിപ്പാലിറ്റികളിൽ 40ലും, 6കോർപറേഷനുകളിൽ 5ലും ഇടതുമുന്നണി വിജയിച്ചു. വ്യക്തിഹത്യയും വിഷലിപ്തമായ പ്രചാരണങ്ങളും, മാധ്യമ അപവാദങ്ങളും കേന്ദ്ര ഏജൻസികളുടെ വിളയാട്ടങ്ങളും സകല പിന്തിരിപ്പൻ ശക്തികളും ഒത്തുചേർന്നിട്ടും, 2021 നിയമസഭാ തിരഞ്ഞെടുപ്പിൽ 99 സീറ്റ് നേടി ഇടതുപക്ഷം ഉജ്ജ്വല വിജയം കൈവരിച്ചു. ബിജെപിക്ക് ഒരു സീറ്റുപോലും നൽകാത്ത സംസ്ഥാനമായി കേരളം മാറി. കേരളത്തിന്റെ ഈ വിജയം ഇടതുപക്ഷ പുരോഗമനപ്രസ്ഥാനങ്ങൾക്കാകെ ആവേശം പകർന്നു. അതോടൊപ്പം കേന്ദ്രത്തിന്റെ കണ്ണിലെ കരടായി കേരളം.

പഴയ വിമോചനസമരം സ്വപ്നം കാണുന്നവരും മറ്റാർക്കോ വേണ്ടി അക്രമസമരം നടത്തുന്നവരും ഒറ്റപ്പെടുന്ന സ്ഥിതിയായി. നിരുപാധികം സമരം പിൻവലിച്ച് പോകേണ്ടിവന്നു. ബദൽനയങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടും മതനിരപേക്ഷ സംസ്കാരം സംരക്ഷിച്ചുകൊണ്ടും നവകേരള സൃഷ്ടിക്കായി മുന്നോട്ടുപോകുന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ അസ്ഥിരീകരിക്കാനുള്ള എല്ലാ നീക്കങ്ങളും ചെറുത്തു തോൽപ്പിക്കാനും ഇടതുപക്ഷ സർക്കാരിനെ സംരക്ഷിക്കാനുമുള്ള ബാധ്യത ഏറ്റെടുക്കാനും മുഴുവൻ തൊഴിലാളികളും രംഗത്തിറങ്ങണം.




# ഭാവി പ്രവർത്തനങ്ങൾ

- സിഐടിയു അംഗസംഖ്യ അടുത്ത സമ്മേളനമാവുമ്പോഴക്കും ( 3 വർഷത്തിനുള്ളിൽ) 35 ലക്ഷമായി വർദ്ധിപ്പിക്കും.
- സിഐടിയു സന്ദേശം വരിക്കാരുടെ എണ്ണം 10 ലക്ഷമാകും.
- ദേശാഭിമാനി പത്രത്തിന് 5 ലക്ഷം വാർഷിക വരിക്കാരെ ചേർക്കാനായി പ്രവർത്തിക്കുക.
- തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്ര പഠനത്തിന് പ്രത്യേക പരിപാടി, ജില്ലകളിലും, ട്രേഡ് യൂണിയനുകളിലും ക്ലാസെടുക്കാൻ കഴിയുന്ന അദ്ധ്യാപകരെ പരിശീലിപ്പിക്കലും.
- സിഐടിയു സംഘടനാതത്വമനുസരിച്ച് എല്ലാ ട്രേഡ് യൂണിയനുകളും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തും.

  പഞ്ചായത്ത്/മുനിസിപ്പൽ ഏരിയ/ കോർപറേഷൻ ഏരിയാ കോഓർഡിനേഷൻ കമ്മിറ്റികളെ സജീവമാക്കും, തൊഴിലാളികൾക്കിടയിൽ നല്ല നിലയിൽ രാഷ്ട്രീയ പ്രചരണം സംഘടിപ്പിക്കും.
- മോട്ടോർ മേഖല, നിർമാണം, മത്സ്യം, ഷോപ്പ്, ഗാർഹിക തൊഴിൽ, ചെറുകിട വ്യവസായങ്ങൾ, ഐടി അധിഷ്ടിത സേവന മേഖലകൾ, പുതുതലമുറ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽ പുതിയ മെമ്പർമാരെ ചേർക്കാൻ ബന്ധപ്പെട്ട യൂണിയനുകൾ പരിപാടി തയ്യാറാക്കും.
- പുതിയ തലമുറയിൽപെട്ട തൊഴിൽവ്യവസായ മേഖലയിൽ പ്രവർത്തിക്കാൻ അനുയോജ്യരായ പ്രവർത്തകരെ കണ്ടെത്തുകയും പരിശീലിപ്പിക്കുകയും ചെയ്യും.
- സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളെ നവീകരിക്കാനും, സംരക്ഷികാനുമുതകുന്ന നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ഈ ചുമതല നിർവഹിക്കാൻ കഴിയും വിധം ബാലാനന്ദൻ പഠനകേന്ദ്രം സജ്ജമാക്കും.

  തൊഴിലാളി ക്ഷേമപദ്ധതികളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്തും. സംസ്ഥാനത്ത് 20 തൊഴിലാളി ക്ഷേമപദ്ധതികൾ നിലവിലുണ്ട്. ആകെ 68,52,321 ആണ് അംഗസംഖ്യ
- തൊഴിലാളി മേഖലയിലെ പെൻഷനേഴ്സ് സംഘടനകളുടെ പ്രവർത്തനത്തിലും പി.എഫ്. പെൻഷനേഴ്സ് സംഘടനയുടെ പ്രവർത്തനത്തിലും സജീവമായി ഇടപെടും.
- മഹാത്മാഗാന്ധിയുടെ രക്തസാക്ഷിദിനമായ ജനുവരി 30 മുതൽ രണ്ടാഴ്ചക്കാലം വർഗീയതക്കെതിരെ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കും.
- എൽഡിഎഫ് സർക്കാരിനെ അട്ടിമറിക്കാനുള്ള നീക്കങ്ങൾക്കെതിരെ ജാഗ്രത പുലർത്തുകയും, സർക്കാരിന്റെ വികസന പദ്ധതികൾക്ക് നല്ല പ്രചരണം നൽകുകയും ചെയ്യും.
- പാർലമെന്റിൽ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ശബ്ദമുയർത്താനും, മതനിരപേക്ഷ ഭാരതത്തിന്റെ നിലനില്പിനും, 2024 ൽ നടക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഇടത്പക്ഷ ജനാധിപത്യ മുന്നണിക്ക് വൻ വിജയമുണ്ടാക്കാൻ തൊഴിലാളികളെ മുഴുവൻ രംഗത്തിറക്കും.
- വർഗ്ഗീയതക്കെതിരെ പഠനക്ലാസുകൾ സംസ്ഥാന-ജില്ലാ തലങ്ങളിലും യൂണിയൻ അടിസ്ഥാനത്തിലും സംഘടിപ്പിക്കും.
- തൊഴിലാളികളിൽ ശാസ്ത്രബോധം വളർത്താൻ ശ്രമിക്കും.
- സോഷ്യൽമീഡിയ വഴിയുള്ള പ്രചരണം ശക്തിപ്പെടുത്തും.
- സാംസ്കാരിക മേഖലയിൽ നന്നായി ഇടപെടും. ബൂർഷ്വാ സംസ്കാരം ജനങ്ങൾക്കിടയിൽ വൻതോതിൽ സ്വാധീനം നേടുന്നുണ്ട് എന്ന വിപത്ത് കണക്കിലെടുത്ത്, തൊഴിലാളികൾക്കിടയിലും, കുടുംബാംഗങ്ങൾക്കിടയിലും തൊഴിലാളിവർഗ സംസ്കാരം പ്രചരിപ്പിക്കും.

# ശത്രു ആരെന്ന് ജനങ്ങളറിയണം: തപൻസെൻ



സങ്കീർണ സാഹചര്യത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. ചൂഷണത്തിന്റെ രീതി മാറി. കോർപറേറ്റുകൾക്കുവേണ്ടിയുള്ള നയരൂപീകരണമാണ് രാജ്യത്ത് നടക്കുന്നത്. നിക്ഷേപമിറക്കാതെ ലാഭം കൊയ്യാനാകുന്ന സ്ഥിതി സംജാതമായി. കോർപറേറ്റുകളുടെ പത്തുലക്ഷം കോടി രൂപയുടെ കടബാധ്യത എഴുതിത്തള്ളിയെന്ന് ലജ്ജയില്ലാതെയാണ് കേന്ദ്രമന്ത്രി നിർമല സീതാരാമൻ പറയുന്നത്. ഇത് ആരുടെ പണമാണ് എന്നചോദ്യമാണ് രാജ്യത്തെ തൊഴിലാളി വർഗം ഉയർത്തുന്നത്.

ആഗോളവൽക്കരണ നയങ്ങൾ തൊഴിലാളി വിരുദ്ധമെന്നതുപോലെ ദേശവിരുദ്ധവുമാണ് എന്ന മുദ്രാവാക്യമാണ് തൊഴിലാളിവർഗം ഉയർത്തുന്നത്. ഇത് സമരത്തിന് രാഷ്ട്രീയ ഉള്ളടക്കം നൽകി. അതിനെ തീവ്രമായി മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്.

ശത്രു ആര് എന്ന് തൊഴിലാളി വർഗത്തെ ബോധ്യപ്പെടുത്തുക പ്രധാന കടമയാണ്. യഥാർഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധതിരിക്കാൻ കേന്ദ്ര സർക്കാർ തെറ്റായ പ്രചാരണം നടത്തുകയാണ്. വർഗീയതയുടെയും വിഭജനത്തിന്റെയും രാഷ്ട്രീയമാണ് അതിനവർ ഉയർത്തുന്നത്. മാനവ വിഭവശേഷി സൂചികയിൽ ഏറ്റവും പിറകിൽ നിൽക്കുന്ന ഗുജറാത്തിൽ ബിജെപി വീണ്ടും അധികാരത്തിൽ തിരിച്ചെത്തി. കാരണം തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളല്ല ചർച്ചചെയ്യപ്പെട്ടത്. ദളിതരും ആദിവാസികളും ന്യൂനപക്ഷങ്ങളും ഉൾപ്പെടെയുള്ളവരെ തെറ്റിദ്ധരിപ്പിക്കാനായി. ശത്രുവിനെ തിരിച്ചറിയാനാവാത്തുകൊണ്ടാണ് ഇത് സംഭവിച്ചത്.

തൊഴിലാളിദ്രോഹ നയങ്ങളെക്കുറിച്ച് അധികാര വർഗത്തെ ബോധ്യപ്പെടുത്തുന്ന സമരരീതിയുടെ കാലം കഴിഞ്ഞു. ഇനി നേരിട്ടുള്ള സമരമാണ്. രാജ്യത്തെ വിറ്റുതുലയ്ക്കുമ്പോൾ അതിന് അനുവദിക്കില്ല എന്ന് ഉറക്കെപ്പറയാനാണ് തൊഴിലാളികൾ ശ്രമിക്കുന്നത്. പല മേഖലകളിലും അത് വിജയം കണ്ടു. പോരാട്ടം ശക്തിപ്പെടുത്തലാണ് മുന്നിലുള്ള പോംവഴി.

പാർലമെന്റിൽ തൊഴിലാളി വിരുദ്ധ നയം പാസാക്കുമ്പോൾ കോൺഗ്രസും ബിജെപിയും ഒന്നിച്ചുനിൽക്കുന്നു. ഇടതുപക്ഷവും പേരിന് ചില പ്രാദേശിക പാർടികളും മാത്രമാണ് എതിർപ്പുയർത്തുന്നത്.

കോർപറേറ്റ് ചൂഷണത്തിന് നിയമസാധുത നൽകുന്ന ജോലിയാണ് പാർലമെന്റിൽ നടക്കുന്നത്. ഇത് ക്രിമിനൽ പ്രവൃത്തിയും രാജ്യദ്രോഹവുമാണ്. അത് ജനങ്ങളെ ബോധ്യപ്പെടുത്താനാവണം.

കർഷക സമരം രാജ്യത്തെ തൊഴിലാളിവർഗത്തിന് പ്രത്യേക ഉണർവുണ്ടാക്കി. ചുരുങ്ങിയ സംസ്ഥാനങ്ങളിലെ കർഷകരാണ് പ്രത്യക്ഷ സമരരംഗത്തിറങ്ങിയതെങ്കിലും, അതിന്റെ സന്ദേശം എല്ലായിടത്തുമെത്തി. നിർണായക സമരത്തിൽ യോജിച്ച പോരാട്ടം അനിവാര്യമാണെന്ന സന്ദേശം അത് നൽകി. നിർണായക പോരാട്ടത്തിൽ ഇന്ത്യൻ തൊഴിലാളി വർഗം വിജയം വരിക്കുകതന്നെ ചെയ്യും.

# മിനിമം പെൻഷന് ശബ്ദം ഉയരണം: എ കെ പത്മനാഭൻ

രാജ്യത്ത് പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിൽ, കുറഞ്ഞ പെൻഷൻ സംബന്ധിച്ച പരിഷ്കരണം ഉടൻ നടപ്പാക്കണമെന്നതാണ് സിഐടിയു ഉയർത്തുന്ന ആവശ്യമെന്ന് പിഎഫ് പെൻഷൻ സെൻട്രൽ ബോർഡ് ട്രസ്റ്റീസ് അംഗവും സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റുമായ എ കെ പത്മനാഭൻ പറഞ്ഞു. ഉപാധികളില്ലാതെ കുറഞ്ഞ പെൻഷൻ ഒമ്പതിനായിരം രൂപയെങ്കിലും നൽകണം. സമീപഭാവിയിൽ അടിയന്തിരമായി 3000 രൂപയെങ്കിലുമാക്കണം. ദീർഘകാലത്തെ സമരത്തിന് ശേഷമാണ് കുറഞ്ഞ പെൻഷൻ ആയിരം രൂപയാക്കിയത്.



എന്നാൽ ഉപാധികൾ ഉള്ളതിനാൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഇതിലും കുറഞ്ഞ, നാമമാത്രമായ തുകയാണ് ലഭിക്കുന്നത്. സർവീസ് കാലാവധി ഉൾപ്പെടെയുള്ള ഉപാധികൾ പരിഗണിക്കാതെയാവണം കുറഞ്ഞ പെൻഷൻ എന്നതാണ് ഇക്കാര്യത്തിൽ സിഐടിയുവിന്റെ വ്യക്തമായ നിലപാട്.കുറഞ്ഞ പെൻഷൻ 2000 രൂപയെങ്കിലും നൽകണമെന്ന ശുപാർശ പരിഗണിച്ചിട്ടില്ല. പിഎഫ് പെൻഷൻ സംബന്ധിച്ച കോടതി വിധി സംബന്ധിച്ച് കേന്ദ്ര സർക്കാരോ ഇപിഎഫ് ഓർഗനൈസേഷനോ പ്രതികരിച്ചിട്ടില്ല. കോടതി വിധി ഉടൻ നടപ്പാക്കണം. 2021-22ലെ കണക്കനുസരിച്ച് 72,73,795 ഇപിഎഫ് പെൻഷൻകാരുണ്ട്. ഇതിൽ 20.44,136 പേർ മിനിമം പെൻഷനായ ആയിരമോ അതിൽ താഴേയോ മാത്രം ലഭിക്കുന്നവരാണ്. മിനിമം പെൻഷൻ വർധന കോടതിയുടെ പരിഗണനയിലുള്ള വിഷയമല്ല.കേന്ദ്രസർക്കാരാണ് ഇതിൽ തീരുമാനമെടുക്കേണ്ടത്. പെൻഷനായ തൊഴിലാളിയുടെയും ജീവിത പങ്കാളിയുടെയും പ്രാഥമിക ആവശ്യങ്ങളെങ്കിലും നിർവഹിക്കാനാകുന്ന തുകയെങ്കിലും കുറഞ്ഞ പെൻഷനായി ലഭിക്കണം. ഇത് നേടിയെടുക്കൽ പെൻഷൻകാരുടെ സംഘടനകളുടെ മാത്രം ഉത്തരവാദിത്വമല്ല, പിഎഫ് അംഗങ്ങൾ ഉൾപ്പെടെയുള്ളവർ രംഗത്തിറങ്ങണം.

# തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളും ഏറ്റെടുക്കണം : ഡോ. ഹേമലത

തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ ട്രേഡ് യൂണിയനുകൾ ഏറ്റെടുക്കണമെന്ന് സിഐടിയു ദേശീയ പ്രസിഡന്റ് ഡോ. കെ ഹേമലത. സമത്വവും തുല്യവേതനവും സിഐടിയു കാലങ്ങളായി മുന്നോട്ടുവയ്ക്കുന്ന ആവശ്യമാണ്. കൂലിയിലെ അസമത്വം, വിവേചനം, ലൈംഗികാതിക്രമം തുടങ്ങിയ സ്ത്രീകളുടെ പ്രശ്നങ്ങളിൽ കൂടുതൽ ഊന്നൽ നൽകണം. പലപ്പോഴും ഇത് വനിതാ സംഘടനകളുടെ വിഷയമായാണ് പരിഗണിക്കുന്നത്. സിഐടിയു ഇക്കാര്യം ഗൗരവമായെടുക്കുമെന്നും ഹേമലത പറഞ്ഞു.

നേതൃപദവിയിൽ കൂടുതൽ സ്ത്രീകളുണ്ടാവുക എന്നതാണ് ഇതിനുള്ള പോംവഴി. അത്തരം വിഷയങ്ങൾ ചർച്ച ചെയ്യണം. തീരുമാനങ്ങളെടുക്കുന്ന പദവികളിൽ സ്ത്രീകളുടെ എണ്ണം കൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. അത് സിഐടിയുവിന്റെ സമീപനത്തിലുൾപ്പെടെ മാറ്റങ്ങളുണ്ടാക്കും. തൊഴിലാളിവിരുദ്ധവും ജനവിരുദ്ധവുമായ കേന്ദ്രനയങ്ങളുടെ രാഷ്ട്രീയവും അതിന്റെ ഉള്ളുകള്ളികളും സംബന്ധിച്ച് സാധാരണക്കാർക്ക് അവബോധമില്ലാത്തത് പ്രതിസന്ധിയാണ്. ശത്രുവും മിത്രവും ആരെന്ന് ബോധ്യപ്പെടുത്തിയാവണം പോരാട്ടങ്ങൾക്ക് സജ്ജരാക്കേണ്ടത്.

തൊഴിലില്ലായ്മ, വിലക്കയറ്റം, തൊഴിലാളിയെ ചൂഷണം ചെയ്യുന്ന പുതിയ തൊഴിൽ നിയമങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം ജനങ്ങളിൽ വെറുപ്പും ദേഷ്യവുമുണ്ട്. എന്തുകൊണ്ടാണിത് സംഭവിക്കുന്നതെന്നോ നയങ്ങൾക്ക് പിന്നിലെ രാഷ്ട്രീയമോ അവർക്കറിയില്ല. അതിനാൽ അത്തരം ആശയങ്ങളിൽ കേന്ദ്രീകരിച്ചാണ് സിഐടിയു പ്രചാരണം ശക്തിപ്പെടുത്തുക.



കുത്തകകളും വൻകിട മുതലാളിമാരും സർക്കാരിനെയും മാധ്യമങ്ങളെയും നിയന്ത്രിക്കുന്ന ഇന്ത്യൻ സാഹചര്യത്തിൽ ആ ജോലി ഏറെ പ്രതിസന്ധി നിറഞ്ഞതാണ്. എങ്കിലും അടിത്തറ വിപുലപ്പെടുത്തി മുന്നോട്ടുപോകും. വർഗ ബഹുജന സംഘടനകൾ ഒന്നിച്ചുള്ള സംയുക്ത പോരാട്ടങ്ങളാണ് മുന്നിലുള്ളത്. കേന്ദ്രനയങ്ങളുടെ യഥാർഥ ഗുണഭോക്താക്കൾ കുത്തകകളും മുതലാളിമാരുമാണ്. ഇതിന് ബദലായി മുന്നോട്ടുവയ്ക്കാൻ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കേരളത്തിലെ എൽഡിഎഫ് സർക്കാരിന്റെ ഇടപെടൽ മാത്രമാണുള്ളത്. ചൂഷണങ്ങളിൽനിന്ന് മുക്തരാക്കാനുള്ള രാഷ്ട്രീയ സാക്ഷരത തൊഴിലാളികളിലും സാധാരണ ജനങ്ങളിലും എത്തിക്കുക എന്നതാണ് കാലത്തിന്റെ ആവശ്യം.

# തൊഴിലാളി ഐക്യം കേന്ദ്രം ഭയക്കുന്നു: ആർ കരുമലൈ

തൊഴിലും കർഷകരുടെ കൂലിയും സംരക്ഷിക്കാനാവാത്ത സാഹചര്യമാണ് രാജ്യത്ത് നിലവിലുള്ളതെന്ന് സിഐടിയു ദേശീയ സെക്രട്ടറി ആർ കരുമലൈ. നേരത്തേ തൊഴിലാളികളുടെ അധ്വാനശേഷി ഉപയോഗിച്ചാണ് മുതലാളിത്തം വളർന്നതെങ്കിൽ ഇന്ന് മറ്റു മാർഗങ്ങളാണ് കുത്തകകൾ അവലംബിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.



പലയിടത്തും കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും സ്വയം പിരിഞ്ഞുപോവുന്നതിനാണ് മുതലാളിത്തം അവസരമൊരുക്കുന്നത്. ഇതിന്റെ ഫലമായി തൊഴിലില്ലായ്മയും വിലക്കയറ്റവും രൂക്ഷമാണ്. എന്നാൽ ഇതിൽ നിന്നെല്ലാം വേറിട്ട ബദലൊരുക്കാൻ കേരളത്തിന് കഴിയുന്നു. മറ്റിടങ്ങളിൽ അങ്ങനെയല്ല.

കർഷക സമരവും തൊഴിലാളി സമരവും തമ്മിൽ താരതമ്യത്തിനിടമില്ല. ഒരു ദിവസം പണിമുടക്കിയാൽ ഭക്ഷണം കഴിക്കാൻ വഴിയില്ലാത്തവരാണ് ഭൂരിപക്ഷം തൊഴിലാളികളും. പണിമുടക്കിയാൽ പിറ്റേന്ന് പണിയില്ലെന്ന അവസ്ഥയുമുണ്ട്. ആഗോളവൽക്കരണ നയത്തിന്റെ ഫലമായി കർഷകർ പ്രതിസന്ധിയിലാണ്. ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല. ഇറക്കുമതി ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയിൽ ലഭിക്കുമ്പോൾ കർഷകരുടെ സാധനങ്ങൾ വേണ്ടാതാവുന്നു. അതോടെ അവർ ഈ രംഗത്തുനിന്ന് പിന്തിരിയുന്നു. ഇതിനെതിരെയാണ് കർഷകരുടെ പോരാട്ടം ഉയർന്നത്. തൊഴിലാളി മുന്നേറ്റത്തിലും ഈ ഐക്യം പ്രകടമാണ്. ബിഎംഎസ് ഒഴികെയുള്ള എല്ലാ തൊഴിലാളി സംഘടനകളും ഒരുമിച്ച് അണിനിരക്കാൻ തുടങ്ങി. യോജിച്ച പോരാട്ടത്തിന് മുൻകൈയെടുക്കുക എന്ന ദൗത്യമാണ് സിഐടിയു ഏറ്റെടുത്തത്. കുത്തകകൾക്ക് അനുകൂലമായ നയത്തിനെതിരെ തൊഴിലാളികളുടെ യോജിച്ച പോരാട്ടം ഉയരുമെന്ന ഭയം കേന്ദ്രസർക്കാരിനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# സിഐടിയുവിന്റെ വളർച്ചക്ക്
# ഊർജവുംകരുത്തും നൽകിയ കോഴിക്കോട് സമ്മേളനം




കെ.എൻ. ഗോപിനാഥ്

ഇത് മൂന്നാം തവണയാണ് സിഐടിയു സംസ്ഥാനസമ്മേളനം കോഴിക്കോട് വച്ച് നടക്കുന്നത്. 1971-ൽ പ്രഥമ സംസ്ഥാന സമ്മേളനവും, പിന്നീട് 28 കൊല്ലം മുമ്പ് 1995-ലും കോഴിക്കോടായിരുന്നു സംസ്ഥാന സമ്മേളനം ചേർന്നത്. സംഘാടന മികവു കൊണ്ട് ദേശീയ ശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു 2018-ൽ കോഴിക്കോട് ചേർന്ന അഖിലേന്ത്യാ ജനറൽ കൗൺസിൽയോഗം. ഭുവനേശ്വറിൽ സംഘടന രേഖ തയ്യാറാക്കിയതിനുശേഷം  സംഘടനാവളർച്ചക്ക് പുതിയ ഒരു കാഴ്ചപ്പാട് നൽകിയ രേഖയാണ് കോഴിക്കോട് ജനറൽ കൗൺസിൽ തയ്യാറാക്കിയത്. സിഐടിയു പ്രവർത്തകർക്ക് സംഘടനയുടെ ജനാധിപത്യപരവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്ന ആധികാരികമായ  ഒരു രേഖയായി കോഴിക്കോട് രേഖ.

## സിഐടിയുവിന്റെ വളർച്ചയിൽ
## കോഴിക്കോട് സമ്മേളനം ഒരു നാഴികക്കല്ല്

സിഐടിയു 15ാം സംസ്ഥാന സമ്മേളനം 2022 ഡിസംബർ 17, 18, 19 തീയതികളിലായി ചരിത്രപ്രസിദ്ധമായ കോഴിക്കോട്ടെ ടാഗോർ സെന്റിനറി ഹാളിൽ (സ:കാട്ടാക്കട ശശി നഗർ) നടന്നു. 27,41,190 മെമ്പർമാരെ പ്രതിനിധീകരിച്ച് 604 പ്രതിനിധികൾ പങ്കെടുത്തു. 1018 ജില്ലാതലയൂണിയനുകളും 122 സംസ്ഥാന യൂണിയനുകളും 28 സംസ്ഥാന ഫെഡറേഷനുകളുമായി പ്രവർത്തിക്കുന്ന സിഐടിയു പ്രസ്ഥാനത്തിന്റെ ഒരു പരിച്ഛേദം. പോയകാലത്തെ കുറവുകൾ വിലയിരുത്തി ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമ്മേളനത്തിൽ ഉയർന്നുവന്നു. ഇനിയും കൂടുതൽ തൊഴിലാളികളിലേക്ക് എത്തിച്ചേരണം. കോഴിക്കോട് സമ്മേളനത്തിന്റെ ലക്ഷ്യം കൈവരിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ട് പോകണം.

വർഗീയതക്കും, അന്ധവിശ്വാസത്തിനുമെതിരെ തൊഴിലാളി വർഗത്തിന്റെ ഐക്യം അരക്കിട്ടുറപ്പിച്ച് മുന്നേറണം. തൊഴിലാളികളിൽ ശാസ്ത്രബോധം വളർത്തണം; വർഗസമരങ്ങൾ ശക്തിപ്പെടുത്തണം. തൊഴിലാളികളും കർഷകരും കർഷകതൊഴിലാളികളും കൈകോർക്കുന്ന ഉജ്ജ്വല സമരങ്ങൾക്ക് സിഐടിയു മുൻകൈ എടുക്കണം. തൊഴിലില്ലായ്മയ്ക്കും വിദ്യാഭ്യാസരംഗത്തെ കാവിവൽക്കരണത്തിനുമെതിരെ വർഗബഹുജന സംഘടനകളെ യോജിപ്പിക്കണം. ഇത്തരം കർമ്മപരിപാടികൾക്ക് സിഐടിയു സമ്മേളനം രൂപം നൽകി.

സിഐടിയുവിന്റെ സംസ്ഥാനതലത്തിലെ മുന്നേറ്റത്തെ വിലയിരുത്തിയ സമ്മേളനം സ:ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റും എളമരം കരീം ജനറൽ സെക്രട്ടറിയുമായ 45 അംഗ ഭാരവാഹികളെയും 465 അംഗ ജനറൽ കൗൺസിലിനെയും 170 അംഗ സംസ്ഥാനകമ്മിറ്റിയേയും ഏകകണ്ഠമായി തെരഞ്ഞെടുത്തു.

വലതുപക്ഷ നയങ്ങൾ പുതിയ കാലഘട്ടത്തിന് അനിവാര്യമാണെന്ന് നിരീക്ഷിക്കുന്ന ഫുക്കോയാൻ നിലപാടുകൾ വലിയ തോതിൽ പുതിയ തലമുറയെ പഠിപ്പിക്കുകയാണ്. ഇത്തരം വിദ്യാഭ്യാസത്തിനെതിരെ ബദൽ നയങ്ങളുയർത്തി മുന്നോട്ടു പോകുന്ന ഇടതുപക്ഷത്തിന്റെ ശബ്ദം ഉയർത്തിപ്പിടിക്കുന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാർ മുന്നോട്ടു വയ്ക്കുന്ന നവകേരള ബദലിന് പിന്തുണയാണ് കോഴിക്കോട്ട് സിഐടിയു സമ്മേളനത്തിൽ ഉയർന്നത്.

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

ആഗോളവൽക്കരണ- ഉദാരവൽക്കരണ നയങ്ങൾക്കെതിരെ ലോകമെമ്പാടും തൊഴിലാളിവർഗം ഉജ്ജ്വലമായ സമരപാതയിലാണ്. ഇന്ത്യയിലും ബിജെപി നയിക്കുന്ന സർക്കാർ സാമ്രാജ്യത്വനയങ്ങൾക്ക് പിന്നാലെ പോയി ഇന്ത്യൻ ജനതയെ ദുരിതപൂർണമാക്കിക്കൊണ്ടിരിക്കുകയാണെന്ന് സമ്മേളനം വിലയിരുത്തുകയുണ്ടായി. ഇത്തരം നയങ്ങൾക്കെതിരെ ഭരണവർഗത്തിന്റെ ഉറക്കം കെടുത്തുന്ന വൻ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരണമെന്നും സമ്മേളനം തീരുമാനിച്ചു. ഈ ലക്ഷ്യത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ച് അഞ്ച് കമ്മീഷനുകളിലായി ദേശീയ തല ചർച്ച സംഘടിപ്പിക്കുവാൻ ഒരുങ്ങുന്ന 2023 ജനുവരി 18, 19, 20, 21, 22 തീയതികളിൽ ബാംഗ്ലൂരിൽ ചേരാൻ പോകുന്ന സിഐടിയു ദേശീയ സമ്മേളനത്തിലേക്ക് 624 പ്രതിനിധികളെ അയയ്ക്കുവാൻ സംസ്ഥാനസമ്മേളനം തീരുമാനിച്ചിരിക്കുകയാണ്.

കടലിലിറങ്ങാനുള്ള “ഉരുക്കളുടെ” നിർമ്മാണത്തിൽ പ്രശസ്തിയാർജ്ജിച്ച തൊഴിലാളികളുടെ മണ്ണായ കോഴിക്കോട് പരമ്പരാഗത തൊഴിലാളികൾ തൊട്ട് ആധുനിക

തൊഴിലാളികൾ വരെ കഴിഞ്ഞ രണ്ടുമാസക്കാലമായി സമ്മേളനതിരമാലകൾ തീർക്കുകയായിരുന്നു. ഓരോ സിഐടിയു അംഗവും കിട്ടുന്ന വരുമാനത്തിൽ നിന്ന് ഒരു വിഹിതം സമ്മേളനത്തിന് വേണ്ടി മാറ്റിവച്ചത് മാതൃകയായി. കുടുംബയോഗങ്ങൾ, ജനറൽബോഡി യോഗങ്ങൾ എന്നിങ്ങനെ സമ്മേളനം ജനാധിപത്യപരമാക്കാൻ സാധിച്ചത് കോഴിക്കോട്ടെ സിഐടിയു പ്രസ്ഥാനത്തിന്റെ വളർച്ചക്കും വിപുലീകരണത്തിനും വഴി തുറന്നു. സീതാറാംയെച്ചൂരി തുടങ്ങി പ്രഗത്ഭന്മാർ പങ്കെടുത്ത സെമിനാറുകൾ വൈവിധ്യമാർന്ന ചിന്തകൾക്ക് വെടിമരുന്നായി മാറി. ആയിരക്കണക്കിന് തൊഴിലാളികളാണ് കോഴിക്കോടിന്റെ ഓരോ പ്രദേശത്തും ഒത്തുകൂടിയത്. ആശ വർക്കർമാർമാരും, അംഗൻവാടി ജീവനക്കാരും, കയറ്റിറക്ക്, നിർമ്മാണം തുടങ്ങിയ യൂണിയനുകളും നടത്തിയ വിളംബരജാഥകൾ, വാസ്കോഡ ഗാമയുടെ വരവ് അടയാളപ്പെടുത്തിയ കോഴിക്കോടിന്റെ മണൽതരികളെ വിപ്ലവ മുദ്രാവാക്യം വിളികളുടെ ആരവങ്ങളാൽ ശബ്ദമാനമായി.

സിഐടിയുവിന്റെ ദേശീയ നേതാക്കന്മാരായ തപൻസെൻ, ഹേമലത, എ കെ പത്മനാഭൻ, കരുമലയൻ എന്നിവർ സമ്മേളനത്തിൽ ആദ്യാവസാനം പങ്കെടുത്തു.

ഇതര തൊഴിലാളി നേതാക്കന്മാരുടെയും കർഷകസംഘം, കർഷകതൊഴിലാളി നേതാക്കളുടെയും സാന്നിദ്ധ്യവും അഭിവാദ്യം ചെയ്യലും വർഗഐക്യത്തിന്റെ പ്രസക്തിയും പ്രാധാന്യവും വർദ്ധിപ്പിച്ചു.



സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

ഡിസംബർ 19 ന് ഉച്ചയോടെ സമ്മേളന സമാപന വേദിയായ കോഴിക്കോട്ടെ കടപ്പുറത്തേക്ക്, "ചുവന്ന നദികൾ കടലിലേക്കെന്ന പോലെ" ഒലിച്ചിറങ്ങുന്ന കാഴ്ച, ഉയർന്നു പൊങ്ങുന്ന തിരമാലകളെ പോലെ ആവേശഭരിതമായിരുന്നു. മുഖ്യമന്ത്രി സ: പിണറായി വിജയനും, ദേശീയ നേതാക്കളും വേദിയിലേക്ക് കയറിയതോടെ ചെങ്കടലായ തീരം പതാകകൾ വീശി ഇൻക്വിലാബ് വിളിച്ചത് സിഐടിയു ചരിത്രത്തിൽ മറക്കാനാകാത്ത രംഗമായി മാറി. ഡിസംബർ 1 ന് വീടുകളിൽ തൊഴിലാളികൾ ഉയർത്തിയ രക്തപതാക കരുതലോടെ കൈകളിൽ കരുതി പൊതുസമ്മേളന നഗറിയിൽ എത്തിച്ചു. ആ പതാക സിഐടിയു പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഓരോ തൊഴിലാളിയും കുടുംബാംഗങ്ങളും അവരുടെ സ്നേഹമുദ്ര ചാർത്തുന്നതായി.

# കനൽക്കാലം താണ്ടിയ ധീരർ

കനൽവഴി താണ്ടിയ തൊഴിലാളി പ്രസ്ഥാനത്തെ ഹൃദയത്തിലേറ്റിയ പോരാളികളുടെ സംഗമമായിരുന്നു സിഐടിയു സംസ്ഥാന സമ്മേളനം. ദുരിതകാലങ്ങളിൽ തൊഴിലാളികളെ ചേർത്തുനിർത്തി പോരാട്ടങ്ങളെ നയിച്ച ധീരർ. 1970 -ൽ സിഐടിയു രൂപീകരണ സമ്മേളനത്തിൽ പങ്കെടുത്ത ഒമ്പതുപേരാണ് പതിനഞ്ചാം സംസ്ഥാനസമ്മേളനത്തിൽ പങ്കെടുത്തത്. അഖിലേന്ത്യാ വൈസ് പ്രസിഡന്റ് എകെ പത്മനാഭൻ, ആനത്തലവട്ടം ആനന്ദൻ, എൻ പത്മലോചനൻ, സി.ആർ പുരുഷോത്തമൻ, കെ.പി.സഹദേവൻ, സി.കെ.ഉണ്ണികൃഷ്ണൻ, കെ.എ.അലി അക്ബർ, ടി ദാസൻ, എം ധർമ്മജൻ എന്നിവരാണ് ആദ്യ സമ്മേളനം മുതൽ ഇതുവരെ പങ്കെടുത്തവർ. 605 പ്രതിനിധികളിൽ ചികിത്സയിലുള്ള മൂന്നുപേർ ഒഴികെ പങ്കെടുത്തു. പ്രായം കൂടിയ പ്രതിനിധി എം.കെ ബാലകൃഷ്ണനാണ് - 87 വയസ്സ്, ലോട്ടറി തൊഴിലാളി യൂണിയൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റാണ്.

പ്രായം കുറഞ്ഞ പ്രതിനിധി പത്തനംതിട്ടയിലെ ശ്യാമ ശിവനാണ് 34 വയസ്സ്. 80 പിന്നിട്ട ആറ് പ്രതിനിധികളാണുള്ളത്. 30 മുതൽ 40 വരെ പ്രായമുള്ള 18 പേരും 41 മുതൽ 50 വരെ പ്രായക്കാർ 148 പേരും 51 മുതൽ 60 വരെ 215 പേരും 61 മുതൽ 70 വരെ 167 പേരും 70 ന് മുകളിൽ 49 പേരുമുണ്ട്. 1970-ൽ സംഘടനയിൽ ചേർന്ന 16 പേരുണ്ട്. 2011 മുതൽ 2022 വരെയുള്ള കാലയളവിൽ അംഗമായ 89 പേരുണ്ട്. ആദ്യമായി സമ്മേളനത്തിൽ പങ്കെടുക്കുന്നവർ 163.

10 സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത 18 പേരുണ്ട്. 11 സമ്മേളനത്തിനെത്തിയ ഏഴുപേരുണ്ട്. 12 സമ്മേളനങ്ങളുടെ ഭാഗമായവർ ഒമ്പതു പേരാണ്. 13 സമ്മേളനത്തിൽ പങ്കെടുത്ത 9 പേരുമുണ്ട്. രണ്ട് മന്ത്രിമാരും ഒരു എംപിയും 11 എംഎൽഎമാരും തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ 58 പേരുമുണ്ട്. ജയിൽവാസമനുഭവിച്ച 127 പേരും സമ്മേളനത്തിൽ പങ്കെടുത്തു.

തൊഴിലാളി മുന്നേറ്റത്തിന് നാന്ദികുറിച്ച ചരിത്രനഗരിയിൽ തൊഴിലാളികളുടെ നായകപ്രസ്ഥാനമായ സിഐടിയുവിന്റെ വരുംകാല പോരാട്ടങ്ങൾക്ക് കരുത്ത് പകരാൻ പോരാളികൾ ഒത്തുചേർന്നു. വർഗീയതക്കെതിരെ വർഗഐക്യമെന്ന സമകാലിക മുദ്രാവാക്യത്തിനൊപ്പം തൊഴിലാളികൾ അണിനിരക്കാനുള്ള ആഹ്വാനമാണ് കോഴിക്കോട്ട് ശനിയാഴ്ച ആരംഭിച്ച സമ്മേളനത്തിൽ മുഴങ്ങിക്കേട്ടത്. തൊഴിലാളികളുടെ ജീവനോപാധിയും സുരക്ഷയും ഇല്ലാതാക്കി കോർപറേറ്റുകൾക്ക് രാജ്യം അടിയറവയ്ക്കുന്നതിനെതിരെ അഭിപ്രായഭിന്നതകളൊക്കെ മാറ്റിവച്ച് തൊഴിലാളികൾ ഐക്യത്തോടെ അണിനിരക്കാൻ സമ്മേളനം ആഹ്വാനം ചെയ്തു. കർഷകസമരംപോലെ രാഷ്ട്രീയ ഭിന്നതകൾ മറന്ന് രാജ്യവ്യാപക പ്രക്ഷോഭത്തിന് സമ്മേളനം പിന്തുണ അഭ്യർഥിച്ചു.

സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ പതാക ഉയർത്തിയതോടെയാണ് സമ്മേളനത്തിന് തുടക്കമായത്. തുടർന്ന് നേതാക്കളും പ്രതിനിധികളും രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. 1018 യൂണിയനുകളെ പ്രതിനിധാനംചെയ്ത് 604 പേരാണ് പങ്കെടുക്കുന്നത്. 17ന് ആരംഭിച്ച പൊതുചർച്ച 18നും തുടർന്നു. അഖിലേന്ത്യ പ്രസിഡന്റ് ഡോ. കെ ഹേമലത, വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ, സെക്രട്ടറി ആർ കരുമലയൻ തുടങ്ങിയ ദേശീയ നേതാക്കളും പങ്കെടുത്തു. കർഷക തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡന്റ് എൻ ചന്ദ്രൻ അഭിവാദ്യംചെയ്തു.

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

സമ്മേളന നടത്തിപ്പിന് വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു. **പ്രമേയം:** ജമേഴ്സിക്കുട്ടിഅമ്മ (കൺവീനർ), കെ കെ ജയചന്ദ്രൻ, കെ മനോഹരൻ, വി ശശികുമാർ, പി ആർ മുരളീധരൻ, പി ഗാനകുമാർ, റെജി സക്കറിയ, സുനിത കുര്യൻ, യു പി ജോസഫ്. **ക്രഡൻഷ്യൽ:** ടി കെ രാജൻ (കൺവീനർ), സുമേഷ് പത്മൻ, കെ എസ് ഹരിലാൽ, ധന്യ ആബിദ്, ടി ആർ സോമൻ, നിഷ കെ ജയൻ, എ ഡി ജയൻ. **മിനുട്സ്:** അഡ്വ. പി സജി, എം ജെ രവി, വി കേശവൻ കുട്ടി, വി സരള, പി ആർ ജയപ്രകാശ്. **രജിസ്ട്രേഷൻ:** കെ എസ് സുനിൽകുമാർ (കൺവീനർ), സി കെ ഹരികൃഷ്ണൻ, സി എസ് അജിത്കുമാർ, കെ രാജേഷ്.

# ചെങ്കടലേറ്റം



ചരിത്രനഗരിയിൽ തൊഴിലാളി മുന്നേറ്റത്തിന്റെ ചെങ്കടലേറ്റം. സിഐടിയു സംസ്ഥാന സമ്മേളനത്തിന് സമാപനംകുറിച്ച് എം വാസു നഗറിൽ (കടപ്പുറം) നടന്ന മഹാറാലിയിൽ രണ്ടുലക്ഷത്തിലധികംപേർ അണിനിരന്നു.

പൊതുസമ്മേളന നഗരിയിലേക്ക് വൻ ഒഴുക്കായിരുന്നു. ബാൻഡ് വാദ്യവും പഞ്ചാരിമേളവുമായി ചെറു പ്രകടനങ്ങളായാണ് തൊഴിലാളികളും കുടുംബങ്ങളും റാലിയുടെ ഭാഗമായത്. നാടൻ കലാരൂപങ്ങളും തെയ്യവും മാറ്റുകൂട്ടി. വർഗബഹുജന സംഘടനകൾ അഭിവാദ്യവുമായി പാതയോരത്ത് സമരസഖാക്കളെ വരവേറ്റു. വൈകിട്ട് നാലരയോടെ പ്രതിനിധികൾ ടാഗോർ ഹാളിൽനിന്ന് പ്രകടനമായി നീങ്ങി. അതിനുപിന്നിൽ വിവിധ ട്രേഡ് യൂണിയനുകൾക്കുകീഴിൽ തൊഴിലാളികളുടെ പടയണിയും. മുദ്രാവാക്യവും വിപ്ലവഗാനങ്ങളുമായി കടപ്പുറം സംഘശക്തിയുടെ വിളംബരമായി. വേദിയിൽ അലോഷി വിപ്ലവഗാനങ്ങൾ പാടിത്തുടങ്ങിയപ്പോൾ ചെമ്പതാകവീശി ജനം താളംപിടിച്ചു.

പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്തു. സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി തപൻസെൻ, പ്രസിഡന്റ് ഡോ. കെ ഹേമലത, വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ, സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി, ടി പി രാമകൃഷ്ണൻ എംഎൽഎ, മേയർ ഡോ. ബീന ഫിലിപ്പ് എന്നിവർ സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ അധ്യക്ഷനായി. സ്വാഗതസംഘം കൺവീനർ പി കെ മുകുന്ദൻ സ്വാഗതം പറഞ്ഞു.

പ്രതിനിധി സമ്മേളന ചർച്ചയിൽ 61 പേർ പങ്കെടുത്തു. ജനറൽ സെക്രട്ടറി എളമരം കരീം എംപി മറുപടി പറഞ്ഞു. അഖിലേന്ത്യാ പ്രസിഡന്റ് ഡോ. കെ ഹേമലത അഭിവാദ്യംചെയ്തു. ഭാരവാഹി, സംസ്ഥാന കമ്മിറ്റി, അഖിലേന്ത്യാ സമ്മേളന പ്രതിനിധികളുടെ തെരഞ്ഞെടുപ്പോടെ സമ്മേളനം സമാപിച്ചു. എളമരം കരീം ഭാവി പ്രവർത്തനരേഖ അവതരിപ്പിച്ചു. ആനത്തലവട്ടം ആനന്ദൻ സമാപന പ്രസംഗം നടത്തി. മാമ്പറ്റ ശ്രീധരൻ നന്ദിപറഞ്ഞു. സമ്മേളന സുവനീർ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ പ്രകാശിപ്പിച്ചു.

# സംസ്ഥാനകമ്മിറ്റി അംഗങ്ങൾ

**തിരുവനന്തപുരം**

1 കടകംപള്ളി സുരേന്ദ്രൻ
2 പള്ളുവിള സ്റ്റാൻലി
3 ഇ.ജി. മോഹനൻ
4 ആർ. സുഭാഷ്
5 ജി. രാജു
6 ടി.മല്ലിക
7 കെ. ജയമോഹനൻ
8 ആറ്റിങ്ങൽ സുഗുണൻ
9 ക്ലൈനസ് റൊസാരിയോ
10 എൻ. സുന്ദരംപിള്ള
11 ജി.പി. വൃന്ദാറാണി
12 എസ്.എ. സുന്ദർ
13 മണ്ണാറാം രാമചന്ദ്രൻ
14 ശ്രീജാ ഷൈജുദേവ്
15 എസ്. അനിൽകുമാർ
16 പി. രാജേന്ദ്രകുമാർ

**കൊല്ലം**

17 ബി. തുളസാധരകുറുപ്പ്
18 എസ്. സുദേവൻ
19 അഡ്വ. മുരളി മടന്തകോട്
20 എ. സഫറുള്ള
21 കെ. രാജഗോപാൽ
22 ടി. മനോഹരൻ
23 എ.എം. ഇക്ബാൽ
24 എ. അനിരുദ്ധൻ
25 ടി.ആർ. ശങ്കരപിള്ള
26 എം.വൈ. ആന്റണി
27 എം. ശിവശങ്കരപിള്ള
28 ഡി. സുരേഷ്കുമാർ
29 പി.കെ. ബാലചന്ദ്രൻ
30 കെ.ജി. ബിന്ദു
31 ബി. ഉഷാകുമാരി
32 ആർ. സുജാത
33 ബിന്ദു സന്തോഷ്

**പത്തനംതിട്ട**

34 എസ്. ഹരിദാസ്
35 കെ.സി. രാജഗോപാലൻ
36 മലയാലപ്പുഴ മോഹനൻ
37 പി.ആർ. പ്രസാദ്
38 എം.ബി. പ്രഭാവതി
39 ആർ. സനൽകുമാർ

**ആലപ്പുഴ**

40 ആർ. നാസർ
41 എച്ച്. സലാം
42 കെ. പ്രസാദ്
43 എൻ.ആർ. ബാബുരാജ്
44 വി.എസ്. മണി
45 സുരേശ്വരിഘോഷ്
46 എം. കൃഷ്ണലത
47 എ. മഹേന്ദ്രൻ
48 ടി.കെ. ദേവകുമാർ

**കോട്ടയം**

49 വി.എൻ. വാസവൻ
50 എ.വി. റസ്സൽ
51 അഡ്വ. റജി സക്കറിയ
52 കെ.കെ. ഗണേശൻ
53 കെ.ബി. രമ
54 വി.കെ. സുരേഷ്കുമാർ

**ഇടുക്കി**

55 കെ.എസ്. മോഹനൻ
56 ആർ. തിലകൻ
57 കെ.വി. ശശി
58 പി.എസ്. രാജൻ
59 വി.എൻ. മോഹനൻ
60 വി. മുരുകലക്ഷ്മി

**എറണാകുളം**

61 സി.എൻ. മോഹനൻ
62 എം.പി. ഉദയൻ
63 ജോൺ ഫെർണാണ്ടസ്
64 സി.കെ. പരീത്
65 സി.ഡി. നന്ദകുമാർ
66 എ.പി. ലൗലി
67 ടി.വി. സൂസൻ
68 കെ.വി. മനോജ്
69 എം. അനിൽകുമാർ

**തൃശ്ശൂർ**

70 എം.എം. വർഗ്ഗീസ്
71 കെ.കെ. രാമചന്ദ്രൻ
72 കെ.എഫ്. ഡേവിസ്
73 കെ.വി. ഹരിദാസ്
74 ലതാചന്ദ്രൻ
75 ഷീലാ അലക്സ്
76 മീരാ നിമേഷ്
77 ആർ.വി. ഇക്ബാൽ
78 എൻ.കെ. അക്ബർ
79 ഉല്ലാസ് കളക്കാട്ട്
80 കെ.ആർ. രവി
81 പി.കെ. പുഷ്പാകരൻ

**പാലക്കാട്**

82 ടി.കെ. അച്ചുതൻ
83 എ. പ്രഭാകരൻ
84 എസ്.ബി. രാജു
85 വി. സരള
86 പത്മിനി ടീച്ചർ
87 എൻ. ഉണ്ണികൃഷ്ണൻ
88 ടി.കെ. നൗഷാദ്
89 എൽ. ഇന്ദിര
90 സി. അംബിക

**മലപ്പുറം**

91 വി.പി. സക്കറിയ
92 വി.പി. സോമസുന്ദരൻ
93 വി.പി. അനിൽ
94 പി. പത്മജ
95 ഇ.എൻ. ജിതേന്ദ്രൻ
96 എം.ബി. ഫൈസൽ

**കോഴിക്കോട്**

97 ടി. വിശ്വനാഥൻ
98 എം. ഗിരീഷ്
99 സി. നാസർ
100 കെ.കെ. മമ്മു
101 കെ. ഷീബ
102 പി.സി. സുരേഷ്
103 വി.കെ. മോഹൻദാസ്
104 പി. ഗിരിജ

**വയനാട്**

105 വി.വി. ബേബി
106 പി.വി. സഹദേവൻ

**കണ്ണൂർ**

107 കെ. മനോഹരൻ
118 സി. കൃഷ്ണൻ
119 എ.വി. കുഞ്ഞപ്പൻ
110 അരക്കൻ ബാലൻ
111 എം.വി. ജയരാജൻ
112 ടി.പി. ശ്രീധരൻ
113 കെ. അശോകൻ
114 രജനി മോഹൻ
115 മേരി ജോബ്

**കാസർഗോഡ്**

116 സാബു എബ്രഹാം
117 പി.മണിമോഹനൻ
118 യു. തമ്പാൻ നായർ
119 വി.വി. പ്രസന്നകുമാരി

**സംസ്ഥാനയൂണിയനുകൾ**

120 ടി. എസ്. ജയചന്ദ്രൻ (KCEU)
121 പി.എം. വഹിദ (KCEU)

**ആർട്ടിസാൻസ്**

122 പി.കെ. ഷാജൻ
123 ജി. രാജമ്മ
124 സി.വി. ജോയ്
125 എം. മോഹൻദാസ്
126 മാമ്പറ്റ ശ്രീധരൻ
127 വി.എ. മുരുകൻ
128 ടി.എം. ജമീല
129 വി.എസ്. അനൂപ്
130 സി.ടി. അനിൽ (ഡ്രൈവിംഗ് സ്കൂൾ)
131 പി.കെ. സന്തോഷ് (KMSRA)
132 സി. ഉണ്ണികൃഷ്ണൻ (KSEBWA)
133 എ.എച്ച്. സജു (KSEBWA)
134 മുരളി കൃഷ്ണപിള്ള (KSFE)
135 എസ്. വിനോദ് (KSRTEA)
136 ഹണി ബാലചന്ദ്രൻ (KSRTEA)
137 ബി. ഹരികുമാർ (ടാങ്കർലോറി)
138 ബൈജു ഓമല്ലൂർ (KPVU)
139 എം.കെ. മോഹനൻ (LICOAI)
140 പി. ഉണ്ണികൃഷ്ണൻ (KWAEU)
141 ആർ. സുനിൽ (കെൽട്രോൺ)
142 കെ.എം. അനിൽകുമാർ (DREUTVM)
143 പി.വി. അനിൽകുമാർ (DREU PLGT)

**സെന്റർ**

144 എൻ.എൻ. കൃഷ്ണദാസ്
145 കെ.എ. അലിഅക്ബർ
146 സി.കെ. ഉണ്ണികൃഷ്ണൻ
147 കെ.എസ്. പ്രദീപ്കുമാർ
148 എ. സിയാവുദ്ദീൻ
149 ടി.ബി. സുബൈർ
150 സുമേഷ് പത്മൻ
151 സി.സി. രതീഷ്
152 നിഷ കെ. ജയൻ
153 എ.ഡി. ജയൻ
154 സുരേഷ് പാലത്ത്
155 കെ.എൻ. കുട്ടമണി
156 സി.എസ്. അജിത്കുമാർ
157 കെ. രാജേഷ്
158 കെ.. ജയപ്രകാശ്
159 സി. കെ. മണിശങ്കർ
160 കെ.ബി. ദേവി
161 എം.ആർ. രാജൻ
162 വി.ആർ. വിജയകുമാർ
163 ടി.വി. രാജേഷ്
164 എ. മാധവൻ
165 എ.ജി. അജി
166 എം. ഇബ്രാഹിംകുട്ടി
167 എ. ഷാഹിമോൾ
168 അന്നമ്മ ജോസഫ്
169 എൻ. സായികുമാർ
170 ജോസ് ടി. എബ്രഹാം

# സിഐടിയു സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച് പാസാക്കിയ പ്രമേയങ്ങൾ

പ്രമേയം

## എൽഡിഎഫ് സർക്കാരിനെ സംരക്ഷിക്കുക

പ്രതിപക്ഷത്തിന്റെയും, വർഗ്ഗീയശക്തികളുടെയും എല്ലാ കുൽസിത ശ്രമങ്ങളെയും, മാധ്യമങ്ങളുടെ അപവാദ പ്രചാരണങ്ങളെയും അതിജീവിച്ചു കൊണ്ട് വൻഭൂരിപക്ഷത്തോടെ രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നു. നിരാശ പൂണ്ട യുഡിഎഫ് ഉം ഒരു സീറ്റ് പോലും നേടാൻ കഴിയാത്ത ബിജെപിയും നിരന്തരമായ കള്ളപ്രചാരവേലയും അനാവശ്യ സമരങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്.

നേട്ടങ്ങളുടെ നീണ്ട പട്ടിക നിരത്തി ബദൽ നയങ്ങൾ നടപ്പിലാക്കിയാണ് സ. പിണറായി വിജയൻ സർക്കാർ 2021ലെ തെരഞ്ഞെടുപ്പിനെ നേരിട്ട് 99 സീറ്റ് നേടി വൻവിജയം കരസ്ഥമാക്കിയത്. യുഡിഎഫിനെ സംബന്ധിച്ചിടത്തോളം ഇത് ചിന്തിക്കാൻ കഴിയുന്നതിനും അപ്പുറമായിരുന്നു. അധികാരത്തിന്റെ മത്ത് പിടിച്ച യുഡിഎഫും, ബിജെപിയും ഒത്തുചേർന്ന അക്രമമാണ് രണ്ടാം പിണറായി സർക്കാരിനെതിരെ നടത്തിക്കൊണ്ടിരിക്കുന്നത്.

ഒന്നാം പിണറായി സർക്കാരിന്റെ തുടർച്ചയെന്നോണം ഒരു നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പദ്ധതികൾ പ്രതിസന്ധിക്കകത്തും നടത്തിക്കൊണ്ടി രിക്കുകയാണ് എൽഡിഎഫ് സർക്കാർ. വൈജ്ഞാനിക മേഖലയിലെ വൻ മാറ്റങ്ങൾക്ക് അവസരമൊരുക്കി " നോളെഡ്ജ് ഇക്കോണമി പദ്ധതിയിലൂടെ 20 ലക്ഷംപേർക്ക് 4 വർഷം കൊണ്ട് തൊഴിൽ നൽകാനുള്ള പദ്ധതി, ഉന്നത വിദ്യാഭ്യാസ രംഗത്ത് കുതിച്ചുചാട്ടത്തിനുള്ള പദ്ധതികൾ, കെ ഫോൺ പദ്ധതി, കേന്ദ്രം വിൽക്കാൻ വച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുത്തത് എന്നിവ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ആലോചിക്കാൻ പോലും കഴിയാത്തതാണ്.

കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായും, രാഷ്ട്രീയമായും ഞെരുക്കിക്കൊണ്ടിരിക്കുകയാണ്. പ്രതിസന്ധികളിൽ നിന്നും മെല്ലെ മെല്ലെ കരകയറി കൊണ്ടിരിക്കുന്ന ഗവണ്മെന്റിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്ന നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്.

ബദൽ നയങ്ങൾ ഉയർത്തിപ്പിടിച്ച് മുന്നോട്ടു പോകുന്ന ഇടത്പക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ അസ്ഥിരീകരിക്കാനുള്ള ബിജെപി സർക്കാരിന്റെ നെറികെട്ട ശ്രമങ്ങളെ പിന്തുണക്കുകയാണ് യുഡിഎഫ്. നമ്മുടെ രാജ്യത്തിന്റെയും, സംസ്ഥാനത്തിന്റെയും നിർണായക വികസനത്തിനും, തിരുവനന്തപുരം ജില്ലയുടെ വികസനകുതിപ്പിനും വലിയ സാദ്ധ്യതകളുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം നല്ലൊരു പങ്കും പൂർത്തീകരിച്ചിരിക്കുകയാണല്ലോ. ഈ പദ്ധതി ഇല്ലാതാക്കുന്നതിനുള്ള നിഗൂഢ ശ്രമമാണ് ബാഹ്യ ശക്തികളുടെ സഹായത്തോടെ അഴിച്ചുവിട്ടത്.

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

ബിജെപി സർക്കാരിന്റെ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾക്കെതിരെ ബദൽനയങ്ങൾ ഉയർത്തിപ്പിടിക്കുകയും, മതനിരപേക്ഷത സംരക്ഷിക്കുന്നതിന് നിശ്ചയദാർഢ്യത്തോടുകൂടിയ നിലപാട് എടുക്കുകയും ചെയ്യുന്ന ഇടത്പക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ അസ്ഥിരീകരിക്കാനുള്ള ബിജെപി സർക്കാരിന്റെയും, പ്രതിപക്ഷത്തിന്റെയും കുത്സിത ശ്രമങ്ങളെ തിരിച്ചറിഞ്ഞ് ചെറുത്ത് തോല്പിക്കാനും, എൽഡിഎഫ് സർക്കാരിനെ സംരക്ഷിക്കാനും മുഴുവൻ തൊഴിലാളികളും രംഗത്തിറങ്ങണമെന്ന് സിഐടിയു 15-ാം സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്യുന്നു.

പ്രമേയം

## കേന്ദ്ര പൊതുമേഖല ഓഹരിവില്പനയും സ്വകാര്യവൽക്കരണവും അവസാനിപ്പിക്കുക

പൊതുമേഖലകൾ അതിവേഗം വിൽക്കാനും, അടച്ചുപൂട്ടാനുമുള്ള പുതിയ നയത്തിന് രൂപംകൊടുത്തിരിക്കുകയാണ് കേന്ദ്രസർക്കാർ. ആണവോർജ്ജം, പ്രതിരോധം, സ്പേസ്, വാർത്താവിനിമയം, ഊർജ്ജം, പെട്രോളിയം, കൽക്കരി, ബാങ്ക്, ധാതു സമ്പത്ത്, ഗതാഗതം ഇൻഷുറൻസ്, എന്നിവ തന്ത്രപ്രധാന മേഖലയാക്കിയും, മറ്റുള്ളവയെ തന്ത്രപ്രധാന മേഖലകളിൽ നിന്ന് ഒഴിവാക്കികൊണ്ടും പൊതുമേഖലകളെ വിഭജിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ. തന്ത്രപ്രധാന മേഖലയിലല്ലാത്ത പ്രവർത്തനക്ഷമമായ സ്ഥാപനങ്ങളെല്ലാം അതിവേഗം വിൽക്കാനും, അല്ലാത്തവ അടച്ചുപൂട്ടാനുമാണ് തീരുമാനം.

തന്ത്രപ്രധാന മേഖലയിലെ ഒന്നോ രണ്ടോ സ്ഥാപനങ്ങളൊഴികെ മറ്റെല്ലാം വിൽക്കും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ വിൽക്കുന്നതിന് ഒരു പുതിയ സംവിധാനത്തിനും രൂപം നൽകിയിട്ടുമുണ്ട്. എൻ.എം.പി എന്ന പേരിലുള്ള 6 ലക്ഷം കോടി രൂപയുടെ ആസ്തി വിൽപന രാജ്യത്തെ കൊള്ളയടിക്കാനും, അഴിമതിവൽക്കരിക്കാനുമുള്ള നീക്കമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 1.75 ലക്ഷം കോടിയുടെ ഓഹരികൾ വിൽപനയാണ് പ്രഖ്യാപിക്കപെട്ടിട്ടുള്ളത്.

പൊതുമേഖലകൾ വിൽക്കുമ്പോൾ സാമൂഹ്യനീതിയിലൂന്നിയ വികസനമാണ് അട്ടിമറിക്കപ്പെടുന്നത്. ഇന്ത്യൻ ജനതക്ക് അവകാശപ്പെട്ട സമ്പത്ത് ഒന്നോ രണ്ടോ കോർപ്പറേറ്റുകളുടേതായി മാറ്റപ്പെടുകയാണ്. യഥാർത്ഥ മൂല്യത്തിന്റെ പത്തിലൊന്നു പോലും ലഭിക്കാത്ത വിൽപനയിലൂടെ പൊതുമുതൽ കൊള്ളയാണ് നടക്കുന്നത്. അതുകൊണ്ട് വർഷങ്ങളുടെ പ്രയത്നത്താൽ നാം ഉണ്ടാക്കിയെടുത്ത പൊതുമേഖലകളെ സംരക്ഷിക്കേണ്ടത് രാജ്യത്തെ സ്നേഹിക്കുന്ന ഓരോ പൗരന്റേയും കടമയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭ്രാന്തമായ സ്വകാര്യവൽക്കരണവും ഒഹരിവിൽപനയും അവസാനിപ്പിക്കുവാൻ ബിജെപി സർക്കാരിനോട് സിഐടിയു 15ാം സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

പ്രമേയം

## രാജ്യത്തിന്റെ പണപ്പെട്ടിയുടെ താക്കോൽ കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്ന പൊതുമേഖലാ ബാങ്ക് വിൽപ്പന അവസാനിപ്പിക്കുക

രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ കഴിഞ്ഞ പത്ത് വർഷക്കാലം ഉണ്ടാക്കിയ പ്രവർത്തന ലാഭം 12,25,660 കോടി രൂപയാണ്. എന്നാൽ വൻകിട കുത്തക മുതലാളിമാരുടെ കിട്ടാക്കടത്തിനായി അതിൽ നിന്ന് 10,96,627 കോടി രൂപയാണ് ബാങ്കുകൾക്ക് നീക്കിവക്കേണ്ടി വന്നത്. കഴിഞ്ഞ പത്ത് വർഷക്കാലം, എഴുതി തള്ളിയ വായ്പ 6,27,243 കോടി! അതിൽ 85 ശതമാനവും കോടീശ്വരൻമാരായ കുത്തക മുതലാളിമാരുടേത്. ഈ കുത്തക മുതലാളിമാർക്ക് പൊതുമേഖലാ ബാങ്കുകൾ കൈമാറ്റം ചെയ്യുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. റിസർവ്വ് ബാങ്ക് ഈ നയത്തിന് കൂട്ടുനിൽക്കുന്നു. ബാങ്കുകളിലെ നിക്ഷേപങ്ങൾ സാധാരണക്കാരുടെതാണ്. അത്തരം സാധാരണക്കാരുടെ ബിസിനസ് പിടിച്ചാണ് ബാങ്ക് ജീവനക്കാരും ഓഫീസർമാരും പണിയെടുത്ത് പ്രവർത്തന ലാഭം നേടിയെടുത്തത്. അതാണ് വൻകിട കുത്തകകൾ കുത്തിച്ചോർത്തി കൊണ്ടു പോകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ അത്തരം കുത്തക മുതലാളിമാർക്ക് ചുളുവിലക്ക് വിറ്റ് തുലക്കുകയാണ് കേന്ദ്രസർക്കാർ.

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

എസ്ബിഐ ഇന്ന് ഒരു പരീക്ഷണശാലയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 1,70,15,931 കോടി രൂപയും, വായ്പ 1,22,29,297 കോടി രൂപയുമാണ്. അതിൽ എസ്ബിഐയുടെ നിക്ഷേപം 4051534 കോടി രൂപയും, വായ്പ 27,33,966 കോടിരൂപയുമാണ്. രാജ്യത്തെ ആകെ ബാങ്കിംഗ് ബിസിനസിന്റെ 23 ശതമാനം എസ്ബിഐയിലാണ് എന്ന് ചുരുക്കം. ബാങ്കിന്റെ 22266 ശാഖകളിലായി പണിയെടുക്കുന്ന 2,44,250 ജീവനക്കാരുടെ അദ്ധ്വാനമാണ് ഈ നേട്ടത്തിന്റെ പിന്നിൽ. എന്നാൽ എസ്ബിഐ മാത്രം കഴിഞ്ഞ 10

വർഷത്തിനിടെ എഴുതിത്തള്ളിയത് 1,45,248 കോടി രൂപയുടെ വായ്പയാണ്. 90 ശതമാനവും കുത്തക കളുടേതാണ്. "ഹെയർ കട്ടിനത്തിൽ" വേറെയും കോടികൾ ഉപേക്ഷിച്ചിട്ടുണ്ട്. എസ്ബിഐയുടെ എല്ലാ സേവനങ്ങളും ഒരൊറ്റ ക്ലിക്കിലൂടെ എന്ന "യോനോ" സംവിധാനം വേറെ കമ്പനിയാക്കാൻ നിക്കം നടക്കുകയാണ്. എല്ലാം ഒടുവിൽ എത്തി ച്ചേരുന്നത് അമ്പാനിയുടെ പോക്കറ്റിലാണ് എന്നത് അണിയറ രഹസ്യമാണ്. അദാനിയും അണിയറയിൽ കടന്നുകൂടിയിട്ടുണ്ട്. കടത്തിൽ ആറാട്ട് നടത്തുന്ന ഭയങ്കരന്മാരെയാണ് പൊതുമേഖലാ ബാങ്കുകളിൽ കയറി തിമിർക്കാൻ ബിജെപി സർക്കാർ അവസരം ഒരുക്കിയിരിക്കുന്നത്. നരേന്ദ്രമോദി സർക്കാരിനും കുത്തകൾക്കും "യെസ് ബോസ്" മൂളാതെ ഇന്ത്യൻ പൊതുമേഖലാ ബാങ്കുകളെയും ധനകാര്യ മേഖല യെയും സംരക്ഷിക്കാനുള്ള ബാങ്ക് ജീവനക്കാരു ടെ പോരാട്ടങ്ങൾക്ക് സിഐടിയു 15ാം സംസ്ഥാന സമ്മേളനം പിന്തുണ പ്രഖ്യാപിക്കുന്നു.

**പ്രമേയം**

## റെയിൽവേ സ്വകാര്യവൽകരണത്തിനെതിരെ

വിവേക് ദേബ്റോയ് കമ്മറ്റിയുടെ റിപ്പോർട്ട് മുന്നോട്ടു വയ്ക്കുന്ന റെയിൽവെ പരിഷ്കരണ നടപടികളിലൂടെ റെയിൽവേ പരിപൂർണ്ണമായും സ്വകാര്യ ഉടമസ്ഥത യിലേക്ക് മാറ്റുന്നതിനുള്ള ശ്രമം അതിവേഗതയിൽ ബിജെപി ഭരണം ഏറ്റെടുത്തിരിക്കുകയാണ്.

ഇന്ത്യൻ റെയിൽവെ എന്ന ഇന്ത്യയിലെ ഏറ്റവും വലിയ സ്ഥാപനത്തെ അങ്ങിനെ തന്നെ വിഴു ങ്ങാനുള്ളശേഷി ഇവിടുത്തെ കുത്തകകൾക്കില്ല. സേവനമേഖല എന്ന മുൻകാല സമീപനത്തിന്റെ അടിസ്ഥാനത്തിൽ ലാഭകരമല്ലെങ്കിലും ജനങ്ങൾ ക്ക് വളരെയേറെ ഉപകാരപ്രദമായ സർവീസുകളും പ്രവർത്തനങ്ങളും ഇപ്പോഴും റെയിൽവേ നടത്തിവ രുന്നുണ്ട്. ലാഭകരമല്ലാത്ത ഒരു സംരഭവും സ്വകാര്യ മുതലാളിമാർക്ക് സ്വീകാര്യവുമല്ല. ഇക്കാരണങ്ങൾ കൊണ്ട് തുണ്ടം തുണ്ടമായി റെയിൽവേ വിൽപനയ്ക്ക് വച്ചിരിക്കുകയാണ്. അത്തരത്തിലൊരു നടപടിയുടെ ഭാഗമായാണ് എറണാകുളം പോലെയുള്ള ഭൂമിക്ക് വലിയ വിലയുള്ള പ്രദേശങ്ങളിലെ സ്റ്റേഷനുകൾ വിൽക്കുന്നത്.

സാധാരണക്കാരായ ജനങ്ങൾ യാത്രക്കായി ആശ്രയിക്കുന്ന റെയിവേ വിൽക്കപ്പെടുമ്പോൾ ജനങ്ങളുടെ യാത്രാചിലവുകൾ വലിയ തോതിൽ വർദ്ധിക്കാൻ പോവുകയാണ്. ആയതിനാൽ റെ യിൽവേയെ വിൽക്കാനുള്ള കേന്ദ്രസർക്കാരിന്റെ നടപടികൾ ഉപേക്ഷിക്കണമെന്ന് സിഐടിയു 15ാം സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

**പ്രമേയം**

## വർഗീയതക്കെതിരെ വർഗഐക്യം ശക്തിപ്പെടുത്തുക

ഫ്യൂഡൽ ഉൽപ്പാദന വ്യവസ്ഥ ജന്മം കൊടുത്ത ജാതിജന്മിനാടുവാഴിത്തപൗരോഹിത്യ ഘടകങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭരണം പിടിക്കാനും ഭരണകൂടത്തെ നിയന്ത്രിക്കാനും ശ്രമിക്കുന്നതിനെ യാണ് വർഗീയതയെന്നു പറയുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മുതലാളിത്തം സാ മ്രാജ്യത്വമായി വികസിപ്പിച്ചപ്പോൾ അതിനകത്തു പ്രത്യക്ഷപ്പെട്ട നാലു വൈരുദ്ധ്യങ്ങളിലൊന്ന് മുത ലാളിത്ത രാജ്യങ്ങളും കോളനിരാജ്യങ്ങളും തമ്മിലു ള്ളതായിരുന്നു. അതിന്റെ ഫലമായി വളർന്നു വന്ന രാഷ്ട്രീയസിദ്ധാന്തമാണ് ദേശീയത. മുതലാളിത്ത രാജ്യങ്ങൾ അക്രമാത്മക ദേശീയതയെ വളർത്തിയ പ്പോൾ കോളനി രാജ്യങ്ങളിൽ വളർന്നു വന്നത് പ്രതി രോധ ദേശീയതയായിരുന്നു. അക്രമാത്മക ദേശീയത 1914ൽ സാമ്രാജ്യത്വയുദ്ധമായി പരിണമിച്ചപ്പോൾ പ്രതിരോധദേശീയത കോളനി രാജ്യങ്ങളിലെ വിമോ ചനപ്പോരാട്ടങ്ങളായി വികസിച്ചു. ഇത്തരം വിമോ ചനപ്പോരാട്ടങ്ങളെ തകർക്കുന്നതിനും അധികാരം നിലനിറുത്തുന്നതിനും വേണ്ടിയാണ് സാമ്രാജ്യത്വം വർഗീയതയെ വളർത്തിക്കൊണ്ടു വന്നത്.

വർഗീയതക്കെതിരെ ദേശീയതയേയും മതാ ന്ധതക്കെതിരെ മതനിരപേക്ഷതയേയും സവർ ണതക്കെതിരെ ബഹുസ്വരതയേയും വളർത്തി ക്കൊണ്ടുവരുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുരോഗമനസ്വഭാവമുള്ള മധ്യവർഗ ബുദ്ധിജീവിക ളുമായി സഹകരിച്ചുകൊണ്ട് തൊഴിലാളിവർഗം വർഗസമരത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നും വർഗ്ഗീയതക്കെതിരെ വർഗഐക്യം ശക്തിപ്പെടുത്ത ണമെന്നും സിഐടിയു 15ാം സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്യുന്നു.

**പ്രമേയം**

## കെ.എസ്.ആർ.ടി.സിയെ സംരക്ഷിക്കുക

2016ൽ എൽ.ഡി.എഫ്. സർക്കാർ അധികാര ത്തിൽ എത്തുമ്പോൾ കെ.എസ്.ആർ.ടി.സി. അതീവ ഗുരുതരമായ പ്രതിസന്ധിയിൽ അകപ്പെട്ടിരുന്നു. സ്ഥാപനത്തിന്റെ വസ്തുവകകൾ പണയപ്പെടുത്തി കടമെടുത്താണ് ഓരോ മാസത്തേയും ആവശ്യങ്ങൾ നിറവേറ്റിപ്പോന്നിരുന്നത്. കെ.ടി.ഡി.എഫ്.സി., ഹഡ്കോ, വിവിധ ജില്ലാ ബാങ്കുകൾ, എൽ.ഐ.സി, പവർ ഫിനാൻസ് കോർപ്പറേഷൻ തുടങ്ങി കിട്ടാവു

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

ന്നിടങ്ങളിൽ നിന്നെല്ലാം കടമെടുത്തിരുന്നു. 16% വരെ പലിശ നിരക്കിലാണ് ഇത്തരത്തിൽ കടം 3200 കോടിയിലെത്തിയത്. പ്രതിദിന വരുമാനത്തിൽ നിന്ന് തിരിച്ച് പിടിക്കുംവിധം എസ്ക്രോ സംവിധാനത്തിലാണ് കടത്തിന്റെ കരാർ ഉണ്ടാക്കിയത്. ഒരുദിവസം അഞ്ചു കേടി രൂപ വരുമാനം ലഭിക്കുമ്പോൾ മൂന്നുകോടി രൂപ കടം തിരിച്ചടവ് കഴിച്ച് ബാക്കി രണ്ടുകോടി രൂപ മാത്രമേ ഹെഡ് ഓഫീസിൽ എത്തിയിരുന്നുള്ളൂ. ഇതാകട്ടെ ഡീസൽ അടിക്കുവാൻ പോലും തികയുമായിരുന്നില്ല. ശമ്പളം, പെൻഷൻ മറ്റ് ദൈനംദിന ആവശ്യങ്ങൾ തുടങ്ങി എല്ലാറ്റിനും വീണ്ടും കടമെടുക്കേണ്ടി വരുന്ന സാഹചര്യമാണുണ്ടായിരുന്നത്. കടം ലഭിക്കാതായതോടെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ മുടങ്ങുന്നതും കമ്പനികൾ ഡീസൽ നൽകുന്നത് നിർത്തിവയ്ക്കുന്നതും പതിവായി.

പ്രൊഫ.സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇനി എവിടെനിന്നും കടം വാങ്ങേണ്ടതില്ല എന്നാണ് എൽ.ഡി.എഫ് സർക്കാർ തീരുമാനിച്ചത്. കെ.റ്റി.എഫ്.സി ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കൂടിയ പലിശക്കെടുത്ത 3200 കോടി രൂപയുടെ വായ്പ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശക്കുള്ള ദീർഘകാല വായ്പയാക്കി മാറ്റി. ഒരു ദിവസം 5 കോടി രൂപ ദിവസ വരുമാനത്തിൽ 3 കോടി രൂപയും കടം തിരിച്ചടവായിരുന്നത് സർക്കാരിന്റെ ഈ നടപടിയിലൂടെ 1 കോടിയായി കുറഞ്ഞു. ഒരു ദിവസം 2 കോടി രൂപയുടെ ബാധ്യതയാണ് ഒഴിവാക്കിയത്. മുടങ്ങിക്കിടന്നിരുന്ന പെൻഷൻ മുടക്കമില്ലാതെ കൊടുത്തു തീർക്കുന്നതിന് സഹകരണ ബാങ്കുകൾ വഴി ബദൽ സംവിധാനം ഒരുക്കിയതിലൂടെ പ്രതിദിനം 2 കോടി രൂപയുടെ ബാധ്യതകൂടി സർക്കാർ ഏറ്റെടുത്തു. ഇതിനു പുറമെ 2016ന് ശേഷം 8030.29 കോടി സർക്കാർ സഹായവും 87.38 കോടി പദ്ധതി വിഹിതവും ഉൾപ്പെടെ 8117.67 കോടി രൂപയാണ് എൽ.ഡി.എഫ് സർക്കാർ അനുവദിച്ചത്.

ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക സഹായം അനുവദിച്ചിട്ടും സർക്കാർ പ്രഖ്യാപിച്ച രണ്ട് പുനരുദ്ധാരണ പാക്കേജുകളും ഫലപ്രദമായില്ല. കോവിഡ് മഹാമാരിയും ഇന്ധനവിലയിലുണ്ടായ ഭീമമായ വർദ്ധനയും പ്രതിസന്ധി പരിഹരിക്കുന്നതിന് ചില തടസ്സങ്ങളുണ്ടാക്കി. എന്നാൽ സുശീൽഖന്ന റിപ്പോർട്ടിലെ സാമ്പത്തിക പുനസംഘടനയുൾപ്പെടെ സർക്കാർ നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ നടപ്പാക്കിയെങ്കിലും മാനേജ്മെന്റും തൊഴിലാളികളും നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ നടപ്പിലാകാതെ പോയതാണ് കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. തൊഴിലാളികളെ ശത്രുക്കളായി കാണുന്ന മനോഭാവം തിരുത്തി അവരെക്കൂടി മുഖവിലയ്ക്കെടുക്കാൻ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് തയ്യാറാവണം. അഭ്യൂഹങ്ങളും ആശങ്കകളും പരത്തുന്നവർ സ്ഥാപനത്തിന്റെ ശത്രുക്കളാണെന്ന് തിരിച്ചറിഞ്ഞ്, പൊതുമേഖലാ സംരക്ഷണത്തിന്റെ കേരള ബദലിനെ ശക്തിപ്പെടുത്താനും കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താനും മുഴുവൻ തൊഴിലാളികളും അണിചേരണം. 2022 സെപ്തംബർ 5 ന് ബഹു: മുഖ്യമന്ത്രി തലത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിച്ച് കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധിക്ക് അടിയന്തിര പരിഹാരമുണ്ടാക്കണമെന്ന് സി.ഐ.ടി.യു. 15ാം സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

**പ്രമേയം**

## തോട്ടം വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുക

2000 വർഷം മുതൽ ഒരു അപൂർവ്വപ്രതിഭാസം തോട്ടം വ്യവസായത്തെ പിടികൂടുകയുണ്ടായി. എല്ലാത്തരം വിളകളിലും തോട്ടം ചരക്കുകളിലും വൻതോതിലുള്ള വ്യവസായങ്ങൾ നടക്കുമ്പോഴും ഉത്പാദന യൂണിറ്റുകൾ അടച്ചുപൂട്ടുകയോ ദുർബലമാക്കപ്പെടുകയോ ചെയ്യുന്ന മനുഷ്യരഹിതമായ അവസ്ഥ തൊഴിലാളികളെ തൊഴിൽരഹിതരാക്കി നിസ്സഹായരാക്കുന്നു. ഇത്തരം ദുരിത പൂർണ്ണമായ പ്രതിഭാസത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ കേന്ദ്രഭരണ സമ്പ്രദായത്തിൽ വന്ന മാറ്റത്തിലും യുപിഎയും ഇടതുപക്ഷ സർക്കാരും നയിക്കുന്ന 3 പ്ലാന്റേഷൻ സ്റ്റേറ്റുകളും ചേർന്ന് അർത്ഥവത്തായ നയപരിപാടികൾ കൈകൊള്ളുകയുണ്ടായി. തോട്ടം തൊഴിലാളികളുടെ ദുരിത പൂർണ്ണമായ അവസ്ഥക്ക് മാറ്റം വരുത്തുകയുണ്ടായി. 2006 മുതൽ പുതിയ പാട്ടത്തിന് നൽകികൊണ്ട് തോട്ടം വ്യവസായത്തിന് പുതുജീവൻ നൽകുകയാണുണ്ടായത്.

സമൂഹത്തിന്റെ ഉപഭോഗ രീതികൾ മാറിക്കൊ

ണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പരമ്പരാഗത പാനീയമായ ചായയും കാപ്പിയും മൾട്ടി നാഷണൽബ്രാന്റുകളുടെ ശീതളപാനീയങ്ങൾക്കൊപ്പം കടുത്ത മത്സരം നേരിട്ടു കൊണ്ടിരിക്കുകയാണ്.സർക്കാരും തോട്ടം ഉടമകളും പരമ്പരാഗത പാനീയമായ ചായയും കാപ്പിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംരംഭവും തുടങ്ങിയിട്ടില്ല. ലാഭം വർദ്ധിപ്പിക്കുന്നതിനു വേണ്ടി തൊഴിലുടമകൾ രാസവസ്തുക്കളും സ്റ്റിറോയിഡുകളും ഉപയോഗിക്കുന്നതിനാൽ ചായ കുടിക്കുന്നതിന്റെ ആരോഗ്യവശത്തെ അത് പ്രതികൂലമായി ബാധിക്കുന്നു.

ഇത്തരത്തിലുള്ള പ്രവണതകൾ കാരണം നമ്മുടെ പല കയറ്റുമതി ലക്ഷ്യസ്ഥാനങ്ങളും നഷ്ടപ്പെട്ടു. യൂറോപ്പിൽ ധാരാളമായി നാം നടത്തി വന്ന തേയില കയറ്റുമതി നിരസിക്കപ്പെടുകയും ചെയ്തു. പ്ലാന്റേഷനുകളിലെ ലാഭകൊതിയുള്ള ഉടമകൾ ദീർഘകാലാടിസ്ഥാനത്തിൽ നാശമുണ്ടാക്കുകയും സുസ്ഥിരതയെ തകർക്കുകയുംചെയ്യുന്ന സാഹചര്യത്തിൽ പ്ലാന്റേഷൻ രംഗത്തെ തൊഴിലാളി സംഘടനകൾ. ഇക്കാര്യം ഗൗരവമായി പരിശോധിക്കേണ്ടതാണ്.

റബർ മേഖലയിലെ കോർപറേറ്റ് ടയർ കമ്പനികളായ സിയറ്റ്, ജെ.കെ. ടയർ, എം.ആർ.എഫ്. എന്നിവയ്ക്കായി 1100 കോടിയുടെ നിക്ഷേപം നൽകിയും, രണ്ട്ലക്ഷം ഹെക്ടറിലധികം തോട്ടം നൽകിയും ഇന്ത്യൻ ഗവൺമെന്റ് സഹായിക്കുന്നു. ആസാം, ബംഗാൾ, ത്രിപുര സർക്കാരുകൾ തേയിലയുടെയും റബ്ബറിന്റെയും കൃഷി നിർത്തി വെച്ചുകൊണ്ട് മറ്റു സാമ്പത്തിക വാണിജ്യ ആവശ്യങ്ങൾക്കായി തോട്ടം ഭൂമി ഉപയോഗിക്കുവാനുള്ള നീക്കത്തിലാണ്. മോദി ഭരണത്തിനും കോർപ്പറേറ്റു പിന്തുണയുള്ള ആസാമിലേയും, വെസ്റ്റ് ബംഗാളിലേയും ത്രിപുരയിലേയും സംസ്ഥാന ഗവൺമെന്റുകൾക്കും പൊതുഭൂമി പിടിച്ചടക്കൽ നയമാണുള്ളത്. കേരളത്തിലെ തോട്ടം മേഖലയും അതീവ പ്രതിസന്ധിയെയാണ് അഭിമുഖീകരിക്കുന്നത്. സംസ്ഥാന സർക്കാരിന് മാത്രമായി ഒരു തോട്ടം നയം രൂപീകരിക്കാനായില്ല. തോട്ടമുടമകൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലല്ലെങ്കിലും തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ചില പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തേയില ഗ്രാന്റ് ഭൂമി തിരിച്ചുവിടുന്നതും ഈ സമ്മേളനം ഗൗരവമായി കാണുന്നു. കോർപ്പറേറ്റ് ഭൂമി കൈയ്യേറ്റക്കാരുടെയും റിയൽ എസ്റ്റേറ്റു പ്രമോട്ടർമാരുടെയും ഇത്തരം ഭൂമി കൈയ്യേറ്റനയത്തിനെതിരെ വലിയ സമരങ്ങൾ അഴിച്ചുവിടണം. തോട്ടം മേഖലയെയും ലക്ഷക്കണക്കിന് തൊഴിലാളികളെയും സംരക്ഷിക്കാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകളോട്സിഐടിയു 15-ാം സംസ്ഥാനസമ്മേളനം ആവശ്യപ്പെടുന്നു.

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

**പ്രമേയം**

# കെട്ടിട നിർമാണ മേഖലയെ രക്ഷിക്കുക

ഇന്ത്യാരാജ്യത്ത് കെട്ടിട നിർമ്മാണ രംഗത്ത് 74 ദശലക്ഷത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നു. (രാജ്യത്തിന്റെ ജിഡിപിയിൽ നിർമാണമേഖലയുടെ സംഭാവന 5% ആണ്). കാർഷികരംഗം കഴിഞ്ഞാൽ രണ്ടാമത്തെ തൊഴിൽ ദാതാവ് നിർമാണ വ്യവസായമാണ്. തികച്ചും അസംഘടിതമാണ് നിർമാണ തൊഴിൽ രംഗം. മൊത്തം നിർമാണതൊഴിലാളികളിൽ 35% പേരും കുടിയേറ്റ തൊഴിലാളികളാണ്. കോവിഡ് കാലത്ത് അപ്രഖ്യാപിത അടച്ചിടൽ കാരണം കുടിയേറ്റ തൊഴിലാളികൾ അനുഭവിച്ച കെടുതികൾ സമാനതകൾ ഇല്ലാത്തതായിരുന്നു.

കോവിഡ് പിൻവാങ്ങിയ ശേഷവും രാജ്യത്തിന്റെ സമ്പദ്ഘടന കടുത്ത മാന്ദ്യത്തിലൂടെ കടന്നു പോകുകയാണ്. 100% എഫ്ഡിഐ അനുവദിച്ച മേഖലയായിട്ടും നിർമാണ രംഗത്ത് നിക്ഷേപം വർധിക്കുന്നില്ല. സിമന്റ്, കമ്പി, പെയിന്റ് തുടങ്ങിയ നിർമാണ സാമഗ്രികൾക്ക് രൂക്ഷമായ വിലക്കയറ്റമാണ് അനുഭവപ്പെടുന്നത്. രൂക്ഷമായ ഈ വിലക്കയറ്റം നിർമ്മാണച്ചിലവ് 20-25% വരെ വർധനവിന് കാരണമായി വരികയാണ്.

കെട്ടിട നിർമാണ മേഖലയെ തകർക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾക്കെതിരെ ”നിർമാണ മേഖലയെ സംരക്ഷിക്കുക” എന്ന മുദ്രാവാക്യം മുൻ നിർത്തി കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടക്കുന്ന പോരാട്ടങ്ങൾക്ക് സിഐടിയു 15ാം കേരള സംസ്ഥാന സമ്മേളനം സർവപിന്തുണയും പ്രഖ്യാപിക്കുന്നു. കേന്ദ്രസർക്കാരിന്റെ തെറ്റായ നയം തിരുത്തി നിർമാണ മേഖലയുടെ പ്രതിസന്ധിക്ക് പരിഹാരം കാണണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

**പ്രമേയം**

# NTC മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുക

1971 ൽ കേരള സർക്കാർ ഏറ്റെടുത്ത ടെക്സ്റ്റൈൽ മില്ലുകളാണ് തിരുവനന്തപുരത്തെ വിജയമോഹിനി മില്ലും, കൊല്ലത്തെ പാർവ്വതി മില്ലും, തൃശ്ശൂർ ജില്ലയിലെ അളഗപ്പ ടെക്സ്റ്റൈൽസും, കേരള ലക്ഷ്മി മില്ലും, കണ്ണൂർ ജില്ലയിലെ കണ്ണൂർ സ്പിന്നിംഗ് മില്ലും കൂടാതെ മാഹിയിലെ മാഹി സ്പിന്നിംഗ് മില്ലും, 1974 ൽ കേന്ദ്രസർക്കാർ 114 ടെക്സ്റ്റൈൽ മില്ലുകൾ ഏറ്റെടുത്ത് NTC-യെ ഏൽപിച്ചപ്പോൾ മേൽ സൂചിപ്പിച്ച 6 മില്ലുകൾ കൂടി നാഷണൽ ടെക്സ്റ്റൈൽ കോർപറേഷന്റെ കീഴിൽ വരുകയുണ്ടായി.

1992 വരെ മില്ലുകൾ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. 1991 ലെ പുതിയ സാമ്പത്തിക നയത്തിലെ ഉദാരവൽക്കരണ ഇറക്കുമതി നയം ടെക്സ്റ്റൈൽ മേഖലയെ കാര്യമായി ബാധിച്ചു. NTC യുടെ കീഴിലുള്ള മില്ലുകൾ ഒന്നൊന്നായി പ്രവർത്തനം നിലക്കുന്ന സ്ഥിതിയായി. 2003 ൽ സി.ഒ. പൗലോസ് മാസ്റ്റർ രാജ്യസഭാ മെമ്പറായിരുന്ന സമയത്ത് NTC അധികാരികളും കേന്ദ്ര ടെക്സ്റ്റൈൽ മിൽ മന്ത്രാലയവും ട്രേഡ് യൂണിയൻ പ്രതിനിധികളും തമ്മിൽ ഉണ്ടാക്കിയ MOU വിന്റെ അടിസ്ഥാനത്തിൽ സാദ്ധ്യതയുള്ള 55 മില്ലുകൾ പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. മറ്റ് മില്ലുകളിലെ അവശേഷിക്കുന്ന ഭൂമി വിറ്റും, കേന്ദ്രസഹായത്തിന്റെയും ഫലമായിട്ടാണ് മില്ലുകൾ പ്രവർത്തിച്ച് വന്നിരുന്നത്. കേന്ദ്രസഹായം കുറഞ്ഞതിനെതുടർന്ന് പാർവ്വതി മിൽ ഉൾപ്പെടെ 55 ൽ 22 മില്ലുകൾ ഒന്നൊന്നായി പ്രവർത്തനം നിലച്ചു. കേരളത്തിലെ 4 മില്ലും മാഹിയിലെ മില്ലും ഉൾപ്പെടെ 23 മില്ലുകൾ 2020 മാർച്ച് വരെ പ്രവർത്തിച്ചിരുന്നു. കോവിഡ് മഹാമാരിയെ തുടർന്ന് NTC യുടെ കീഴിലുള്ള 23 മില്ലും 2020 ഏപ്രിലിൽ അടച്ചുപൂട്ടി. നാളിതുവരെ മില്ലുകൾ തുറന്നിട്ടില്ല.

കേരള സർക്കാർ നൽകിയ 100 കണക്കിന് ഏക്കർ ഭൂമിയിലാണ് ഈ സ്ഥാപനങ്ങൾ നിൽക്കുന്നത്. ഈ സാഹചര്യത്തിൽ തൊഴിലും, കൂലിയും സംരക്ഷിക്കുന്നതിനും, തൊഴിലാളികളെ രക്ഷിക്കുന്നതിനും മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും അടിയന്തിര ഇടപെടൽ അനിവാര്യമാണ്. കോവിഡ് കാരണത്താൽ അടച്ചുപൂട്ടപ്പെട്ട എൻടിസി മില്ലുകൾ തുറക്കാത്തത് ബിജെപി സർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നിലപാടിന്റെ മറ്റൊരു ഉദാഹരണമാണ്. അടച്ചുപൂട്ടി മൂന്ന് കൊല്ലമാകുന്ന സ്ഥിതിയിൽ തൊഴിലാളികളുടെ കുടുംബത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം കൂടി കേന്ദ്രസർക്കാരിനും, നാഷണൽ ടെക്സ്റ്റൈൽ കോർപറേഷനുമുണ്ട്. മില്ലുകൾ തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കേന്ദ്രസർക്കാരിനോട് സിഐടിയു പതിനഞ്ചാം സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

**പ്രമേയം**

# ആഴക്കടൽ മൽസ്യബന്ധന മേഖല- കേന്ദ്രനയത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിനിരക്കുക

അറബിക്കടലിൽ സമൃദ്ധമായ മൽസ്യസമ്പത്തുള്ള ആഴക്കടലിൽ മൽസ്യബന്ധനം നടത്തുവാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിലക്കേർപ്പെടുത്തുന്നതിനും, ഈ മേഖലയിൽ ഇന്ത്യൻ കുത്തകകളെയും കമ്പനികളെയും കൊണ്ടുവരാനും കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നു.

കേന്ദ്രസർക്കാർ കൊണ്ടുവരുന്ന പുതിയ നിയമത്തിൽ യാനങ്ങളെ സംബന്ധിച്ച നിർവചനത്തിൽ മൽസ്യകപ്പലുകളെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിൽ ഇന്ന് പ്രവർത്തിക്കുന്ന യാനങ്ങളൊക്കെയും 24 മീറ്ററിൽ താഴെ മാത്രം നീളമുള്ളവയും ഐക്യരാഷ്ട്ര സംഘടനയുടെ മാനദണ്ഡങ്ങൾ പ്രകാരം ചെറുകിട പരമ്പരാഗത മേഖലയിൽപ്പെടുന്നവയുമാണ്. തൊഴിൽസാന്ദ്രമായ ഈ മേഖലയിൽ പ്രത്യേകിച്ച് ആഴക്കടലിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കോ, അവരുടെ സഹകരണ സംഘങ്ങൾക്കോ മാത്രമായി യാനങ്ങളുടെ ഉടമസ്ഥാവകാശം നിജപ്പെടുത്തണമെന്ന കേരളത്തിന്റെ നിലപാടിന് നേരെ എതിർ ദിശയിലേക്കാണ് കേന്ദ്രസർക്കാരിന്റെ നീക്കം.

മൽസ്യമേഖലയ്ക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ കുറവ് പരിഹരിക്കുന്നതിനായി കേരള സർക്കാർ ലിറ്റർ ഒന്നിന് 25 രൂപാ നിരക്കിൽ സബ്സിഡി നൽകി മണ്ണെണ്ണ വിതരണം നടത്തുന്ന പദ്ധതി 2015 മുതൽ നടപ്പാക്കി വരുന്നു. അന്ന് ലിറ്ററിന് 56.95 രൂപയുള്ളപ്പോൾ സബ്സിഡി കഴിച്ച് 31.95 രൂപയ്ക്ക് രൂപയ്ക്ക് മണ്ണെണ്ണ ലഭിക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ മണ്ണെണ്ണയുടെ വില 122 രൂപയാണ്. സബ്സിഡി കഴിച്ചാൽ പോലും97 രൂപ കൊടുക്കേണ്ട സ്ഥിതിയാണ്. സ്വകാര്യമാർക്കറ്റിൽ നിന്നും 140 രൂപവരെ വിലകൊടുത്ത് മണ്ണെണ്ണ വാങ്ങേണ്ട അവസ്ഥയാണ് നിലനിൽക്കുന്നത്. മൽസ്യസമ്പത്തിന്റെ കുറവും, മണ്ണെണ്ണയുടെ അമിത വിലയും കാരണം തൊഴിലിനു പോലും പോകാൻ കഴിയാത്ത അവസ്ഥയിലാണ് ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും. ഈ സാഹചര്യത്തിൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയും, ഡീസലും സബ്സിഡി നിരക്കിൽ വിലകുറച്ചു നൽകുവാനും, വെട്ടിക്കുറച്ച അളവ് പുനഃസ്ഥാപി

ക്കുവാനും കേന്ദ്രസർക്കാർ നടപടി സ്വീകരിക്കണം.

പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ തൊഴിലിനേയും വരുമാനത്തെയും സാരമായി ബാധിക്കുന്ന കേന്ദ്രനയങ്ങൾക്കെതിരെയുള്ള പോരാട്ടം കൂടുതൽ ശക്തമാക്കുവാൻ മൽസ്യമേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികളോടും സിഐടിയു പതിനഞ്ചാം സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്യുന്നു.

**പ്രമേയം**

## കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹങ്ങൾക്കെതിരെ യോജിച്ച പോരാട്ടം ശക്തമാക്കുക

കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കർഷക ദ്രോഹനയങ്ങൾ മൂലം കാർഷിക മേഖലയിലെ പ്രതിസന്ധി രൂക്ഷമായിരിക്കുകയാണ്. കാർഷിക മേഖലയിലുണ്ടാകുന്ന തകർച്ച സമ്പദ്ഘടനയുടെ എല്ലാ മേഖലകളെയും ബാധിക്കും. 1990 കളിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ തുടങ്ങി വച്ച ആഗോളവത്ക്കരണ നയങ്ങൾ പിന്നീട് ബി.ജെ.പി അധികാരത്തിൽ വന്നതിനു ശേഷം കൂടുതൽ ശക്തമായി നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായി രാജ്യത്തെ കർഷക ജനസമൂഹം കൂടുതൽ പാപ്പരീകരിക്കപ്പെടുകയും കർഷകർ കൃഷി ഉപേക്ഷിച്ച് പോവുകയും ചെയ്യുന്നു.

സ്വാതന്ത്ര്യ സമരകാലം മുതൽ ഉയർന്നുവന്ന “കൃഷി ഭൂമി കർഷകന്” എന്ന മുദ്രാവാക്യം വിസ്മരിച്ചുകൊണ്ട് ”കൃഷി ഭൂമി കോർപ്പറേറ്റുകൾക്ക്” എന്ന നിലയിലുള്ള നയമാണ് മോഡി സർക്കാർ നടപ്പാക്കുന്നത്. ഭൂപരിഷ്കരണ നിയമം നടപ്പാക്കിയ കേരളം, ബംഗാൾ, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങൾ ഒഴികെ മറ്റ് പ്രദേശങ്ങളിൽ കൃഷി ഭൂമി വൻതോതിൽ ഭൂപ്രഭുക്കളും കർഷക മുതലാളിമാരും കയ്യടക്കി വച്ചിരിക്കുകയാണ്. തന്മൂലം കാർഷിക രംഗത്ത് അസമത്വവും ദാരിദ്ര്യവും വർധിച്ചു വരുന്നു. ദരിദ്ര കർഷകരും, കർഷക തൊഴിലാളികളും കടക്കെണിയിലായതിനെ തുടർന്ന് കർഷക ആത്മഹത്യ വർദ്ധിച്ചു വരികയാണ്. കഴിഞ്ഞ 20 വർഷത്തിനിടയിൽ 4 ലക്ഷത്തോളം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടന പ്രകാരം സംസ്ഥാനങ്ങളുടെ അധികാരത്തിലുള്ള വിഷയങ്ങളുടെ പട്ടികയിലാണ് കൃഷി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സംസ്ഥാനങ്ങളുടെ അനുമതിയില്ലാതെ എല്ലാ ഫെഡറൽ തത്വങ്ങളും ലംഘിച്ചുകൊണ്ട് മോഡി സർക്കാർ 2020 ൽ മൂന്ന് കാർഷിക നിയമങ്ങൾ പാസ്സാക്കിയെടുത്തു. കാർഷികമേഖലയെ കോർപ്പറേറ്റ് വല്ക്കരിക്കാൻ ഉദ്ദേശിച്ചുകൊണ്ട് പാർലമെന്റിൽ പാസ്സാക്കിയ ഈ നിയമങ്ങളുടെ അപകടം തിരിച്ചറിഞ്ഞ ഇന്ത്യൻ കർഷകർ അതിശക്ത പ്രക്ഷോഭപരിപാടികൾ ആരംഭിക്കുകയാണുണ്ടായത്. 500 ഓളം കർഷകസംഘടനകൾ സംയുക്തമായി രംഗത്തിറങ്ങി നടത്തിയ ഐതിഹാസികമായ സമരം 380 ദിവസക്കാലം നീണ്ടുനിന്നു. ഇതിനെ അടിച്ചമർത്താനുള്ള കേന്ദ്രസർക്കാരിന്റെ നടപടികൾ പരാജയപ്പെടുകയും ഒടുവിൽ കർഷക രോഷത്തിനു മുന്നിൽ മുട്ടുമടക്കി ഈ നിയമങ്ങൾ പിൻവലിക്കുകയും ചെയ്യുന്ന സാഹചര്യം സംജാതമായി ദേശീയ കർഷക സമരത്തിൽ പങ്കെടുത്ത് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ സിഐറ്റിയു തയ്യാറായിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിനു ശേഷം നടന്ന ഏറ്റവും ഐതിഹാസികമായ ഈ സമരത്തിൽ പങ്കെടുത്ത എല്ലാ നേതാക്കളെയും കർഷകരെയും ഈ സമ്മേളനം അഭിവാദ്യം ചെയ്യുന്നു.

എന്നാൽ കേന്ദ്ര നിയമങ്ങൾ പിൻവലിച്ചെങ്കിലും ഇതിനു സമാനമായ പല കർഷകദ്രോഹ നിയമങ്ങളും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ പാസ്സാക്കിയിരിക്കുകയാണ്. ഭൂരഹിത കർഷകർക്ക് ഭൂമി ലഭ്യമാക്കുവാൻ സഹായകമായ ഭൂപരിഷ്കരണ നിയമങ്ങളും ഭൂപരിധി നിയമങ്ങളും കാലഹരണപ്പെട്ടതായി പ്രചരിപ്പിച്ചുകൊണ്ടാണ് ഈ രംഗത്ത് ബിജെപി സർക്കാർ നവ ഉദാരവൽക്കരണനയങ്ങൾ നടപ്പാക്കുന്നത്. ഈ സാഹചര്യത്തിൽ മോഡി സർക്കാരിന്റെ കർഷകദ്രോഹ നയങ്ങൾക്കെതിരെ കർഷകരും തൊഴിലാളികളും യോജിച്ച പോരാട്ടം ശക്തമാക്കണമെന്ന് സിഐടിയു 15ാം കേരള സംസ്ഥാന സമ്മേളനം രാജ്യത്തെ കർഷകരോടും തൊഴിലാളികളോടും ആഹ്വാനം ചെയ്യുന്നു.

**പ്രമേയം**

## ഇ.പി.എഫ് പെൻഷൻ കാലോചിതമായ മാറ്റത്തിന് തയ്യാറാവണം

പ്രോവിഡന്റ് ഫണ്ട് പെൻഷൻ ബാധകമായ മുഴുവൻ തൊഴിലാളികളെയും, ജീവനക്കാരെയും നിരാശപ്പെടുത്തുന്നതായിരുന്നു സുപ്രീംകോടതിയുടെ ഇയിടെ പുറപ്പെടുവിച്ച വിധി. ഇപിഎഫ് ഓർഗനൈസേഷനും, കേന്ദ്രസർക്കാരും ചേർന്ന് സമർപ്പിച്ച പ്രത്യേകാനുമതി ഹർജിയും, ഇപിഎഫ്ഒയുടെയും തൊഴിലാളികളുടെയും സിവിൽ അപ്പീലുകളും, സ്വകാര്യഅപ്പീലുകളും തീർപ്പാക്കിയാണ് വിധി. 2022 നവംബർ മാസം 4 ന് വിധി പ്രഖ്യാപിച്ചത്. ഹൈക്കോടതികളുടെ തൊഴിലാളികൾക്കനുകൂലമായ വിധികളെല്ലാം അസാധുവാക്കിയ സുപ്രീംകോടതി ഫലത്തിൽ കേന്ദ്രസർക്കാർ 2014 ൽ നടപ്പാക്കിയ ഭേദഗതികളെ ശരിവയ്ക്കുകയാണുണ്ടായത്.

24 മണിക്കൂറും 365 ദിവസവും ദീർഘകാലം തൊഴിൽ ചെയ്ത് വിരമിച്ച ഇപിഎഫ് പെൻഷൻകാരിൽ മഹാഭൂരിപക്ഷവും മിനിമം 1000 രൂപ പെൻഷനിൽ താഴെയാണ്. ഇവരെല്ലാവരും 2014 ലെ ഭേദഗതി വരുന്നതിന് മുമ്പ് റിട്ടയർ ചെയ്ത് നിസാര പെൻഷൻ വാങ്ങുന്നവരാണ്. സുപ്രീംകോടതിയും, കേന്ദ്രസർക്കാരും ഇപിഎഫ്ഒയും ഇവരുടെ ദൈന്യതയ്ക്ക് പരിഹാരം കാണാൻ ഒന്നും ചെയ്യുന്നില്ല. കോടതികൾ അൺക്ലെയിംഡ് ഫണ്ടായി പിഎഫ് ട്രസ്റ്റിലുള്ള ലക്ഷക്കണക്കിന് രൂപ ഓഹരി കമ്പോളത്തിലേക്ക് മാറ്റിയ കേന്ദ്രസർക്കാർ പാവം പിഎഫ് പെൻഷനോട് കാട്ടുന്ന സമീപനം പ്രതിഷേധാർഹമാണ്. 9000 രൂപ മിനിമം പെൻഷൻ വേണമെന്ന ആവശ്യം മുഴുവൻ ട്രേഡ് യൂണിയുകളുടേയും ആവശ്യമായി ഉയരണം. ഇപിഎഫ് പെൻഷൻ വർധിപ്പിച്ച് കാലോചിതമായ മാറ്റത്തിന് തയ്യാറാവാൻ നരേന്ദ്രമോദി സർക്കാരിനോട് സിഐടിയു 15ാം സംസ്ഥാനസമ്മേളനം ആവശ്യപ്പെടുന്നു.

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

പ്രമേയം

## വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 പിൻവലിക്കുക

വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 ആഗസ്റ്റ് 8 ന് ലോക് സഭയിൽ അവതരിപ്പിക്കപ്പെടുകയും, ശക്തമായ പ്രതിഷേധത്തെ തുടർന്ന് ഊർജ്ജ കാര്യ സ്റ്റാൻഡിങ് കമ്മറ്റിയുടെ പരിശോധനയ്ക്ക് വിടുകയും ചെയ്തിരിക്കുകയാണ് സ്വകാര്യ മൂലധന ശക്തികൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ വൈദ്യുതി വിതരണ മേഖലയിലേക്ക് കടന്നുവരാൻ വഴിയൊരുക്കുന്നതാണ് അവതരിപ്പിക്കപ്പെട്ട വൈദ്യുതി ഭേദഗതിബിൽ. എഞ്ചിനീയർമാരുടെയോ, സാമ്പത്തിക സാമൂഹ്യ ശാസ്ത്രജ്ഞരുടെയോ, പൊതുസമൂഹത്തിന്റെയോ അഭിപ്രായം മാനിക്കാതെയാണ് കേന്ദ്രസർക്കാർ ഭേദഗതിയുമായി മുന്നോട്ടുപോകുന്നത്. ഈ നിയമ ഭേദഗതി ജനങ്ങളുടെ ഊർജ്ജ അവകാശം നിഷേധിക്കുന്നതും വൈദ്യുതി വിതരണം ലാഭക്കൊതിയന്മാരായ കച്ചവടക്കാർക്ക് അടിയറ വയ്ക്കുന്നതുമാണ്.

സ്വകാര്യവൽക്കരണത്തിന് ബദലായി കാര്യക്ഷമതയോടെയും ഉപഭോക്തൃ സൗഹൃദത്തോടെയും പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ലിമിറ്റഡിനെ തുടർന്നും പൊതുമേഖലയിൽ ഒറ്റ സ്ഥാപനമായി സംരക്ഷിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നും അതിന് പ്രതിബന്ധമായ ഭേദഗതികൾ പിൻവലിക്കണം എന്നും സി.ഐ.ടി.യുവിന്റെ 15ാമത് കേരള സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

പ്രമേയം

## അന്ധവിശ്വാസത്തിനും അനാചാരത്തിനുമെതിരെ

കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും ഈശ്വരവിശ്വാസികളാണ്. മുസ്ലീങ്ങളിലും ക്രൈസ്തവരിലും ഭൂരിപക്ഷവും മതവിശ്വാസികളാണ്. പ്രവാചകൻ, മതഗ്രന്ഥം, സന്യാസിസംഘം (പുരോഹിതസംഘം), മതബോധനം എന്നിത്യാദികാര്യങ്ങളിലധിഷ്ഠിതമായ ഈശ്വരവിശ്വാസത്തെയാണ് മതം എന്ന പദം അർത്ഥമാക്കുന്നത്. ഇത്തരത്തിലുള്ള സംവിധാനങ്ങളൊന്നും ഹിന്ദുക്കൾക്കില്ല. അവർക്കുള്ളത് ക്ഷേത്രാരാധനയാണ്. അതുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും ആചാരങ്ങളുമാണ്. ഇതെല്ലാം രൂപപ്പെടുന്നത് ജാതിജന്മിനാടുവാഴിപൗരോഹിത്യ വ്യവസ്ഥകളിലാണ്. സ്വാതന്ത്ര്യലബ്ധിയോടുകൂടി നാടുവാഴിത്തവും കാർഷികബന്ധനിയമത്തോടുകൂടി ജന്മിത്തവും ഇല്ലാതായി. സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ ഫലമായി ജാതിവ്യവസ്ഥ ദുർബലമായി. എന്നാൽ പൗരോഹിത്യം (പൂണൂലിട്ടവരും ഇടാത്തവരുമായ പൂജാരിമാർ, ജോത്സ്യന്മാർ, മന്ത്രവാദികൾ ആചാരസംരക്ഷകർ) ഇന്നും ശക്തമായി നിലനിൽക്കുന്നു. പത്തൊമ്പതാംനൂറ്റാണ്ടിലുണ്ടായതിനേക്കാൾ എത്രയോ കൂടുതലാണ് ഇരുപതാം നൂറ്റാണ്ടിൽ, പ്രത്യേകിച്ച് സ്വാതന്ത്ര്യലബ്ധിക്കുശേഷം കേരളത്തിലുണ്ടായിട്ടുള്ള ക്ഷേത്രങ്ങളും ക്രൈസ്തവഇസ്ലാമിക ദേവാലയങ്ങളും കൈത്തൊഴിലുകളുടേയും കൈവേലക്കാരുടെയും ദേവതകൾക്ക് (ജാതിദേവതകൾ അമ്മൻകോവിലിലുണ്ട്) ക്ഷേത്രങ്ങൾ നിർമ്മിച്ച് അവിടെയെല്ലാം ബ്രാഹ്മണപൂജാരിമാരെ നിയമിച്ചത് അഭ്യസ്തവിദ്യരായ മധ്യവർഗമാണ്. ജാതിവ്യത്യാസമില്ലാതെ എല്ലാവർക്കും ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ടപ്പോൾ ആചാരാനുഷ്ഠാനങ്ങളിൽ നിന്നും വിശ്വാസത്തെയും അന്ധവിശ്വാസത്തിൽ നിന്നും വേർതിരിച്ചറിയാനാവാത്ത അവസ്ഥയിൽ സമൂഹം എത്തിച്ചേർന്നു. നാലടിയിലേറെ നീളം വരുന്ന ഉരുക്കുശൂലം കവിളിൽക്കൂടി കുത്തിക്കയറ്റി കാവടിഘോഷയാത്ര നടത്തുന്നതും മുതുകത്തെ കട്ടി മാംസത്തിൽ ഉരുക്കു കൊളുത്തുകൾ കുത്തിക്കയറ്റി ആകാശത്തേക്കുയർത്തി പറവക്കാവടി നടത്തുന്നതും അനാചാരമല്ലേയെന്നു ചോദിക്കാനുള്ള ആർജ്ജവം മധ്യവർഗവൽക്കരിക്കപ്പെട്ട കേരളസമൂഹത്തിനു നഷ്ടപ്പെട്ടിരിക്കുന്നു. മാംസാഹാരികളും മദ്യപാനികളുമായ ദേവകളെ "കാളികുളിദൈവങ്ങൾ" എന്ന് വിശേഷിപ്പിച്ച ശ്രീനാരായണന്റെ തന്റേടം പ്രബുദ്ധ കേരളത്തിന് കൈമോശം

വന്നിരിക്കുന്നു. വസ്ത്രധാരണാവകാശത്തിനു വേണ്ടി സമരം ചെയ്ത് വിജയം കൈവരിച്ച സ്ത്രീകൾക്ക് എല്ലാ ക്ഷേത്രത്തിലും മാന്യമായ വേഷം ധരിച്ച് പ്രവേശിക്കുവാനുള്ള അവകാശം ഉണ്ട്. എന്നാൽ പുരുഷന്മാർ കുപ്പായം ധരിച്ച് ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ പാടില്ലായെന്ന വിലക്കിനെ വിമർശിക്കുവാൻ ആർക്കും ധൈര്യമില്ല. ജാതിമത ബോധത്തിലധിഷ്ഠിതമായ കുടുംബാന്തരീക്ഷത്തിലാണ്. കേരളത്തിലെ കുഞ്ഞുങ്ങൾ ജനിക്കുന്നതും വളരുന്നതും "അവർ വളർന്ന് വർഗ ബഹുജനസംഘടനകളിൽ അംഗങ്ങളാകുമ്പോഴും ജാതിമതാ ദിശാബോധം തളരാതെ നിലനിൽക്കും. അതായത് വർഗബോധത്തിനനുസൃതമായ സാംസ്കാരികരംഗത്തെ വർഗബോധം വളരുന്നില്ലായെന്ന വൈരുദ്ധ്യം നിലനിൽക്കുന്നു. ഇതിനെ തരണം ചെയ്യാൻ സൂക്ഷ്മതല സാംസ്കാരികാവബോധം വളർത്തിയെടുക്കണം. സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലെ വർഗസമരത്തോടൊപ്പം തന്നെ സാംസ്കാരിക രംഗത്തെ വർഗ്ഗസമരത്തിനും പ്രാമുഖ്യം നൽകണം. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലെ ആദ്യപാദത്തിലും നടന്ന നവോത്ഥാന പ്രക്ഷോഭങ്ങൾ സാംസ്കാരിക രംഗത്തെ വർഗസമരമായിരുന്നുവെന്നും അതിന്റെ തുടർ പ്രവർത്തനം നടത്താൻ ജാതിമത സംഘടനകൾക്കു കഴിയില്ലെന്നും തൊഴിലാളി വർഗമാണ് ആ സമരം നയിക്കേണ്ടതെന്നും നാം തിരിച്ചറിയണം. തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥി യുവജന വനിതാ സംഘടനകളും സാംസ്കാരിക പ്രവർത്തനങ്ങളും ഒത്തുചേർന്നുള്ള ഐക്യമുന്നണിയാണ് സാംസ്കാരിക രംഗത്തെ വർഗസമരം നയിക്കേണ്ടത് എന്ന് സിഐടിയു 15ാം സംസ്ഥാന സമ്മേളനം പ്രഖ്യാപിക്കുന്നു.

**പ്രമേയം**

## ലഹരിക്കെതിരെ നവകേരള മുന്നേറ്റം ക്യാമ്പയിനിൽ പങ്കാളിയാകുക

ലഹരി പദാർഥങ്ങളുടെ അനിയന്ത്രിതമായ ഉപഭോഗം ലോകത്ത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുവാനും സമൂഹത്തിന്റെ ബുദ്ധിപരവും സാംസ്കാരികവും സർവോപരി ധാർമികവുമായ നാശത്തിനും കാരണമാകുന്നുവെന്ന റിപ്പോർട്ടുകളാണ് പുറത്തു വന്നു കൊണ്ടിരിക്കുന്നത്. ഓരോ രാജ്യത്തിന്റേയും നിയമ വ്യവസ്ഥയെതന്നെ ചോദ്യം ചെയ്യുന്ന ലഹരി വ്യാപാരം സമൂഹത്തിനും വ്യക്തിക്കും കുടുംബത്തിനുമെല്ലാം സൃഷ്ടിക്കുന്ന പ്രതിസന്ധിയുടെ ആഴം വിവരണാതീതമാണ്. യുവജനങ്ങളെ ലഹരിയുടെ തീരാകയങ്ങളിലേക്ക് വീഴാതെ നോക്കുകയും സാഹചര്യങ്ങളുടെ സമ്മർദങ്ങളാൽ ലഹരിക്കടിമപ്പെട്ടവരെ വിദഗ്ധ കൗൺസലിംഗും ആവശ്യമായ മരുന്നുകളും നൽകി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്യുകയെന്നത് സമൂഹത്തിന്റെ ബാധ്യതയാണ്.

ലഹരി ഉപഭോഗമെന്നത് നിയന്ത്രിക്കുവാനും പ്രതിരോധിക്കുവാനും ചികിൽസിക്കാനും കഴിയുന്ന ഒരു സാമൂഹ്യതിന്മയാണ്. ശക്തമായ ബോധവൽക്കരണം, കണിശമായ നിയമവ്യവസ്ഥ, ജനകീയമായ പ്രചാരണ പരിപാടികൾ മുതലായവയിലൂടെ ലഹരി പദാർഥങ്ങളുടെ നിർമാണവും വിതരണവും കുറച്ച് പ്രശ്നത്തിന്റെ ഗുരുതരാവസ്ഥക്ക് മാറ്റം വരുത്താനാകും.

ഐക്യരാഷ്ട്ര സംഘടനയുടെ കണക്കനുസരിച്ച് ലോകത്ത് 200 ദശലക്ഷമാളുകൾ വർഷത്തിലൊരിക്കലെങ്കിലും ലഹരി പദാർഥങ്ങൾ ഉപയോഗിക്കുന്നവരാണ്. ഇതിൽ 25 ദശലക്ഷംപേർ ലഹരിക്കടിമപ്പെട്ടവരാണ്. വർഷം തോറും രണ്ട് ലക്ഷം പേരെങ്കിലും ലഹരി പദാർഥങ്ങളുടെ ഉപഭോഗം മൂലം മരണപ്പെടുന്നു. കാലം പുരോഗമിച്ചതോടെ അന്താരാഷ്ട്രാടിസ്ഥാനത്തിൽ ശക്തമായ കണ്ണികളുള്ള ഡ്രഗ്

സിഐടിയു
സംസ്ഥാന സമ്മേളനം
2022 ഡിസംബർ 17 | 18 | 19
കോഴിക്കോട്

മാഫിയകൾ രംഗത്തു വരികയും പുതിയ രീതിയിൽ വൻ തോതിലുള്ള ഉൽപാദന വിപണന ശൃംഖലകൾ കെട്ടിപ്പടുക്കുകയും ചെയ്തിരിക്കുന്നു. ലഹരി വസ്തുക്കളുടെ ഉൽപാദനവും വിപണനവും വിതരണവും രാജ്യങ്ങളുടെ സമ്പദ്ഘടനയെപോലും അട്ടിമറിക്കാൻ ശേഷിയുള്ള സമാന്തര സാമ്പത്തിക സാമ്രാജ്യമായി വളർന്നിരിക്കുന്നു മയക്കുമരുന്ന് മനുഷ്യ കുലത്തിന് വരുത്തിവെക്കുന്ന ആരോഗ്യപരവും മനുഷ്യത്വപരവുമായ വിപത്തിന്റെ ആഴം ഏറെ വലുതാണ്. ലഹരി പദാർഥങ്ങൾ മനുഷ്യത്വത്തെ അപഹരിക്കുകയും മനുഷ്യനിലെ മൃഗീയതയെ കയറൂരിവിടുകയുമാണ് ചെയ്യുന്നത്. സമൂഹം തിന്മകൾക്ക് ചില പൂട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പൂട്ടുകളെല്ലാം തുറക്കാൻ ഒരൊറ്റ താക്കോൽ മതി, അതാണ് ലഹരിപദാർഥം.

ആധുനിക വൈദ്യശാസ്ത്രവും മനശാസ്ത്രവും ലഹരി ഉപഭോഗത്തിന് കാരണമായി പറയുന്നത് മാനസിക സംഘർഷം, സുരക്ഷിത ബോധമില്ലായ്മ, ജീവിത പ്രയാസങ്ങൾ, തകർന്ന ദാമ്പത്യം, മാനസിക വൈകല്യങ്ങൾ എന്നിവയൊക്കെയാണ്. വാസ്തവത്തിൽ

ലഹരി പദാർഥങ്ങൾ മനുഷ്യന് നാശം മാത്രമേ നൽകുന്നുള്ളൂ എന്ന് തിരിച്ചറിയുന്നതിലെ പരാജയമാണ് വർധിച്ചുവരുന്ന ലഹരി ഉപഭോഗത്തിന്റെ വർധനവിന് കാരണം.

ശാസ്ത്ര -സാങ്കേതിക രംഗങ്ങളിൽ സ്തുത്യർഹമായ പുരോഗതി കൈവരിച്ച ആധുനിക മനുഷ്യന് മയക്കുമരുന്നുകൾ ഒരു പേടിസ്വപ്നമായി മാറിയിരിക്കുന്നു. സമൂഹം വളരുകയാണെന്ന് അഭിമാനിക്കുമ്പോഴും നൈമിഷികാസക്തിയുടെ പ്രലോഭനത്തിൽ ജീവിത സങ്കീർണതകളിൽ നിന്ന് ഒളിച്ചോടാനുള്ള വ്യഗ്രതയാൽ അപക്വമതികൾ തീർക്കുന്ന ലഹരി സാമ്രാജ്യം മാനവരാശിയുടെ സമാധാന പൂർണമായ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യാൻ പാകത്തിൽ വളർന്നിരിക്കുന്നു. ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെ പോകുന്നതാണ് മിക്കപ്പോഴും ഇത്തരം പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നത്. ക്ഷമയും സഹനവും അവലംബിച്ച് പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പകരം നൈമിഷികമായ വൈകാരിക ജ്വലനം കണക്കിലെടുത്ത് മരണക്കെണിയിലേക്ക് എടുത്ത് ചാടുന്നത് ബുദ്ധിശൂന്യതയാണെന്ന് തിരിച്ചറിയണം.

നമ്മുടെ കുടുംബം, നമ്മുടെ സമൂഹം എന്നിവയിൽ മയക്കുമരുന്നിന് യാതൊരു സ്ഥാനവുമില്ല ലഹരിക്കെതിരെ ശക്തവും കാര്യക്ഷമവുമായ ഒരു സാമൂഹിക കൂട്ടായ്മ സാക്ഷാൽക്കരിക്കാനാകണം. മയക്കുമരുന്നിന്റെ വിപത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കാൻ വിപുലമായ ജനകീയ പ്രതിരോധ ക്യാമ്പയിനാണ് കേരള സർക്കാർ സംഘടിപ്പിക്കുന്നത്. ഈ ജനകീയ ക്യാമ്പയിനുകൾ വിജയിപ്പിക്കാൻ എല്ലാ തൊഴിലാളികളോടും സിഐടിയു 15-ാം കേരള സംസ്ഥാന സമ്മേളനം അഭ്യർത്ഥിക്കുന്നു.

**പ്രമേയം**

## സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്രസർക്കാർ നയങ്ങളെ ചെറുക്കുക

കേരളത്തിലെ സഹകരണ വായ്പാ മേഖല രാജ്യത്തിനു തന്നെ മാതൃകയാണ്. രാജ്യത്തിലെ മൊത്തം സഹകരണ നിക്ഷേപത്തിന്റെ 70 ശതമാനവും കേരളത്തിന്റെ സംഭാവനയാണ്. കേരളത്തിലെ സമ്പദ്ഘടനയിൽ നിർണ്ണായക പ്രാധാന്യമുള്ള സഹകരണ മേഖല സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുകയും സഹായകരമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്നു. ആഗോളവൽക്കരണ നയങ്ങൾ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുകയാണ്. 1991, 2004, 2013 എന്നിങ്ങനെ പല കാലഘട്ടങ്ങളിലായി രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ നമ്മുടെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിനെതിരായി ശക്തമായ ചെറുത്തുനിൽപ്പ് സംഘടിപ്പിച്ചതു കൊണ്ടാണ് സഹകരണ മേഖല ഇപ്പോഴും നിലനിൽക്കുന്നത്.



ഭരണഘടന പ്രകാരം സംസ്ഥാന വിഷയമായ സഹകരണ മേഖലയിൽ കേന്ദ്രസർക്കാർ ഇടപെട്ട് പുതിയ നിയമങ്ങൾ ഉണ്ടാക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. 2022 ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ മൾട്ടി സ്റ്റേറ്റ് സഹകരണ ഭേദഗതി നിയമത്തിലൂടെ വിവിധ സംസ്ഥാനങ്ങൾ പ്രവർത്തന പരിധിയാക്കി യാതൊരു നിയന്ത്രണവുമില്ലാതെ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും വഴിയൊരുക്കിയിരിക്കുകയാണ്. 2013 ൽ 97ാം ഭരണഘടന ഭേദഗതിയിലൂടെ സഹകരണ മേഖലയിലേക്ക് കടന്നു കയറാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം തടഞ്ഞത് കോടതിയാണ്. സഹകരണ വകുപ്പിന് പ്രത്യേക മന്ത്രാലയം ഉണ്ടാക്കി ആസൂത്രിതമായ ഇടപെടലുകളാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്.

2020 ലെ ബാങ്കിങ്ങ് നിയമഭേദഗതിയിലൂടെ നിയമത്തിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളുടെ ഭരണപരമായ വിഷയങ്ങളിൽ ഇടപെടുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്കിന് ലഭ്യമായിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, അർബൻ ബാങ്കുകൾ എന്നിവയുടെ ഭരണസമിതി പിരിച്ചുവിടുന്നതിനും, മാനേജിങ്ങ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ ഇടപെടുന്നതിനും റിസർവ്വ് ബാങ്കിന് അധികാരം ലഭിച്ചിട്ടുണ്ട്.




ഇങ്ങനെ പല വിധത്തിൽ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കാനുള്ള ആസൂത്രിതമായ നീക്കങ്ങളാണ് കേന്ദ്രസർക്കാർ നടത്തുന്നത് സ്വകാര്യ കോർപ്പറേറ്റ് ബാങ്കുകൾക്ക് ജനങ്ങളെ യഥേഷ്ടം ചൂഷണം നടത്താനുള്ള സാഹചര്യമാണ് കേന്ദ്ര സർക്കാർ ഒരുക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സഹകരണ മേഖലയെ ശക്തപ്പെടുത്തുന്ന നടപടികൾക്ക് പിന്തുണ പ്രഖ്യാപിക്കുന്നതിനോടൊപ്പം സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങളെ ചെറുത്തു തോൽപ്പിക്കാൻ സഹകാരി സമൂഹത്തിന്റെയും പൊതുജനങ്ങളുടെയും യോജിച്ച പ്രക്ഷോഭം സംഘടിപ്പിക്കാൻ സിഐടിയു 15ാം കേരള സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്യുന്നു.

**പ്രമേയം**

# കശുഅണ്ടി മേഖലയെ സംരക്ഷിക്കുക

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ വിശിഷ്യാ, കശുവണ്ടി കയർ, കൈത്തറി, മത്സ്യബന്ധനം, തോട്ടം തുടങ്ങിയ മേഖലകൾ വലിയ പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. കേരളത്തില ഇടതുപക്ഷസർക്കാർ അധികാരത്തിൽ വരുന്ന സന്ദർഭങ്ങളിലാണ് ഇവ കുറച്ചൊക്കെ പിടിച്ചുനിൽക്കുന്നത്. ഈ മേഖലകളുടെ ഇന്നത്തെ സ്ഥിതി കൂടുതൽ സങ്കീർണമാണ് എന്നതിനാൽ ഇവ ഗൗരവതരമായ ഇടപെടലുകൾ അർഹിക്കുന്നുണ്ട്.

കൊല്ലം ജില്ലയിൽ മാത്രം ഒന്നര ലക്ഷത്തോളം തൊഴിലാളികൾ, ബഹുഭൂരിപക്ഷം സ്ത്രീകൾ പണിയെടുക്കുന്ന മേഖലയാണ് കശുവണ്ടി മേഖല. തോട്ടണ്ടി ഇറക്കുമതിയിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കമാണ് കശുവണ്ടി വ്യവസായത്തിന്റെ തകർച്ചക്ക് ആദ്യകാരണമായത്. നിരന്തരമായ പ്രക്ഷോഭങ്ങളെ തുടർന്ന് പിന്നീട് ഇത് വെട്ടിക്കുറച്ചെങ്കിലും ഇപ്പോഴും ഇറക്കുമതി തീരുവ തുടരുകയാണ്. സംസ്ഥാനത്ത് തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം നമ്മുടെ ആവശ്യകതയുടെ ചെറിയ ഒരു പങ്കു മാത്രമാണ്. മുൻകാലങ്ങളിൽ ആഫ്രിക്കൻ രാജ്യങ്ങളും വിയറ്റ്നാം ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളിൽ നിന്നുമാണ് നമുക്ക് ആവശ്യമായ തോട്ടണ്ടി ലഭിച്ചിരുന്നത്.അടുത്തകാലത്തായി ഈ രാജ്യങ്ങളിൽ സ്വന്തമായി പ്രൊസസിംഗ് യൂണിറ്റുകൾ ആരംഭിച്ചതോടെ കേരളത്തിന് ആവശ്യമായ തോട്ടണ്ടിക്ക് വലിയതോതിൽ ക്ഷാമം നേരിട്ടു. ലഭ്യമാവുന്ന തോട്ടണ്ടി, ലാഭക്കൊതിയന്മാരായ ഇടനിലക്കാരുടെയും സ്വകാര്യ ഏജൻസികളുടെയും കൗശലപൂർണ്ണമായ ഇടപെടലിന്റെ ഫലമായി ന്യായമായ വിലയ്ക്ക് ലഭിക്കാതെയായി. വിദേശരാജ്യങ്ങളിൽ നിന്നും ഗുണനിലവാരം നോക്കാതെ കശുവണ്ടിപ്പരിപ്പ് യഥേഷ്ടം ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ അനുവാദം നൽകിയത് മൂലം ഇന്ത്യൻ കമ്പോളത്തിൽ പരിപ്പ് വിലകുറച്ച് വിൽക്കാൻ കഴിയുന്നു. ഉൽപാദന ചെലവ് താരതമ്യേന കൂടുതലായ നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പരിപ്പിന് കമ്പോളത്തിലെ മത്സരത്തിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത പ്രതിസന്ധിയും ഉണ്ടായി.

പിണറായി സർക്കാർ ഈ മേഖലയെ സംരക്ഷിക്കാൻ കഴിയുന്നത്ര ഇടപെടൽ നടത്തു




കയുണ്ടായി. യുഡിഎഫ് സർക്കാർ കുടിശ്ശിക യാക്കിയ മുഴുവൻ ഗ്രാറ്റുവിറ്റിയും എൽഡിഎഫ് സർക്കാർ നൽകി. ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന സ്വകാര്യ കശുവണ്ടി വ്യവസായിക ളെയും വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ബജറ്റിൽ വകയിരുത്തി സാമ്പത്തിക പാക്കേജു കൾ പ്രഖ്യാപിച്ചു. കൂടാതെ വ്യവസായത്തിലെ പ്രതിസന്ധി മൂലം വ്യവസായികൾ ബാങ്കുക ളിൽ നിന്നും എടുത്തിരുന്ന വായ്പാ കുടിശ്ശിക മുഖ്യമന്ത്രിയുടെ ഉൾപ്പെടെ സാന്നിധ്യത്തിൽ പലതവണ ബാങ്ക് അധികൃതരുമായി ചർച്ചചെയ്ത് വ്യവസായികൾക്ക് സഹായകരമായ വായ്പ സെ റ്റിൽമെന്റും പുനർവായ്പ പദ്ധതിയും അംഗീകരി ച്ചെങ്കിലും ബാങ്കുകൾ ഒട്ടുമിക്കതും പുനർവായ്പ നൽകാൻ സന്നദ്ധമാവാത്ത വഞ്ചനാപരമായ നിലപാട് സ്വീകരിക്കുകയാണ് ചെയ്തത്. കേ ന്ദ്രസർക്കാരിന്റെ ഒത്താശ ബാങ്കുകളുടെ ഈ നിലപാടിന് പിന്നിലും ഉണ്ട് എന്ന് വ്യക്തമാണ്. ഇതിന്റെ ആകെ അനന്തരഫലം എന്ന നിലയിൽ സംസ്ഥാനത്തെ കശുവണ്ടിഫാക്ടറികൾ ഭൂരിപ ക്ഷവും അടഞ്ഞുകിടക്കുന്നതും തൊഴിലാളികൾ ക്ക് വേലയും കൂലിയും നഷ്ടപ്പെടുന്നതും ആയ സ്ഥിതിയാണ് നിലനിൽക്കുന്നത്. ഇഎസ്ഐ നിയമപ്രകാരമുള്ള കുറഞ്ഞ തൊഴിൽ ദിനങ്ങൾ തികയാത്തത് കാരണം തൊഴിലാളികൾക്ക് ചികിത്സാ ആനുകൂല്യങ്ങൾ പോലും നിഷേ ധിക്കപ്പെടുന്ന തീർത്തും ദുരിത പൂർണ്ണമായ സാഹചര്യത്തെയാണ് ഈ മേഖല നേരിടുന്നത്. ഇതെല്ലാം അതിജീവിച്ചും കുറെയേറെ ഫാക്ടറി കൾ തുറന്നു പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കശുവണ്ടി വ്യവസായത്തെ സംബന്ധിക്കുന്ന താഴെപറയുന്ന ആവശ്യങ്ങൾ അംഗീകരിക്ക ണമെന്ന് സിഐടിയു പതിനഞ്ചാം സംസ്ഥാന സമ്മേളനം ബന്ധപ്പെട്ട അധികൃതരോട് ആവശ്യ പ്പെടുന്നു.

1. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ തിരുത്തി വ്യവസായത്തെ സംരക്ഷിക്കാൻ പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുക.
2. സംസ്ഥാന ഗവൺമെൻറുമായി ചേർന്ന് കേരളത്തിലെ പ്രമുഖ ബാങ്കുകൾ കരാറാക്കിയ വായ്പ കുടിശ്ശിക തീർക്കൽ, പുനർ വായ്പ്പാ വിതരണ നടപടികൾ അടിയന്തരമായി നടപ്പാക്കുക.
3. കശുവണ്ടി മേഖലയിലെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുക.
4. വ്യവസായത്തിലെ മുഴുവൻ ഫാക്ടറികളും പ്രവർത്തിക്കാൻ ആവശ്യമായ തോട്ടണ്ടി കാഷ്യു ബോർഡ് സംഭരിച്ച് നൽകുക.
5. തൊഴിലാളികൾക്ക് ഇഎസ്ഐ മുഖേനയുള്ള ചികിത്സാ ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുക

**പ്രമേയം**

## 131/2022 എന്ന ശമ്പള ഏകീകരണ ഉത്തരവ് പിൻവലിക്കണം

10 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണമെന്ന കേന്ദ്രസർക്കാർ പദ്ധതിയിലൂടെ നടപ്പാക്കുന്നതും, അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, ഗ്രാറ്റുവിറ്റി, പി.എഫ്. ആനുകൂല്യങ്ങൾ തുടങ്ങിയവ വെട്ടിക്കുറക്കുന്നതുമാണ് 131/2022 എന്ന ശമ്പള ഏകീകരണ ഉത്തരവ്. ജീവവന ക്കാരെയും, തൊഴിലാളി സംഘടനകളെയും ഇരുട്ടിൽ നിർത്തിയുള്ള പ്രസ്തുത ഉത്തരവ് അങ്ങേയറ്റം ജനാധി പത്യവിരുദ്ധവും, തൊഴിലാളി വിരുദ്ധവുമാണ്. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്ന് കേരള സർക്കാരിനോട് സിഐടിയു 15ാം സംസ്ഥാന സമ്മേളനം ആവശ്യപ്പെ ടുന്നു.

## മറ്റ് പ്രമേയങ്ങൾ

- **വഴിയോരക്കച്ചവട ഉപജീവന സംരക്ഷണ നിയമം പഞ്ചായത്തുകളിൽ കൂടി ബാധകമാക്കുക**
- **എൽ.ഐ.സി.യെ സംരക്ഷിക്കാൻ കേരളം ഒറ്റക്കെട്ട് ക്യാമ്പൈനിൽ അണിചേരുക**
- **കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കണം**
- **കൊച്ചി തുറമുഖത്തിന്റെ ഗുരുതരമായ പ്രതിസന്ധിക്കിട വരുത്തുന്ന നയങ്ങൾ ഉപേക്ഷിക്കുക**
- **ചുമട്ട് തൊഴിലാളികളടെ ജോലിയും കൂലിയും സംരക്ഷിക്കണം**

# വിഴിഞ്ഞം സമരവും മത്സ്യതൊഴിലാളി താല്പര്യങ്ങളും
# ചില കാണാപ്പുറങ്ങൾ







ജെ. മേഴ്സിക്കുട്ടിയമ്മ

**വിഴിഞ്ഞം സമരസമിതിയുടെ പ്രശ്നം മത്സ്യതൊഴിലാളികളല്ല. തുറമുഖനിർമ്മാണം നിർത്തിവയ്ക്കണമെന്നതായിരുന്നു. തുറമുഖനിർമ്മാണം പൂർത്തികരണഘട്ടത്തിലെത്തി നിൽക്കുമ്പോൾ നിർമ്മാണം അനുവദിക്കാൻ കഴിയില്ല എന്ന നിലപാട് യുക്തിബോധ്യമുള്ള ഒരാൾക്കും മനസ്സിലാക്കാൻ കഴിയുന്നതല്ല. അതിന്റെ പേരിൽ നാടിന്റെ സമാധാന ജീവിതം തന്നെ തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി നടത്തിയ പോലീസ് സ്റ്റേഷൻ ആക്രമണം, പോലിസ് സ്റ്റേഷൻ ചുട്ടുകരിക്കണം എന്ന ഒരു പുരോഹിതന്റെ ആഹ്വാനത്തിന്റെ തുടർച്ചയാണ്. മത്സ്യതൊഴിലാളികളെ ചേർത്ത്പിടിച്ച്, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന പിണറായി ഗവൺമെന്റിനെതിരെയുള്ള രാഷ്ട്രീയ സമരമാണ് തൊഴിലാളികളെ വൈകാരികമായി ഇളക്കിവിട്ട് നടത്തുന്നത്.**

കഴിഞ്ഞ മൂന്നു മാസത്തിലേറെയായി തിരുവനന്തപുരം ലത്തിൻ അതിരൂപതയുടെ പേരിൽ ചില പുരോഹിതർ നേതൃത്വം നൽകിയ സമരം പിൻവലിച്ചിരിക്കുകയാണ്. തീര സംരക്ഷണം പുനരധിവാസം തുടങ്ങി മത്സ്യ തൊഴിലാളികളുമായി ബന്ധപ്പെട്ട ആറ് ആവശ്യങ്ങളും വിഴിഞ്ഞം തുറമുഖം നിർമ്മാണം നിർത്തി വയ്ക്കണമെന്ന നാടിന്റെ പുരോഗതിയെ ദീർഘകാലാടിസ്ഥാനത്തിൽ തന്നെ തകർക്കുന്ന യുക്തിരഹിതമായ ഒരു മുദ്രാവാക്യവുമാണ് സമരത്തിന് ആധാരമായി ഉയർത്തിയത്.

സമരം തുടങ്ങിയ ആദ്യഘട്ടത്തിൽ തന്നെ കാര്യങ്ങളുടെ ഗതി മനസ്സിലാക്കിയ കേരളത്തിന്റെ മുഖ്യമന്ത്രി ഒരു മന്ത്രിതല ഉപസമിതി രൂപികരിക്കുകയും ചർച്ചയ്ക്ക് നിയോഗിക്കുകയും ചെയ്തു. മന്ത്രി തല ഉപസമിതിയുമായി വിഴിഞ്ഞം സമരസമിതി നടത്തിയ ചർച്ചകളിലെല്ലാം മത്സ്യതൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം അംഗീകരിയ്ക്കുകയും, തുറമുഖ നിർമ്മാണം നിർത്തി വയ്ക്കണമെന്ന ആവശ്യം അംഗീകരിക്കാനാവില്ലെന്ന് തുറന്നുപറയുകയും ചെയ്തു. ചർച്ചകളിലെല്ലാം മത്സ്യതൊഴിലാളിപ്രശ്നങ്ങളിൽ ഗവണമെന്റ് എടുക്കുന്ന തീരുമാനങ്ങളോട് യോജിക്കുന്ന സമരസമിതി പുറത്ത് വന്ന് "മത്സ്യതൊഴിലാളി പ്രശ്നങ്ങളല്ല തുറമുഖനിർമ്മാണം നിർത്തി വയ്ക്കുക" എന്ന ഏകമുദ്രാവാക്യത്തിലാണ് കേന്ദ്രീകരിച്ചത്. ഇത് കേരളസമൂഹം നേരിൽ കണ്ടതാണ്. മാത്രമല്ല, മനസ്സിലാകാത്ത കാര്യം സമരസമിതിയും മന്ത്രി തല ഉപസമിതിയുമായി ചർച്ച ചെയ്ത് അംഗീകരിച്ച കാര്യങ്ങളിൽ ഗവൺമെന്റ് ഉത്തരവിറക്കിയിട്ടില്ല എന്നവാദമാണ് സമരം തുടരുന്നതിന് കാരണമായി ഉയർത്തിപിടിച്ചത്. ഗവൺമെന്റ് പുനരധിവാസത്തിന് 8 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി ഉത്തരവ് ഇറക്കി. ഭവനമില്ലാത്തവരായി സിമന്റ് ഗോഡൗണിൽ

കഴിയുന്നവർക്ക് വീട്ടുവാടകയിനത്തിൽ 5500 രൂപ വീതം നൽകാൻ തീരുമാനിച്ചു. തീരശോഷണവുമായി ബന്ധപ്പെട്ട മത്സ്യതൊഴിലാളികളുടെ ആശങ്ക അകറ്റാൻ വീണ്ടും വിദഗ്ധസമിതിയെ നിയോഗിച്ചു. മത്സ്യതൊഴിലാളി പ്രശ്നങ്ങളോട് ക്രിയാത്മകമായ നടപടികൾ ആണ് ഗവൺമെന്റ് സ്വീകരിച്ചത്. അപ്പോഴുള്ള ആക്ഷേപം ഇതെല്ലാം ഏകപക്ഷീയമായി നടപ്പിലാക്കിയതെന്നായി. തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതെങ്ങനെയാണ് ഏകപക്ഷീയമാകുന്നത്. മത്സ്യതൊഴിലാളികളുടെ അതിജീവനത്തിന്റെ പേരിൽ സമരം നടത്തുന്നവർ മനസ്സിലാക്കേണ്ട, അംഗീകരിക്കേണ്ട ചില വസ്തുകൾ ഉണ്ട്. മത്സ്യതൊഴിലാളികളുടെ ജീവത്തായ പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമങ്ങളാണ് ഇടതുപക്ഷ സർക്കാരുകൾ നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്.

കൊല്ലം ഹാർബർ നിർമ്മാണത്തിനുമുമ്പ് കടലേറ്റം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ട 228 കുടുംബങ്ങളാണ് 1982 മുതൽ 1987 വരെയുള്ള അഞ്ചു വർഷക്കാലം കൊല്ലം മുഹമ്മദൻ സ്കൂൾ കേന്ദ്രമായിട്ടുള്ള ദുരിതാശ്വാസ ക്യാമ്പിൽ പാർത്തിരുന്നത്. ദുരിതപൂർണ്ണമായ അന്തരീക്ഷത്തിൽ നരകതുല്യം ജീവച്ചിരുന്ന മത്സ്യതൊഴിലാളികളെ പുന:രധിവസിപ്പിച്ചത് 1987 ലെ സ.നായനാർ മന്ത്രിസഭ ആയിരുന്നു, അതിന് നേതൃത്വം നൽകിയത് അന്നത്തെ ഫിഷറീസ് മന്ത്രിയായിരുന്ന സ.ടി.കെ.രാമകൃഷ്ണനും ഞാൻ അന്ന് കുണ്ടറ എം.എൽ.എ.യും ആയിരുന്നു. എസ്.ഐഎഫ്.ഐ. പ്രവർത്തക ആയിരുന്ന എന്നോട് മത്സ്യമേഖല ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ട് അന്നത്തെ സി.പി.എം ജില്ലാ സെക്രട്ടറി ആയിരുന്ന സ. ഗുരുദാസൻ മത്സ്യതൊഴിലാളി യൂണിയൻ കൊല്ലം ജില്ലാ സെക്രട്ടറി ആയി ചുമതല ഏൽപ്പിച്ചു. അതിന്റെ ഭാഗമായി കൊല്ലത്ത് എത്തിയ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത് വർഷങ്ങളായി ദുരിതക്യാമ്പിൽ കഴിഞ്ഞിരുന്ന മത്സ്യതൊളിലാളി കുടുംബങ്ങളെയാണ്. ഹാർബർ നിർമ്മാണത്തിന്റെ ഭാഗമായി പുതിയതായി കര വച്ച സ്ഥലത്താണ് ഈ 228 കുടുംബങ്ങളെയും സ.ടി.കെ.രാമകൃഷ്ണൻ അന്ന് മുൻകൈയെടുത്ത് നല്ല വീട് നിർമ്മിച്ച് നൽകി പുനഃരധിവസിപ്പിച്ചത്. തൃശൂർ കോസ്റ്റ് ഫോർഡ് നേതൃത്വത്തിൽ തയ്യാറാക്കിയ വിവിധ മോഡലുകളിൽ നിന്നും തൊഴിലാളികൾക്ക് ഇഷ്ടപ്പെട്ട മാതൃക തെരഞ്ഞെടുത്താണ് ഭവന നിർമ്മാണം നടത്തിയത്.

പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്ന 2016 ൽ ഇതേ പോലൊരു അനുഭവമായിരുന്നു. വലിയതുറ സ്കൂളിൽ കണ്ടത് അഞ്ചു വർഷത്തിലേറെ ആയി വലിയതുറ ഫിഷറീസ് സ്കൂൾ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചുവരികയായിരുന്നു. പുതിയ ഗവൺമെന്റ് വന്ന സാഹചര്യത്തിൽ വലിയതുറ ദുരിതാശ്വാസക്യാമ്പിലെ ദുരിതങ്ങളെക്കുറിച്ച് പത്രവാർത്ത കണ്ട ഞാൻ ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന ആളെന്ന നിലയിൽ അധികാരത്തിൽ വന്ന 12ാം ദിവസം തന്നെ വലിയതുറ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു. വലിയ ക്ഷോഭത്തിലായിരുന്നു തൊഴിലാളി കുടുംബങ്ങൾ. ആരു വന്നാലും തൊഴിലാളികളുടെ ഗതി ഇതുതന്നെ എന്നാണ് അവരുടെ പരാതിയുടെ രത്നചുരുക്കം. 1988 ലെ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് കൊല്ലത്ത് നടത്തിയ പുനരധിവാസ പ്രവർത്തനങ്ങളെകുറിച്ച് അവരോട് വിശദീകരിക്കുകയും ഇടതുമുന്നണിഗവൺമെന്റ് പറയുന്ന കാര്യങ്ങൾ ചെയ്യുന്ന ഗവൺമെന്റാണ് എന്ന് അവർക്ക് ഉറപ്പു നൽകുകയും ചെയ്തു. അതിന്റെ തുടർച്ചയായി പിണറായി ഗവൺമെന്റ് മുട്ടത്തറയിൽ 2.30 ഏക്കർ ഭൂമി ഏറ്റെടുക്കുകയും 18 കോടി രൂപചെലവഴിച്ച് 292 കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്തു. 2018 ഡിസംബറിൽ ഫ്ളാറ്റ് സമുച്ചയം പൂർത്തികരിച്ച് തൊഴിലാളികൾക്ക് കൈമാറി. അന്ന് ഒരു ക്യാമ്പിലും ഒരു മത്സ്യതൊഴിലാളി കുടുംബവും അവശേഷിച്ചിരുന്നില്ല. 2021 ൽ കോവിഡിന് ശേഷമാകണം സിമന്റ് ഗോഡൗണിൽ ഇപ്പോൾ കഴിയുന്ന തൊഴിലാളികൾ എത്തിയത്. ഈ വസ്തുത മറച്ച് വച്ചാണ് വർഷങ്ങളായി ഗോഡൗണിൽ കഴിയുന്നവർ എന്ന് പ്രചാരണം നടത്തുന്നത്. തീരത്ത് വീട് നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും ശാശ്വത പരിഹാരത്തിനായി 50 മീറ്ററിനകത്ത് താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുമായി കേരളത്തിലുട നീളം തീരത്ത് സർവ്വെ നടത്തി 18,685 കുടുംബങ്ങളെ കണ്ടെത്തി. അതിൽ 8800 പേർ മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചു. ഈ പുനരധിവാസത്തിന് പിണറായി ഗവൺമെന്റ് ലക്ഷ്യബോധത്തോടെയാണ് ഇടപ്പെട്ടത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തീരദേശതൊഴിലാളികളുടെ പുനരധിവാസത്തിനായി 1380 കോടി രൂപ അനുവദിച്ചു. വകുപ്പിന്റെ പദ്ധതി ഫണ്ടു കൂടി ചേർത്ത് 2450 കോടി രൂപയുടെ ''പുനർഗേഹം'' പദ്ധതി ആവിഷ്കരിച്ചു.

തിരുവനന്തപുരത്ത് മുട്ടത്തറ കൂടാതെ കാരോട് 154 ഫ്ളാറ്റുകൾ, ബീമാപ്പള്ളി 20 ഫ്ളാറ്റുകൾ പൂർത്തികരിച്ച് കൈമാറി. വലിയതുറ സെന്റ് ആന്റണീസ് കൈവശം വച്ചിരിക്കുന്ന 3 ഏക്കർ സർക്കാർ ഭൂമി കളിസ്ഥലമായി ഉപയോഗിക്കുകയായിരുന്നു. 1ഏക്കർ കളി സ്ഥലത്തിന് വിട്ടു നൽകാമെന്നും ബാക്കി പുനഃരധിവാസത്തിന് നൽകി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ കോടതിയിൽ പോകുകയാണ് പുരോഹിതൻ ചെയതത്. ഒരു വശത്ത് മത്സ്യതൊഴിലാളികളുടെ പേരിൽ മുറവിളി കൂട്ടുകയും മറുവശത്ത് പദ്ധതികൾക്ക് പരമാവധി തടസ്സം സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. കോടതി വിധി വന്നതിനുശേഷമാണ് അവിടെ പദ്ധതി തുടങ്ങാൻ കഴിഞ്ഞത്. മറ്റൊരു അനുഭവം കൂടി ഇത്തരുണത്തിൽ പറയേണ്ടതുണ്ട് എന്ന് തോന്നുന്നു. കോട്ടുകാൽ പഞ്ചായത്തിൽ അടി

**മത്സ്യമേഖലയിൽ നടത്തിയ സുപ്രധാന ഇടപെടലായിരുന്നു മത്സ്യതൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി പാസ്സാക്കിയ മത്സ്യലേലവും ഗുണനിലവാരവും വിപണനവും എന്ന നിയമം. തൊഴിലാളികൾ പതിറ്റാണ്ടായി അനുഭവിക്കുന്ന ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതായിരുന്നു ലക്ഷ്യം. കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്ന ഇന്നത്തെ സ്ഥിതിയ്ക്ക് അടിസ്ഥാനമായി മാറ്റമുണ്ടാക്കുന്നതാണ് ഈ പരിഷ്ക്കാരം. എന്നാൽ ഈ നിയമത്തിനെതിരെ സ്ഥാപിത താല്പര്യക്കാർക്കൊപ്പം ചേർന്ന് അടിസ്ഥാന രഹിതമായ ആക്ഷേപം ഉന്നയിക്കുന്ന കാര്യത്തിലും ലത്തിൻ സഭയിലെ ചിലർ ആസൂത്രിതമായാണ് പ്രവർത്തിച്ചത്.**

മലത്തുറ ഭാഗത്ത് കടൽതീരത്ത് 200 മീറ്ററിനുപുറത്ത് സർക്കാർ ഭൂമിയിൽ 200 വീട് ഉൾകൊള്ളുന്ന ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു. അതിന്റെ ഭാഗമായി ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരും ഈ ലേഖിക അടക്കം സ്ഥലം സന്ദർശിച്ചു. അവിടുത്തെ പള്ളിയിലെ പുരോഹിതൻ തർക്കം ഉന്നയിച്ചു. CRZ (Coastal Regular Zone) ആണ്എന്നതാണ് ഉന്നയിച്ച എതിർവാദം. 200 മീറ്ററിന് പുറത്താണ് എന്ന് അളന്ന് തിട്ടപ്പെടുത്തികാട്ടിയിട്ടും അവർ തർക്കിച്ചു നിന്നു. തർക്കത്തിലൂടെ ഫ്ളാറ്റ് നിർമ്മിക്കേണ്ട എന്ന് ഞങ്ങളും തീരുമാനിച്ചു. പിന്നീട് കണ്ടത് ഈ പുരോഹിതന്റെ നേതൃത്വത്തിൽ സർക്കാർ സ്ഥലം രണ്ട് മൂന്ന് സെന്റ് വച്ച് വരച്ച് അവിടെയുള്ള 200 മത്സ്യതൊഴിലാളികൾക്കായി, അവരിൽ ഓരോരുത്തരിൽ നിന്നും ഓരോ ലക്ഷം രൂപ വച്ച് കൈപ്പറ്റി ഭൂമി നൽകിയതാണ്. അവിടെ മത്സ്യതൊഴിലാളി സ്വന്തം ചെലവിൽ വീടും വച്ചു. ഈ 200 പേരിൽ നിന്നും വാങ്ങിയ രണ്ടു കോടി രൂപ ഉപയോഗിച്ച് ബാക്കി വന്ന സ്ഥലത്ത് ഇവർ പളളിയ്ക്കുവേണ്ടി ഒരു ആഡിറ്റോറിയം പണിതു. ഇതാണ് മത്സ്യതൊഴിലാളി സ്നേഹത്തിന്റെ പുതിയ 'മാതൃക'. ഈ തട്ടിപ്പിന് നേതൃത്വം നൽകിയതാകട്ടെ ആ ഇടവകയിലെ പുരോഹിതനും അനുചരണവൃന്ദവും. ഇവരാണ് മത്സ്യതൊഴിലാളിഭവനത്തിന് 10 ലക്ഷം പോരാ എന്ന് വാദിക്കുന്നത്. പിണറായി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 2 ലക്ഷം രൂപ വച്ചാണ് ഭവനത്തിന് നൽകിയിരുന്നത് അത് 4 ലക്ഷമായി ഉയർത്തി. ഭൂമിയില്ലാത്തവർക്ക് 10 ലക്ഷം രൂപയും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ 1140 ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തികരണത്തിലായിരുന്നു. 1360 ഫ്ളാറ്റുകളാണ് ആകെ നിർമ്മിക്കുന്നത്. 2997 കുടുംബങ്ങളെ 10 ലക്ഷം രൂപ നൽകി തീരത്ത് നിന്നും മാറ്റി പുനരധിവസിപ്പിച്ചു. 4328 ഭവനരഹിതരെയും 2387 ഭൂരഹിതഭവനരഹിതരെയും ലൈഫ് പദ്ധതി അർഹതാ ലിസ്റ്റിൽപ്പെടുത്തി. കൃത്യമായ ലക്ഷ്യബോധത്തോടെ പിണറായി ഗവൺമെന്റിന്റെ തീരദേശമേഖലയിലെ പുനരധിവാസം തുടരുകയാണ്.

ഇപ്പോൾ വിഴിഞ്ഞം സമരസമിതിയുടെ പ്രശ്നം മത്സ്യതൊഴിലാളികളല്ല. തുറമുഖനിർമ്മാണം നിർത്തിവയ്ക്കണമെന്നതാണ്. എല്ലാവർക്കും അറിയുന്നതുപോലെ തുറമുഖ നിർമ്മാണം തുടങ്ങുന്നത് ശ്രീ.ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്താണ്. അതിന് തിരുവനന്തപുരം അതിരൂപതയുടെ പൂർണ്ണ പിന്തുണയും ഉണ്ടായിരുന്നു. തുറമുഖനിർമ്മാണം പൂർത്തികരണഘട്ടത്തിലെത്തി നിൽക്കുമ്പോൾ നിർമ്മാണം അനുവദിക്കാൻ കഴിയില്ല എന്ന നിലപാട് യുക്തിബോധ്യമുള്ള ഒരാൾക്കും മനസ്സിലാക്കാൻ കഴിയുന്നല്ല. അതിന്റെ പേരിൽ നാടിന്റെ സമാധാന ജീവിതം തന്നെ തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി നടത്തിയ പോലീസ് സ്റ്റേഷൻ ആക്രമണം, പോലിസ് സ്റ്റേഷൻ ചുട്ടുകരിക്കണം എന്ന ഒരു പുരോഹിതന്റെ ആഹ്വാനത്തിന്റെ തുടർച്ചയാണ്. മത്സ്യതൊഴിലാളികളെ ചേർത്ത്പിടിച്ച്, കരുതലോടെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന പിണറായി ഗവൺമെന്റിനെതിരെയുള്ള രാഷ്ട്രീയ സമരമാണ് തൊഴിലാളികളെ വൈകാരികമായി ഇളക്കിവിട്ട് നടത്തുന്നത്. 'മന്ത്രിയുടെ പേരിൽ തന്നെ തീവ്രവാദമുണ്ട്' എന്ന പ്രസ്താവന ഈ പുരോഹിതന്റെ മനസിലെ വിഷം പൊട്ടിയൊലിച്ചതാണ്. ഇതിനു പിന്നിലെ ഗൂഢലക്ഷ്യം എത്ര വിപത്കരമാണ് എന്ന് തിരിച്ചറിയേണ്ടതുണ്ട്.

തീരസംരക്ഷണവുമായി ബന്ധപ്പെട്ട് ഏതൊരു നിർമ്മിതി നടത്തിയാലും ഒരുവശത്ത് കര കടലെടുക്കുകയും മറുവശത്ത് കര വയ്ക്കുകയും ചെയ്യും. വിഴിഞ്ഞം തുറമുഖത്ത് കോവളം ക്ലിഫ് ഏകദേശം ഒന്നരേ കിലോമീറ്ററോളം കടലിനഭിമുഖമായി തള്ളി നിൽക്കുന്നതിനാലാണ് തെക്ക് വശത്ത് അടിമലത്തുറ, ചൊവ്വര തുടങ്ങിയ ഗ്രാമങ്ങളിൽ ഏകെദേശം 100 വർഷം മുമ്പ്തന്നെ പുതുതായി കരവച്ചിട്ടുള്ളത്. കോവളം ക്ലിഫ് വടക്കോട്ടുള്ള തീരശേഷണത്തെ തടയുന്നുണ്ട്.

അറിയപ്പെടുന്ന ഒരു ഗവേഷകൻ കൂടിയായ ശ്രീ. ക്ലെമൻലോപസ് (കേരള യൂണിവേഴ്സിറ്റിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ഫ്യൂച്ചർ സ്റ്റഡീസിലെ മുൻ ഗവേഷകൻ) തിരുവനന്തപുരം തീര ശോഷണത്തെക്കുറിച്ച് നടത്തിയ പഠനത്തിൽ ഇത് കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. ഈ പഠനത്തെ വസ്തുതകളുടെ പിൻബലത്തിൽ ആരും ഖണ്ഡിച്ചിട്ടില്ല. ഇപ്പോൾ തിരുവനന്തപുരത്ത് പൂന്തുറമുതൽ ശംഖുമംഖം വരെ

യുള്ള 6 കിലോമീറ്ററിൽ തീരശോഷണം ശക്തമാണ്. ഈ തീരശോഷണത്തെ പറ്റി അദ്ദേഹത്തിന്റെ പഠനം വിലയിരുത്തുന്നത് ചെറിയതുറ തോപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള 12 പുലിമുട്ടുകാളാണ് കാരണമായിട്ടുള്ളതെന്നാണ്. അതുകൊണ്ട് തന്നെ പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള പ്രദേശങ്ങളിൽ തീരസംരക്ഷണം അനിവാര്യമാണ്. പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള തീരശോഷണം പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 1981ൽ തന്നെ കേന്ദ്ര ഗവൺമെന്റിന്റെ സമുദ്രഗവേഷണ സ്ഥാപനമായ NIOT (Nation Institute of Ossian Techonolgy) പഠനം നടത്തുകയും, ചെന്നൈയിലെ കടലൂരിൽ വിജയകരമായി പരിക്ഷിക്കുന്ന Offshore Break water പദ്ധതി പൂന്തുറയിൽ ആരംഭിക്കുകയും ചെയ്യിട്ടുള്ളതുമാണ്.

പൂന്തുറ മുതൽ ശംഖുമുഖം വരെ തീരശോഷണം തടയുന്നതിന് 150 കോടി രൂപയുടെ പദ്ധതിക്ക് കിഫി അംഗീകാരം നൽകിയിട്ടുണ്ട്. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പൂന്തുറ പ്രദേശത്തെ 700 മീറ്റർ തീര സംരക്ഷണ പ്രവർത്തികൾക്കായി 17 കോടി രൂപ ചെലവിൽ ഇപ്പോൾ Offshore Break waterപദ്ധതി നടപ്പിലാക്കി വരുന്നു. തീരത്ത് നിന്നും 100 മീറ്റർ അകലെയായി തീരത്തിന് സമാന്തരമായിട്ടുള്ള നിർമ്മിതിയാണിത്. ഇപ്പോൾ 100 മീറ്റർ നിർമ്മാണം പൂർത്തിയായി. ഞാൻ മനസ്സിലാക്കുന്നത് ഈ വർഷകാലത്ത് പൂന്തറയിൽ തീരശോഷണമുണ്ടായില്ല. മാത്രമല്ല മൂന്ന് മീറ്റർ വരെ തീരത്ത് മണൽ അടിഞ്ഞിട്ടുമുണ്ട്. പാരിസ്ഥിതിക സൗഹൃദവും മത്സ്യത്തിന്റെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതുമായ പദ്ധതിയാണിത്. ഈ പ്രവർത്തനങ്ങൾ അവിടെ തുടരുമ്പോഴാണ് ഇതൊന്നും കണ്ടില്ല എന്ന് നടിച്ച് പുതിയ പഠനത്തിന് മുറവിളി കൂട്ടുന്നത്. മത്സ്യതൊഴിലാളികളുടെ ആശങ്ക അകറ്റുന്നതിനുവേണ്ടി ഗവൺമെന്റ് വീണ്ടും പഠനം നടത്താൻ സന്നദ്ധമായിട്ടുണ്ട്. മുതലപ്പൊഴി ഫിഷിംഗ് ഹാർബർ, താഴംപള്ളി, കഠിനംകുളം പ്രദേശങ്ങളിൽ 5 കീ. മീറ്റർ തീരസംരക്ഷണം 18.31 കോടി രൂപ ചെലവഴിച്ച് നിർമ്മാണം നടക്കുകയാണ്. കൊല്ലത്ത് ബീച്ച് മുതൽ താന്നി വരെ 5.5 കിലോമീറ്റർ നീളത്തിൽ 35.08 കോടിയുടെ നിർമ്മാണപ്രവർത്തനം പൂർത്തികരിച്ചു വരുന്നു. ചെല്ലാനത്ത് യുദ്ധകാലടിസ്ഥാനത്തിലാണ് ടെട്രോപോഡിട്ട് തീരം സംരക്ഷിച്ചത്. കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം തുടങ്ങി 29 കി.മീ തിര സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചും വരികയാണ്. കൂടാതെ സമഗ്രമായ തീര സംരക്ഷണത്തിന് 5000 കോടി രൂപ പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്.

തൊഴിലാളികളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ ഇടപ്പെടൽ നടത്താൻ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. വിഴിഞ്ഞം തുടങ്ങി തിരുവനന്തപുരത്തിന്റെ തീരദേശമാകെ 2128 കൃത്രിമ പാരുകളാണ് തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ കടലിനുള്ളിൽ നിക്ഷേപിച്ചത്. ഇത് മത്സ്യസമ്പത്തിന്റെ വർദ്ധനവിന് ഇടയാക്കിയിട്ടുണ്ട്.

മത്സ്യമേഖലയിൽ നടത്തിയ സുപ്രധാന ഇടപെടലായിരുന്നു മത്സ്യതൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി പാസ്സാക്കിയ മത്സ്യലേലവും ഗുണനിലവാരവും വിപണനവും എന്ന നിയമം. തൊഴിലാളികൾ പതിറ്റാണ്ടായി അനുഭവിക്കുന്ന ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതായിരുന്നു ലക്ഷ്യം. അതുവഴി കടക്കെണിയിൽ നിന്നും മോചനം നേടുന്നതിനും സാധിക്കുന്നതാണ്. ഇതിനുവേണ്ടി തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കി ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപികരിച്ചു. കോവിഡ് കാലത്ത് ഈ തരത്തിൽ മത്സ്യം ലേലം ചെയ്യുക വഴി ഒരുമാസത്തിനിടയിൽ 10 കോടി രൂപയാണ് തൊഴിലാളികൾക്ക് അധികമായി ലഭിച്ചത്. ഇടനിലക്കാരെ ഒഴിവാക്കി കഠിനാദ്ധ്വാനികളായ തൊഴിലാളികൾക്ക് അവരുടെ അദ്ധ്വാനത്തിന്റെ മൂല്യം ലഭ്യമായാൽ ദാരിദ്ര്യം, പിന്നോക്കാവസ്ഥ എന്നിവയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരമാകും. ഇത് കോവിഡ് കാലത്തെ അനുഭവമായിരുന്നു. അന്തസ്സോടെ പൊതുസമൂഹത്തിന്റെ ഭാഗമായി ഉയർന്നു ജീവിക്കാനും കഴിയുന്നതാണ്. ഈ അടിസ്ഥാനപരമായ മാറ്റത്തോട് വിഴിഞ്ഞം സമരസമിതിയുടെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്. തൊഴിലാളികൾക്ക് അനുകൂലമായ നിയമനിർമ്മാണത്തോട്, തൊഴിലാളിക്കുവേണ്ടി സമരംചെയ്യുന്ന പുരോഹിതർ തൊഴിലാളികളോടൊപ്പം അനുകൂലിക്കുമോ? കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്ന ഇന്നത്തെ സ്ഥിതിയ്ക്ക് അടിസ്ഥാനമായി മാറ്റമുണ്ടാക്കുന്നതാണ് ഈ പരിഷ്ക്കാരമെന്ന് തീരദേശത്തെ മത്സ്യതൊഴിലാളികൾക്കെല്ലാം അനുഭവത്തിലൂടെ ബോധ്യമായതാണ്. ഈ മാറ്റമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ തീരദേശത്തുടനീളം കണ്ടത്. എന്നാൽ ഈ നിയമത്തിനെതിരെ സ്ഥാപിത താല്പര്യക്കാർക്കൊപ്പം ചേർന്ന് അടിസ്ഥാന രഹിതമായ ആക്ഷേപം ഉന്നയിക്കുന്ന കാര്യത്തിലും ലത്തിൻ സഭയിലെ ചിലർ ആസൂത്രിതമായാണ് പ്രവർത്തിച്ചത്. തൊഴിലാളികളെ ചൂഷണം ചെയ്യുന്ന കാണാചരടുകൾ പൊട്ടിച്ചേ മതിയാകു. മത്സ്യതൊഴിലാളികളും തൊഴിലാളികളാണ്. അന്തസുള്ള തൊഴിലാളികൾ, ദുരന്തസമയത്ത് ഓടിയെത്തിയ രക്ഷാപ്രവർത്തകർ, അല്ല കേരളത്തിന്റെ സൈനികൾ തന്നെ. അവരെ ചേർത്ത് പിടിച്ച് കരുതലോടെ അവരോടൊപ്പം എക്കാലവും ഇടതുപക്ഷം പ്രസ്ഥാനവും അതിന്റെ ഗവൺമെന്റും ഉണ്ടാകും. സമരസമിതിയുടെ പിന്നിലെ രാഷ്ട്രീയ ലക്ഷ്യങ്ങൾ തൊഴിലാളികൾ തിരിച്ചറിയുക തന്നെ ചെയ്യും.●

# 5 വർഷം എഴുതിത്തള്ളിയത്
# 10 ലക്ഷം കോടി

രാജ്യത്തെ വാണിജ്യബാങ്കുകൾ കഴിഞ്ഞ അഞ്ചു വർഷം കിട്ടാക്കടമായി എഴുതിത്തള്ളിയത് 10 ലക്ഷം കോടിയിൽപ്പരം രൂപ. ഇതിൽനിന്ന് തിരിച്ചുപിടിക്കാനായത് 1.32 ലക്ഷം കോടി മാത്രമാണെന്നും രാജ്യസഭയിൽ ജോൺ ബ്രിട്ടാസിന് ധനസഹമന്ത്രി ഭഗവത് കാരാട് മറുപടി നൽകി. കിട്ടാക്കടമായി മാറ്റിയാലും തുകയിൽ സിംഹഭാഗവും തിരിച്ചുപിടിക്കാറുണ്ടെന്ന കേന്ദ്ര സർക്കാർ വാദം ശരിയല്ലെന്ന് തെളിയിക്കുന്നതാണ് കണക്ക്.




മൊത്തം കിട്ടാക്കടത്തിന്റെ 13 ശതമാനം മാത്രമാണ് തിരിച്ചുപിടിച്ചത്. പൊതുമേഖലാ ബാങ്കുകളിൽ ഏറ്റവും കൂടുതൽ വായ്പാ തിരിച്ചടവ് കുടിശ്ശിക വരുത്തിയ 25 പേരുടെ വിവരം വെളിപ്പെടുത്താൻ സർക്കാർ തയ്യാറായില്ല. വായ്പ എടുത്തവരുടെ ഇത്തരം വിവരങ്ങൾ വെളിപ്പെടുത്താൻ റിസർവ് ബാങ്ക് ചട്ടങ്ങൾപ്രകാരം കഴിയില്ലെന്ന് മന്ത്രി പ്രതികരിച്ചു.

കിട്ടാക്കടമായി 2017-18ൽ എഴുതിത്തള്ളിയത് 1.61 ലക്ഷം കോടി രൂപയാണ്. 2018-19ൽ 2.36 ലക്ഷം കോടി, 2019-20ൽ 2.34 ലക്ഷം കോടി, 2020-21ൽ 2.02 ലക്ഷം കോടി, 2021-22ൽ 1.74 ലക്ഷം കോടി രൂപ വീതവും എഴുതിത്തള്ളി. 201718ൽ 12,881 കോടി, 2018-19ൽ 25,501 കോടി, 2019-20ൽ 30,016 കോടി, 2020-21ൽ 30,104 കോടി, 2021-22ൽ 33,534 കോടി രൂപ വീതം മാത്രമാണ് തിരിച്ചുപിടിച്ചത്. 10 കോടിയിൽപ്പരം രൂപ എഴുതിത്തള്ളിയ വായ്പകളുടെ വിവരം സംബന്ധിച്ച ചോദ്യത്തിനും സർക്കാർ മറുപടി നൽകിയില്ല.

# 10 ലക്ഷം ഒഴിവ് നികത്താനുണ്ടെന്ന് കേന്ദ്രം

കേന്ദ്ര സർവീസിൽ ഇനിയും നികത്താതെ കിടക്കുന്നത് പത്തുലക്ഷത്തോളം ഒഴിവുകളെന്ന് രാജ്യസഭയിൽ വി.ശിവദാസന്റെ ചോദ്യത്തിന് കേന്ദ്രസർക്കാർ മറുപടി നൽകി. ഗ്രൂപ്പ് എ വിഭാഗത്തിൽ 23,584 ഒഴിവും ഗ്രൂപ്പ് ബി വിഭാഗത്തിൽ 1,18,807 ഒഴിവും ഗ്രൂപ്പ് സി വിഭാഗത്തിൽ 8,36,936 ഒഴിവുമാണുള്ളത്. എന്നാൽ, അഞ്ച് വർഷത്തിനിടയിൽ എസ്എസ് സി 1,74,894 തസ്തികയിലേക്കും യുപിഎസ്സി 24,256 തസ്തികയിലേക്കും മാത്രമാണ് നിയമനം നടത്തിയതെന്നും സമ്മതിക്കുന്നു. പ്രതിവർഷം നാൽപ്പതിനായിരത്തിൽ താഴെ മാത്രം നിയമനമാണ് നടത്തിയതെന്നും എഴുതി നൽകിയ മറുപടിയിലുണ്ട്. 10 ലക്ഷം ഒഴിവ് നികത്താനുള്ള പ്രത്യേക യജ്ഞം സംഘടിപ്പിക്കുമോയെന്ന ചോദ്യത്തിന് ഒഴിവ് നികത്തൽ തുടർപ്രക്രിയ ആണെന്നാണ് മറുപടി.

# കേന്ദ്ര സർവകലാശാലകളിൽ മൂന്നിലൊന്ന് തസ്തിക ഒഴിഞ്ഞുകിടക്കുന്നു

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൂന്നിലൊന്ന് തസ്തികയിലും നിലവിൽ അധ്യാപകർ ഇല്ലെന്ന് കേന്ദ്രത്തിന്റെ കുറ്റസമ്മതം. കേന്ദ്ര സർവകലാശാലകളിൽ 33 ശതമാനം, ഐഐടികളിൽ 40 ശതമാനം, ഐഐഎമ്മുകളിൽ 31 ശതമാനം വീതം അധ്യാപക തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന് എ എം ആരിഫിനെ ലോക് സഭയിൽ വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ അറിയിച്ചു.

45 കേന്ദ്ര സർവകലാശാലകളിലായി ആകെയുള്ള 18,956 തസ്തികകളിൽ 6180 എണ്ണത്തിൽ അധ്യാപകർ ഇല്ല. പ്രൊഫസർ തസ്തികകകളിൽ 2553ൽ 1529 എണ്ണവും (60 ശതമാനം) ഒഴിഞ്ഞുകിടക്കുന്നു. അസോസിയറ്റ് പ്രൊഫസർ, അസി. പ്രൊഫസർ തസ്തികകളിൽ ഇത് യഥാക്രമം 45 ശതമാനം, 21 ശതമാനം വീതമാണ്.

പൊതുവിഭാഗത്തിൽ ഉള്ളതിനേക്കാൾ (21 ശതമാനം) ഇരട്ടിയിലേറെയാണ് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കും (42 ശതമാനം) മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും(45 ശതമാനം) സംവരണം ചെയ്ത തസ്തികകളിലെ ഒഴിവുകൾ. ഐഐഎമ്മുകളിലും സ്ഥിതി സമാനമാണ്. ഐഐടികളിൽ സംവരണവിഭാഗങ്ങളുടെ വേർതിരിച്ചുള്ള കണക്കുകൾ രേഖാമൂലമുള്ള മറുപടിയിൽനിന്ന് ഒഴിവാക്കിയത് പ്രതിഷേധത്തിനിടയായി.



# പെറുവിലെ അട്ടിമറിയും ഇടതുപക്ഷവും

വി.ബി. പരമേശ്വരൻ

**ലാറ്റിനമേരിക്കൻ രാജ്യമായ പെറുവിൽ പ്രസിഡന്റ് പെദ്രോ കാസ്റ്റിയ്യോയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാർ അട്ടിമറിക്കപ്പെട്ടു. 'കമ്യൂണിസത്തെ തൂത്തെറിയുക' എന്ന മുദ്രാവാക്യം ഉയർത്തിയാണ് വലതുപക്ഷം കാസ്റ്റിയ്യോയെ നേരിട്ടത്. ജനകീയ മുന്നേറ്റത്തിന്റെ ബലത്തിൽ വെനസ്വേലയിൽ ഷാവേസും(2002-ൽ) ബൊളീവിയയിൽ ഇവോ മൊറാലിസിന്റെ കക്ഷിയും (2019-20) എന്നപോലെ പെറുവിൽ കാസ്റ്റിയ്യോയും തിരിച്ചുവരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.**

ലാറ്റിനമേരിക്കൻ രാജ്യമായ പെറുവിൽ പ്രസിഡന്റ് പെദ്രോ കാസ്റ്റിയ്യോയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാർ ഈ മാസം ഏഴിന് അട്ടിമറിക്കപ്പെട്ടു. അഭയം തേടി ലിമയിലെ മെക്സിക്കോ എംബസിയിലേക്കു പോയ കാസ്റ്റിയ്യോയെ സൈന്യം അറസ്റ്റുചെയ്ത് ജയിലിലടച്ചു. കോടതി ഇപ്പോൾ 18 മാസത്തെ കരുതൽ തടങ്കലിന് ശിക്ഷിച്ചിരിക്കുകയാണ്. കാസ്റ്റിയ്യോയുടെ കൂട്ടാളിയായി വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചു വിജയിച്ച ദിന ബൊലുവാർട്ടാണ് സ്വന്തം നേതാവിനെ വഞ്ചിച്ച് പുതിയ പ്രസിഡന്റായി അധികാരമേറിയിട്ടുള്ളത്. അമേരിക്ക ഈ സർക്കാരിന് അംഗീകാരം നൽകിയെങ്കിലും മെക്സിക്കോ, ബൊളീവിയ, കൊളംബിയ, അർജന്റീന എന്നീ രാജ്യങ്ങൾ കാസ്റ്റിയ്യോക്ക് പിന്തുണ പ്രഖ്യാപിച്ചു.

പെറുവിന്റെ പിന്നാക്കപ്രദേശത്തുനിന്നുള്ള, അധ്യാപകരുടെയും കർഷകരുടെയും നേതാവായ കാസ്റ്റിയ്യോ നേരിയ ഭൂരിപക്ഷത്തിന് (50.13 ശതമാനം) 2021 ജൂലൈയിൽ അധികാരമേറിയതോടെ തന്നെ പെറുവിലെ മുതലാളിത്ത ദുഷ്പ്രഭുത്വവും അവരുടെ സംഘടനയായ നാഷണൽ സൊസൈറ്റി ഓഫ് ഇൻഡസ്ട്രീസും അദ്ദേഹത്തെ പുറത്താക്കാൻ കരുക്കൾ നീക്കിത്തുടങ്ങിയിരുന്നു. സൈന്യവും പൊലീസും ബൂർഷ്വാ മാധ്യമങ്ങളും ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സും (ഒഎഎസ്) അമേരിക്കൻ എംബസിയും ഇവരോടൊപ്പം കൈകോർത്തപ്പോൾ അട്ടിമറി എളുപ്പമായി. വർഷങ്ങളായി കടുത്ത ചൂഷണത്തിന് വിധേയരാകുന്ന സാധാരണ ജനങ്ങളാണ് പ്രത്യേകിച്ചും കർഷകരുടെയും തൊഴിലാളികളുടെയും ആദിവാസികളുടെയും രോഷമാണ് കാസ്റ്റിയ്യോക്ക് അനുകൂലമായ വോട്ടായി മാറിയത്. 'സമ്പന്നമായ പെറുവിൽ ആരും ഇനി ദരിദ്രരായി ജീവിക്കില്ല' എന്ന കാസ്റ്റിയ്യോയുടെ വാഗ്ദാനം അവരുടെ മനസ്സിനെ കീഴടക്കി.

എന്നാൽ, സുഗമമായി ഭരണം നടത്തുന്നതിനാവശ്യമായ പാർലമെന്ററി ഭൂരിപക്ഷം കാസ്റ്റിയ്യോക്കും അദ്ദേഹം ഉൾപ്പെടുന്ന 'പെറു ലിബ്രേ' പാർടി നയിക്കുന്ന ഇടതുപക്ഷ സഖ്യത്തിനും ഉണ്ടായിരുന്നില്ല. 130 അംഗ അധോസഭയിൽ 42 അംഗങ്ങൾ മാത്രമാണ് ഇടതുപക്ഷ സഖ്യത്തിന് ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ സാമൂഹ്യസാമ്പത്തിക പരിഷ്കാരങ്ങൾ നടത്തുന്നതിനോ പുതിയ ഭരണഘടന എഴുതിയുണ്ടാക്കുന്നതിനായി ഭരണഘടനാ നിർമാണസമിതിക്ക് രൂപംനൽകുന്നതിനോ കാസ്റ്റിയ്യോക്ക് കഴിഞ്ഞില്ല. ഒരു വർഷത്തെ ഭരണത്തിനിടയിൽ രണ്ടു തവണയാണ് പാർലമെന്റ് കാസ്റ്റിയ്യോയെ ഇമ്പീച്ച് ചെയ്യാൻ ശ്രമിച്ചത്. മൂന്നാമതും അതിനു തുനിഞ്ഞ വേളയിലാണ് പാർലമെന്റ് പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്താൻ കാസ്റ്റിയ്യോ തീരുമാനിച്ചത്. തീർത്തും അപക്വമായിരുന്ന രാഷ്ട്രീയ നീക്കമായിരുന്നു ഇത്. സൈന്യം പിന്തുണയ്ക്കുമെന്ന് തെറ്റായി കണക്കുകൂട്ടിയതും കാസ്റ്റിയ്യോയുടെ വീഴ്ചയ്ക്ക് കാരണമായി.

പ്രസിഡന്റായി അധികാരമേറ്റതുമുതൽ തന്നെ കോർ

പറേറ്റ് മുതലാളിത്തവും ഖനി മാഫിയകളും വലതുപക്ഷവും അവർക്ക് അനുകൂലമായ നയങ്ങൾ സ്വീകരിക്കാൻ കാസ്റ്റിയ്യോക്കുമേൽ സമ്മർദം ചെലുത്തുകയായിരുന്നു. ഈ സമ്മർദത്തിന് ഒരുപരിധിവരെ കാസ്റ്റിയ്യോ വഴങ്ങുകയും ചെയ്തു. പ്രധാനമന്ത്രിമാരെയും ധനമന്ത്രിമാരെയും ഒന്നിലധികം തവണ മാറ്റി. ഒരു വർഷത്തിനകം നാല് മന്ത്രിസഭയ്ക്കാണ് കാസ്റ്റിയ്യോ രൂപംനൽകിയത്. തങ്ങളുടെ താൽപ്പര്യത്തിന് വഴങ്ങുമെന്നായപ്പോൾ കൂടുതൽ ആവശ്യങ്ങളുയർത്തി അവർ കാസ്റ്റിയ്യോയെ വരിഞ്ഞുമുറുക്കി. മുൻ ഭരണപരിചയമില്ലാത്തതും വിനയായി.

വലതുപക്ഷ മുതലാളിത്ത ശക്തികൾക്ക് വഴങ്ങാൻ കാസ്റ്റിയ്യോ തയ്യാറായതോടെ അദ്ദേഹത്തെ പ്രസിഡന്റ് പദവിയിലെത്തിച്ച പെറു ലിബ്രേ പാർടിയുമായി അദ്ദേഹം അകന്നു. 2021 ജൂണിൽ പാർടിയിൽനിന്ന് കാസ്റ്റിയ്യോ രാജിവച്ചു. ഭരണരംഗത്തും മുന്നണിയിലും കാസ്റ്റിയ്യോ തീർത്തും ഒറ്റപ്പെട്ടു. ഇതും അട്ടിമറി എളുപ്പമാക്കി. 'കമ്യൂണിസത്തെ തൂത്തെറിയുക' എന്ന മുദ്രാവാക്യം ഉയർത്തിയാണ് വലതുപക്ഷം കാസ്റ്റിയ്യോയെ നേരിട്ടത്. അതിനായി രക്തം ചിന്തേണ്ടിവന്നാലും സാരമില്ലെന്ന് മുതിർന്ന സൈനിക ഉദ്യോഗസ്ഥർവരെ പരസ്യമായി അഭിപ്രായപ്പെടുകയും ചെയ്തു. തെരഞ്ഞെടുപ്പുകാലത്ത് മുന്നോട്ടുവച്ച വാഗ്ദാനങ്ങൾ നടപ്പാക്കാൻ ജനങ്ങളെ കൂടെനിർത്തി മറുപക്ഷത്തെ എതിർക്കുന്നതിനുള്ള രാഷ്ട്രീയ നീക്കങ്ങൾ കാസ്റ്റിയ്യോയുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. പെറുവിൽ മാത്രമല്ല, ഭൂരിപക്ഷം ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെയും ഇടതുപക്ഷത്തിനുള്ള ബാലാരിഷ്ടതയാണ് ഇത്. അധികാരം ലഭിച്ചാൽ വർഗശത്രുക്കളെ ദുർബലമാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളാനുള്ള വിമുഖത ലാറ്റിനമേരിക്കൻ ഇടതുപക്ഷത്തിന്റെ മുഖമുദ്രയാണ്. ബൊളീവിയയിൽ ഇവോ മൊറാലിസ് അട്ടിമറിക്കപ്പെട്ടതും സമാന സാഹചര്യത്തിലായിരുന്നു. എന്നാൽ, ജനങ്ങൾ തെരുവിലിറങ്ങി രാജ്യത്ത് വീണ്ടും തെരഞ്ഞെടുപ്പ് നടത്താനാവശ്യമായ സാഹചര്യമുണ്ടാക്കി. അതിൽ വിജയിച്ചാണ് ലൂയിസ് അർസെ പ്രസിഡന്റായത്. മെക്സിക്കോയിൽ രാഷ്ട്രീയ അഭയംതേടിയ ഇവോ മൊറാലിസ് ബൊളീവിയയിലേക്ക് മടങ്ങിയത് ഇതിനുശേഷമാണ്.

തങ്ങളുടെ പ്രതിനിധിയായ പ്രസിഡന്റ് അധികാരത്തിൽനിന്ന് പുറത്തായെന്ന യാഥാർഥ്യം ഗ്രാമീണ ജനങ്ങൾ തിരിച്ചറിഞ്ഞതോടെ അവർ വൻതോതിൽ തെരുവിലിറങ്ങി. പലയിടത്തും പൊലീസുമായി ഏറ്റുമുട്ടി.

എന്നാൽ, കാസ്റ്റിയ്യോ അട്ടിമറിക്കപ്പെട്ടപ്പോൾ സമാനമായ ജനമുന്നേറ്റം പെറുവിൽ ആദ്യ മണിക്കൂറിൽ ഉയർന്നുവന്നിരുന്നില്ല. പാർലമെന്റിൽ കാസ്റ്റിയ്യോക്കെതിരെയുള്ള ഇമ്പീച്ച്മെന്റ് പ്രമേയത്തെ അനുകൂലിക്കാനാണ് പെറു ലിബ്രേ ഉൾപ്പെടെയുള്ള ഇടതുപക്ഷ പാർടികൾ തയ്യാറായത്. ഇടതുപക്ഷ പാർടികളിൽ ഉണ്ടായിട്ടുള്ള കടുത്ത ആശയക്കുഴപ്പത്തിന്റെ ആഴം ഈ നടപടികളിൽനിന്നും വായിച്ചെടുക്കാം. എന്നാൽ, തങ്ങളുടെ പ്രതിനിധിയായ പ്രസിഡന്റ് അധികാരത്തിൽനിന്ന് പുറത്തായെന്ന യാഥാർഥ്യം ഗ്രാമീണ ജനങ്ങൾ തിരിച്ചറിഞ്ഞതോടെ അവർ വൻതോതിൽ തെരുവിലിറങ്ങി. പലയിടത്തും പൊലീസുമായി ഏറ്റുമുട്ടി. തെക്കൻ പെറുവിലെ അപുരിമാചിലും അൻഡഹുവായ്ലയിലും അയാകുച്ചോയിലും പ്രക്ഷോഭം ശക്തമായി. ഇതിനകം ഇരുപതിലധികംപേർ കൊല്ലപ്പെട്ടു.

**കോർപറേറ്റ് മുതലാളിത്തവും ഖനി മാഫിയകളും വലതുപക്ഷവും അവർക്ക് അനുകൂലമായ നയങ്ങൾ സ്വീകരിക്കാൻ കാസ്റ്റിയ്യോക്കുമേൽ സമ്മർദം ചെലുത്തുകയായിരുന്നു. ഈ സമ്മർദത്തിന് കാസ്റ്റിയ്യോ വഴങ്ങുകയും ചെയ്തു. വലതുപക്ഷ മുതലാളിത്ത ശക്തികൾക്ക് വഴങ്ങാൻ കാസ്റ്റിയ്യോ തയ്യാറായതോടെ അദ്ദേഹത്തെ പ്രസിഡന്റ് പദവിയിലെത്തിച്ച പെറു ലിബ്രേ പാർടിയുമായി അദ്ദേഹം അകന്നു. 2021 ജൂണിൽ പാർടിയിൽനിന്ന് കാസ്റ്റിയ്യോ രാജിവച്ചു. ഭരണരംഗത്തും മുന്നണിയിലും കാസ്റ്റിയ്യോ തീർത്തും ഒറ്റപ്പെട്ടു.**

പാൻ അമേരിക്കൻ ഹൈവേയിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടു. വിമാനത്താവളങ്ങൾ അടഞ്ഞുകിടന്നു. നാല് മുദ്രാവാക്യമാണ് പ്രക്ഷോഭകർ പ്രധാനമായും ഉയർത്തുന്നത്. ജനങ്ങൾ തെരഞ്ഞെടുത്ത പ്രസിഡന്റ് കാസ്റ്റിയ്യോക്ക് അധികാരം തിരിച്ചേൽപ്പിക്കുക, കോൺഗ്രസ് പിരിച്ചുവിടുക, ഉടൻ തെരഞ്ഞെടുപ്പ് നടത്തുക, ഭരണഘടനാ നിർമാണസഭയ്ക്ക് രൂപംനൽകുക എന്നിവയാണ് ആ മുദ്രാവാക്യങ്ങൾ. ഇതോടെയാണ് പെറു ലിബ്രേ ഉൾപ്പെടെയുള്ള ഇടതുപക്ഷ കക്ഷികളും പ്രധാന ട്രേഡ് യൂണിയൻ സംഘടനയായ സിജിടിപിയും അധ്യാപക യൂണിയനായ ഫിനാറ്റേ പെറുവും നാഷണൽ സ്റ്റുഡന്റ് ഫെഡറേഷനും മറ്റും കാസ്റ്റിയ്യോക്ക് അനുകൂലമായി തെരുവിലിറങ്ങിയത്. കഴിഞ്ഞ 15ന് ഈ സംഘടനകൾ ആഹ്വാനംചെയ്ത പൊതുപണിമുടക്ക് വൻവിജയമായത് വലതുപക്ഷത്തെ പരിഭ്രാന്തിയിലാഴ്ത്തിയിരിക്കുകയാണ്.

അധികാരം തിരിച്ചുപിടിച്ചെങ്കിലും അത് നിലനിർത്തുക വിഷമമാണെന്ന് മുതലാളിത്ത ദുഷ്പ്രഭുത്വം മനസ്സിലാക്കിവരികയാണ്. പുതിയ സർക്കാരിൽനിന്ന് വിദ്യാഭ്യാസ, സാംസ്കാരിക മന്ത്രിമാർ രാജിവച്ചതോടെ ബൊലുവാർട്ടിന്റെ ഭാവിയും അവതാളത്തിലായിരിക്കുകയാണ്. പ്രക്ഷോഭം തണുപ്പിക്കാൻ തെരഞ്ഞെടുപ്പ് രണ്ടുവർഷം നേരത്തേയാക്കി 2024 ഏപ്രിലിൽ നടത്താമെന്ന് ബൊലുവാർട്ട് പറഞ്ഞെങ്കിലും ഫലമുണ്ടായില്ല. ഇപ്പോൾ 2023 ഡിസംബറിൽ തെരഞ്ഞെടുപ്പ് നടത്താൻ തയ്യാറാണെന്ന് ബൊലുവാർട്ട് അറിയിച്ചിരിക്കുകയാണ്. എന്നാൽ, ജനവിരുദ്ധ കോൺഗ്രസ് അതും തള്ളിക്കളഞ്ഞിരിക്കുകയാണ്. ഇത് പ്രക്ഷോഭത്തിന് അഗ്നിപകരും. ജനകീയ മുന്നേറ്റത്തിന്റെ ബലത്തിൽ വെനസ്വേലയിൽ ഷാവേസും(2002ൽ) ബൊളീവിയയിൽ ഇവോ മൊറാലിസിന്റെ കക്ഷിയും(201920) എന്നപോലെ പെറുവിൽ കാസ്റ്റിയ്യോയും തിരിച്ചുവരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# COP 27

# കാലാവസ്ഥാ വ്യതിയാനം, യുദ്ധങ്ങൾ

ഈജിപ്തിലെ ഷറം അർഷെയ്ക്കിൽ വച്ച് കോൺഫറൻസ് ഓഫ് പാർട്ടീസ് 27 കാലാവസ്ഥാ സമ്മേളനം നടന്നു. 2022 നവംബർ ആറിന് തുടങ്ങിയ സമ്മേളനം രണ്ടാഴ്ചയോളം നീണ്ടുനിന്നു. കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ ദോഷം ഉണ്ടാക്കിയ ദരിദ്രവികസ്വര രാജ്യങ്ങൾക്ക് അതുമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരമായി ഒരു ആഗോള നിധി രൂപീകരിക്കാൻ തീരുമാനിച്ചതാണ് COP27 സമ്മേളനത്തിലെ പ്രധാന നേട്ടം. വികസിത രാഷ്ട്രങ്ങളും വികസ്വര രാജ്യങ്ങളും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിഷയങ്ങളിൽ നിലനിൽക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ ഈ സമ്മേളനത്തിലും ശ്രദ്ധേയമായി തുടരുന്നു. ഒരു ആഗോളനിധി രൂപീകരിക്കാൻ തീരുമാനമായെങ്കിലും അതിന്റെ വിശദാംശങ്ങൾ ഒന്നും ചർച്ച ചെയ്ത് സമ്മേളനം അംഗീകരിച്ചില്ല. ഈ നിധി ആര് കൈകാര്യം ചെയ്യും, ഓരോ രാജ്യവും എത്ര വിഹിതം അടയ്ക്കണം തുടങ്ങിയ വിഷയങ്ങളെല്ലാം ഒരു സമിതിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുന്നു. നിധി നടപ്പാക്കാനുള്ള ശുപാർശകൾ ഈ സമിതി നിർദ്ദേശിക്കും. ആ നിർദ്ദേശങ്ങൾ അടുത്തവർഷം യുഎഇയിൽ ചേരുന്ന COP 28 പരിഗണിച്ച് തീരുമാനമെടുക്കും. ചുരുക്കത്തിൽ കാലാവസ്ഥ ഉച്ചകോടികൾ മുൻപെടുത്ത പല തീരുമാനങ്ങളും പോലെ ഇതും അടുത്ത കാലത്ത് നടപ്പാക്കപ്പെടാൻ സാധ്യത കുറവാണ്. അമേരിക്ക ഈ നിധി രൂപീകരണത്തെ എതിർത്തു വരികയായിരുന്നു. ഈ സമ്മേളനത്തിൽ മനസ്സില്ലാ മനസ്സോടെ സമ്മതം മൂളി എന്നു മാത്രം. ഇപ്പോൾ പ്രഖ്യാപിച്ച നാശനഷ്ടനിധി തുടക്കത്തിൽ അമ്പതിനായിരം കോടി ഡോളറിന്റേതാണ്. പിന്നീട് ഇരുപതിനായിരം കോടി ഡോളറിന്റെ വാർഷിക വർദ്ധന ഉണ്ടാകാം.



ജോസ്.ടി.എബ്രഹാം

ആഗോള താപനില വ്യവസായവൽക്കരണത്തിന് മുൻപുണ്ടായിരുന്നതിൽ നിന്ന് 1.5 ഡിഗ്രി സെൽഷ്യസിൽ കൂടാതെ നോക്കുകയെന്നത് ഇപ്പോഴും സാധ്യമാകുമോ എന്ന സംശയം നിലനിൽക്കുകയാണ്. ഇന്നത്തെ രീതിയിൽ കാര്യങ്ങൾ പോയാൽ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ ആഗോള താപനില വർദ്ധന 2.8 ഡിഗ്രി ആകുമെന്ന് വ്യക്തമാക്കുന്ന ഐക്യരാഷ്ട്രസഭയുടെ എൻവയോൺമെൻറ് പ്രോഗ്രാമിന്റെ എമിഷൻസ് ഗ്യാപ്പ് റിപ്പോർട്ട് ഉച്ചകോടിയിൽ അവതരിപ്പിക്കുകയുണ്ടായി. താപനില കഴിഞ്ഞ നൂറ്റാണ്ടിനേക്കാൾ ഇപ്പോൾതന്നെ 1.1 ഡിഗ്രി സെൽഷ്യസ് ഉയർന്നു കഴിഞ്ഞു. വർദ്ധന 1.8 ഡിഗ്രിയിൽ താഴെ നിർത്താനായിരുന്നു 2015 ലെ പാരീസ് ഉടമ്പടി നിർദേശം. ഈ ലക്ഷ്യം നേടാൻ കാർബൺ ബഹിർഗമനം 2030 ഓടെ 30ശതമാനം വെട്ടി കുറയ്ക്കാനും 2050 ഓടെ പൂജ്യം കാർബൺ ബഹിർഗമനവും ലക്ഷ്യമിട്ടായിരുന്നു പരിപാടി. ഓരോ രാജ്യത്തിനും കാർബൺ ബഹിർഗമന പരിധിയും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ തീരുമാനം ഒന്നും നടപ്പായിട്ടില്ല.

COP 27 സമ്മേളനത്തിനും ഉയർന്നു നിന്ന വിഷയം റഷ്യ ഉക്രൈൻ സംഘർഷം തന്നെയാണ്. ഉക്രൈനെ മുന്നിൽ നിർത്തി യുഎസ്സും നാറ്റോയുമാണ് റഷ്യയെ യുദ്ധരംഗത്തിറക്കിയത്. യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ യൂറോപ്പിനെ പ്രത്യേകിച്ച് ജർമ്മനിയെ റഷ്യൻ ഗ്യാസ് വാങ്ങുന്നതിൽ നിന്ന് അമേരിക്ക നിരന്തരമായി എതിർത്തു വന്നു. യൂറോപ്പ് റഷ്യയിൽ നിന്നും ഗ്യാസ് വാങ്ങുന്നത് അമേരിക്ക ആദ്യമായി അല്ല തടയുന്നത്. 2018ൽ ഡൊണാൾഡ് ട്രംപ്, ജർമ്മനി റഷ്യയിൽ നിന്നും നോർഡ് സ്ട്രീം 2 പൈപ്പ് ലൈനിലൂടെ ഗ്യാസ് വാങ്ങുന്നതിന് ഉപരോധം തന്നെ ഏർപ്പെടുത്തുകയുണ്ടായി. ഉക്രൈൻ യുദ്ധം ഒരു ഘട്ടം എത്തിയപ്പോൾ

2022 സെപ്റ്റംബറിൽ ഒന്നും രണ്ടും പൈപ്പ് ലൈനുകൾ ബോംബ് വച്ച് തകർത്തതോടെ യൂറോപ്പ് അമേരിക്കയിൽ നിന്നുള്ള ഗ്യാസ് വിതരണത്തെ കൂടുതൽ ആശ്രയിക്കാൻ നിർബന്ധിതമാവുകയും ചെയ്തു. യുദ്ധം ആരംഭിച്ച കാലം മുതൽ തന്നെ അമേരിക്കൻ ഭരണകൂടവും അമേരിക്കയിലെ പ്രകൃതിവാതക കമ്പനികളും യൂറോപ്പിലേക്ക് ഗ്യാസ് കയറ്റുമതി ചെയ്യാനുള്ള എല്ലാ പശ്ചാത്തല സൗകര്യങ്ങളും തയ്യാറാക്കി വരികയായിരുന്നു. യൂറോപ്പിലേക്ക് ഗ്യാസ് കയറ്റി അയക്കാൻ പുതിയ പശ്ചാത്തല സൗകര്യങ്ങൾക്കായി 300 മില്യൺ ഡോളറിന്റെ സഹായമാണ് അമേരിക്കൻ സർക്കാരിനോട് ഗ്യാസ് കമ്പനികൾ ആവശ്യപ്പെട്ടത്. അത് അടിയന്തരമായി നൽകാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ചെയ്തു. യൂറോപ്പിലേക്കുള്ള അമേരിക്കയുടെ കയറ്റുമതി 2022 അവസാനത്തോടെ 20% വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. അമേരിക്ക 2022 -ൽ 15 ബില്യൺ ക്യൂബിക് മീറ്റർ ഗ്യാസ് യൂറോപ്പിനെ സഹായിക്കാൻ നൽകുമെന്ന് പ്രസിഡന്റ് പ്രഖ്യാപനം നടത്തുകയുണ്ടായി. യുദ്ധം തുടങ്ങിയ ശേഷം അമേരിക്കയിലെ കമ്പനികളുടെ ലാഭത്തിലും ഷെയർ വിൽപ്പനയിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതെല്ലാം കാണിക്കുന്നത് യുദ്ധത്തിന്റെ പിന്നമ്പുറത്തുള്ള അമേരിക്കയുടെ കച്ചവട ലക്ഷ്യങ്ങളാണ്. അമേരിക്കയ്ക്ക് കാലാവസ്ഥ വ്യതിയാനമല്ല പ്രധാനം അവരുടെ കോർപ്പറേറ്റുകളുടെ കച്ചവടവും ലാഭവും ആണ് പ്രധാനം എന്ന് വ്യക്തം.

സൈനികസന്നാഹങ്ങളും യുദ്ധവും വലിയതോതിൽ കാർബൺ ബഹിർഗമനം നടത്തി കാലാവസ്ഥ വ്യതിയാനത്തെ ത്വരിതപ്പെടുത്തുന്ന ഇടപെടലാണ്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ യുദ്ധങ്ങളുടെ വില എന്ന പ്രോജക്ടിന്റെ കോഡയറക്ടർ നെറ്റാ ക്രാഫോർഡ് Pentagon Fuel Use, Climate change and the cost of war എന്ന റിപ്പോർട്ടിൽ പറയുന്നത് യുഎസ് മിലിട്ടറി ലോകത്തെ തന്നെ ഏറ്റവും വലിയ കാർബൺ ബഹിർഗമന സ്രോതസ്സാണെന്നാണ്. സ്വീഡനും ഡെന്മാർക്കും മൊത്തത്തിൽ ഉത്പാദിപ്പിക്കുന്ന ഗ്രീൻ ഹൗസ് ഗ്യാസുകളെക്കാൾ കൂടുതൽ ഗ്യാസ് അമേരിക്കൻ മിലിട്ടറി പുറത്തു വിടുന്നുണ്ട്. യു.എസ്സ്, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇറാക്ക്, സിറിയ തുടങ്ങിയ രാജ്യങ്ങളിൽ അടുത്ത കാലത്ത് നടത്തിയ ഇടപെടൽ മൂലം തന്നെ 400 മില്യൺ മെട്രിക് കാർബൺ അന്തരീക്ഷത്തിലേക്ക് തള്ളപ്പെട്ടു എന്നും റിപ്പോർട്ട് പറയുന്നു. ഇത് 2001 നു ശേഷം പെന്റഗൺ ഇടപെടൽ മൂലം പുറത്തുവിട്ട കാർബൺഡയോക്സൈഡിന്റെ മൂന്നിലൊന്ന് ആണെന്നും മനസ്സിലാക്കണം. ഉക്രൈൻ യുദ്ധത്തിന്റെയും റഷ്യൻ ഗ്യാസ് ലഭിക്കാത്തതിന്റെയും പശ്ചാത്തലത്തിൽ ജർമ്മനി അവരുടെ കൽക്കരി ഉൽപാദനവും ഉപയോഗവും പുനരുജീവിപ്പിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. ഈ വിഷയങ്ങളൊന്നും COP 27 ൽ ചർച്ചയായില്ല. ചർച്ചയുടെ ഗതി നിയന്ത്രിക്കുന്നത് അമേരിക്കയും കൂട്ടരും ആകുമ്പോൾ അത് സ്വാഭാവികം.

യുദ്ധങ്ങൾക്കായി അനേകം ട്രില്യൻ ഡോളറാണ് ഓരോ വർഷവും അമേരിക്കയും യൂറോപ്പും മറ്റു രാജ്യങ്ങളും ചെലവഴിക്കുന്നത്. റഷ്യയെ നേരിടാൻ മാത്രം ഉക്രൈന് അമേരിക്കയും സഖ്യകക്ഷികളും ആയുധമായും പണമായും നൽകിയതും നൽകി ക്കൊണ്ടിരിക്കുന്നതും കോടാനുകോടി ഡോളറാണ്. കാലാവസ്ഥ വ്യതിയാനം നേരിടാൻ ഒരു വർഷം വേണ്ടത് 100 ബില്യൺ ഡോളർ ആണെന്നാണ് അടുത്ത കാലത്ത് കണക്കാക്കിയത്. മുൻഡെമോക്രാറ്റ് സെനറ്ററും പ്രസിഡന്റിന്റെ കാലാവസ്ഥാ വിഷയത്തിലെ പ്രത്യേക ദൂതനുമായ ജോൺ കെറി കാലാവസ്ഥ വ്യതിയാനം നേരിടാൻ രൂപീകരിച്ചിരിക്കുന്ന ഫണ്ടിനെ കുറിച്ച് പ്രതികരിച്ചത് ഇങ്ങനെയാണ്. കാലാവസ്ഥാമാറ്റം നേരിടാൻ ആവശ്യത്തിനുള്ള പണം ഒരു രാജ്യത്തിന്റെയും കൈവശമില്ല. സ്വകാര്യ മേഖലയ്ക്ക് മാത്രമാണ് ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുന്നത്. ജോൺ കെറിയുടെ ഈ കൈകഴുകൽ പ്രസ്താവനയിൽ നിന്നും മുതലാളിത്ത വ്യവസ്ഥയുടെ കാലാവസ്ഥ വ്യതിയാനത്തോടുള്ള സമീപനം വ്യക്തമാണ്. ട്രില്യൻ കണക്കിന് ഡോളർ യുദ്ധത്തിനായി ചെലവഴിക്കുമ്പോൾ മുതലാളിത്ത വ്യവസ്ഥ കോവിഡിന് പോലുള്ള മഹാമാരികൾ നേരിടാനും അസമത്വം കുറയ്ക്കാനും തൊഴിലാളികൾക്ക് അനുയോജ്യമായ കൂലിയായും ജനക്ഷേമത്തിനായും പണം ചെലവഴിക്കാൻ തയ്യാറല്ല എന്ന് വ്യക്തം.

ഗ്രീൻഹൗസ് ഗ്യാസുകളുടെ ബഹിർഗമനം അടിയന്തരമായി നിയന്ത്രിച്ചില്ലെങ്കിൽ കാലാവസ്ഥവ്യതിയാനം കൈവിട്ടുപോകുമെന്ന് തീർച്ചയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ആഘാതം തുടക്കത്തിൽ എങ്കിലും കൂടുതലായി നേരിടേണ്ടിവരുന്നത് സാധാരണക്കാരാണ് താനും.ആയിരക്കണക്കിന് തൊഴിലാളികളും സാധാരണ ജനങ്ങളും വർഷംതോറും പ്രകൃതിക്ഷോഭത്തിൽ മരണമടയുകയും പരിക്കേൽക്കുകയും കൂടിയൊഴിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. 50 വർഷത്തിനിടെ കാലാവസ്ഥാമാറ്റം കൊണ്ടുള്ള പ്രകൃതി ദുരന്തങ്ങൾ 5 ഇരട്ടിയായി. 10 വർഷത്തിൽ ഉണ്ടായ മരണം 13 ലക്ഷത്തിലേറെ. ഭൂമിയിലെ 80 ശതമാനത്തിൽ അധികം ദേശങ്ങളും കാലാവസ്ഥ വ്യതിയാനത്തിന് ഇരയായി. ഇത്രയും ഭയാനകമായ അന്തരീക്ഷത്തിലും മിക്ക രാജ്യങ്ങളും COP 27 ചർച്ചകളിൽ വളരെ ലാഘവത്തോടെ സ്ഥിരം പല്ലവികളും പ്രസംഗങ്ങളും ആവർത്തിക്കുക മാത്രമാണ് ചെയ്തത്.

ഉച്ചകോടിയിൽ യു.എൻ.സെക്രട്ടറി ജനറലിന്റെ വാക്കുകൾ ശ്രദ്ധേയമായി. വരാനിരിക്കുന്ന ഭയാനകത അത് കുറെയൊക്കെ വ്യക്തമാക്കുന്നുണ്ട്. കാലാവസ്ഥാ ദുരന്തത്തിലേക്കുള്ള ആക്സിലേറ്ററിൽ കാലുവച്ച് നരകത്തിലേക്കുള്ള ഹൈവേയിൽ ആണ് നാം. മാനവരാശിക്ക് ഇനി ഒരു വഴിയെ ഉള്ളൂ, സഹകരിക്കുക അല്ലെങ്കിൽ നശിക്കുക. ഇപ്പോൾ മുതലാളിത്തം സഞ്ചരിക്കുന്നത് ഈ ഹൈവേയിലാണ്. ഈ വ്യവസ്ഥിതി മാറാതെ ഈ പ്രശ്നത്തിന് മനുഷ്യരാശി നേരിടുന്ന ദാരിദ്ര്യം പോലെയുള്ള പ്രശ്നങ്ങളെ പോലെ പരിഹാരം കാണുവാൻ ആവില്ല.●



# വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ
# പാരീസ് സമ്മേളനം

**തൊഴിലാളി വർഗ്ഗത്തിന്റെ ലോകകടമകളോടും പോരാട്ടങ്ങളോടുമുള്ള ഡബ്ല്യുഎഫ്ടിയുവിന്റെ വിശാലമായ സാമ്പത്തികസമീപനം വലത് അവസരവാദ "നിക്ഷ്പക്ഷ" സിദ്ധാന്തങ്ങളിൽ നിന്നുള്ള വലിയൊരു മാറ്റമായിരുന്നു. ഡബ്ല്യൂഎഫ്ടിയുവിന്റെ പരിപാടിയിൽ ഒഴിവാക്കാനാകാത്ത പരിമിതികൾ ഉണ്ടായിരുന്നെങ്കിലും പൊതുവിൽ അത് രണ്ടാംലോകയുദ്ധാനന്തരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളർന്നുവന്ന വിശാലമായ മുതലാളിത്ത വിരുദ്ധ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനത്തിന്റെ ഭാഗമായി അറിയപ്പെട്ടു.**



എൻ.പത്മലോചനൻ

യൂറോപ്പിൽ ഫാസിസത്തിനു മേൽ വിജയം നേടിയ ദിനത്തിന് 2 ആഴ്ചകൾക്കു ശേഷം 1945 മേയ് 23 ന് സംഘാടകസമിതി രണ്ടാം ലോക തൊഴിലാളി സമ്മേളനത്തിനുള്ള ആഹ്വാനം പുറപ്പെടുവിച്ചു. 1945 സെപ്റ്റംബർ 25 ന് ആരംഭിച്ച് ഒക്ടോബർ 8 ന് അവസാനിച്ച പ്രസ്തുത സമ്മേളനം പാരീസിലാണ് നടന്നത്. ഒക്ടോബർ 3 ന് ഈ സമ്മേളനം കോൺഗ്രസ്സ് ആയി സ്വയം മാറി. 6.7 കോടി സംഘടിത തൊഴിലാളികളെ പ്രതിനിധീകരിച്ചുകൊണ്ട് 56 രാജ്യങ്ങളിൽ നിന്നായി 346 പ്രതിനിധികൾ സംബന്ധിച്ചിരുന്നു. ഈ പ്രതിനിധികളിൽ ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയന്റെ 2 പ്രതിനിധികളും അതിന്റെ സാർവദേശീയ സെക്രട്ടറിമാരായ 29 പേരും ഉൾപ്പെട്ടിരുന്നു. ക്രിസ്ത്യൻ ട്രേഡ് യൂണിയനുകളുടെ സാർവദേശീയ ഫെഡറേഷന്റെ ഒരു പ്രതിനിധിയും ഉണ്ടായിരുന്നു. ലോകത്തിലെ കൊളോണിയൽ അർധകൊളോണിയൽ രാജ്യങ്ങളിൽ നിന്ന് വലിയ പ്രതിനിധിസംഘങ്ങളും ഉണ്ടായിരുന്നു. അതിൽ നിന്നു വിട്ടുനിന്ന പ്രധാനപ്പെട്ട ഒരു ദേശീയ സംസ്ഥാന ഫെഡറേഷൻ ഓഫ് ലേബർ മാത്രമായിരുന്നു. അമേരിക്കൻ ഖനിതൊഴിലാളി യൂണിയനും വിട്ടുനിന്നു. എങ്കിലും രണ്ട് പ്രതിനിധികളെ അയിച്ചിരുന്നു.

പ്രതിനിധീകരിച്ചവയിൽ വലിയ സംഘടനകൾ സോവിയറ്റ് യൂണിയൻ 2,71,24,000, ബ്രിട്ടൺ 66,00,000, അമേരിക്ക

60,00,000, ഇറ്റലി 5,200,000, ഫ്രാൻസ് 5,100,000, ലാറ്റിൻ അമേരിക്ക 10,00,000, ചെക്കോസ്ലോവാക്യ 15,00,000, റൂമാനിയ 12,67,201, സ്വീഡൻ 12,87,000, പോളണ്ട് 10,11,000, മെക്സിക്കോ 10,00,000 ഹങ്കറി 8,88,000 ചൈന, 8,00,000 ഫ്രഞ്ച് കാത്തലിക് 7,50,000 യൂഗോസ്ലാവിയ 6,62,000 ആസ്ട്രിയ 6,25,000, ക്യൂബ 5,57,000, നൈജീരിയ 5,00,000 എന്നിവയായിരുന്നു.

പുതിയ സംഘടനയായ ലോകട്രേഡ് യൂണിയൻ ഫെഡറേഷനുവേണ്ടി ഒരു കരട് ഭരണഘടന തയ്യാറാക്കുക എന്നതായിരുന്നു പാരീസ് സമ്മേളനം നിർവഹിച്ച പ്രധാനപ്പെട്ട ചുമതല. ബ്രിട്ടീഷ്കാരും മറ്റ് യാഥാസ്ഥിതിക ശക്തികളും അവസാനമായി ഒരു പോരാട്ടം തന്നെ ഐഎഫ്ടിയുവിനെ രക്ഷിക്കുന്നതിനായി നടത്തിയശേഷം കരട് ഏകകണ്ഠമായി ഒക്ടോബർ 3 ന് അംഗീകരിക്കുകയും അത് കോൺഗ്രസ്സിന്റെ അന്തിമ തീരുമാനത്തിന് വിടുകയും ചെയ്തു. തുടർന്നു നടന്ന സമ്മേളനം ശ്രദ്ധിച്ചത് ലോകതൊഴിലാളി വർഗ്ഗത്തിന്റെ ഐക്യത്തിനുവേണ്ടി സംസാരിച്ചവരുടെ വാക്കുകൾ ആയിരുന്നു.

അന്തിമമായി അംഗീകരിച്ച ഭരണഘടന പ്രകാരം ഡബ്ല്യുഎഫ്ടിയു എന്ന ഒരു സാർവദേശീയ ഫെഡറേഷന് പാരീസ് ആസ്ഥാനമായി രൂപം കൊടുത്തു. ഭരണഘടനയുടെ പ്രധാനഭാഗം അതിന്റെ ഘടന, ഭരണപരമായ നടപടികൾ എന്നിവയാണ്. ഡബ്ല്യുഎഫ്ടിയുവിന്റെ പരമാധികാരസഭ വേൾഡ്ട്രേഡ് കോൺഗ്രസ്സ് ആണ്. വേൾഡ് ട്രേഡ് കോൺഗ്രസ്സ് രണ്ട് വർഷത്തിൽ ഒരിക്കലാണ് നടത്തപ്പെടുക. ചെറിയ സംഘടനകൾക്ക് ഉയർന്ന പ്രാതിനിധ്യം കിട്ടാവുന്ന വിധത്തിലാണ് നിശ്ചയിക്കുക, 2.50 ലക്ഷം അംഗങ്ങളുള്ള ഓരോ യൂണിയനും ഓരോ പ്രതിനിധി 50 ലക്ഷം മുതൽ ഒരു കോടി വരെ അംഗങ്ങളുള്ള യൂണിയന് 5 ലക്ഷം അംഗങ്ങൾക്ക് ഒരു പ്രതിനിധി വീതം. 1.50 കോടിയോ അതിലധികമോ അംഗങ്ങളുള്ള യൂണിയനുകൾക്ക് 20 ലക്ഷം അംഗങ്ങൾക്ക് ഒരു പ്രതിനിധി. 1.10ലക്ഷമോ അതിൽ കുറവോ ഉള്ളവർക്ക് ഒരു പ്രതിനിധിയും ഒരു പകരക്കാരനും.

ഡബ്ല്യുഎഫ്ടിയുവിന് നേതൃത്വം കൊടുക്കുന്നത് ജനറൽ കൗൺസിൽ ആണ്. അതിനെ കോൺഗ്രസ്സ് തിരഞ്ഞെടുക്കും. കൗൺസിൽ വർഷത്തിലൊരിക്കൽ യോഗം ചേരും. ഡബ്ല്യുഎഫ്ടിയുവിന്റെ പരിപാടിയും ഭരണഘടനയും : ഏതു രാഷ്ട്രീയ പ്രവണതയും പ്രകടിപ്പിക്കുന്ന സ്വാഭാവിക ട്രേഡ് യൂണിയനുകളെ എല്ലാം ഉൾക്കൊള്ളുന്ന ഐക്യമുന്നണി എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ സ്ഥാപിതമായിരിക്കുന്നത്. സങ്കുചിതവും ദേശീയതയും മതപരവുമായ പ്രശ്നങ്ങൾ, യുദ്ധത്തിനുമുമ്പുള്ള വിനാശകരമായ ഭിന്നിപ്പ് തുടങ്ങിയ കാര്യങ്ങളും പ്രവർത്തനപരിധിയിൽ നിന്നും ഒഴിവാക്കി. എല്ലാ രാജ്യത്തെയും തൊഴിലെടുക്കുന്നവരുടെ വിശാലമായ പൊതു താല്പര്യം കണക്കിലെടുത്തത് സംഘടിപ്പിക്കുകയും പ്രവർത്തിക്കുകയുമായിരുന്നു രീതി. അവരുടെ ദൈനംദിന ജീവിതത്തിൽ ഉയർന്നു വരുന്ന അടിയന്തിര പ്രായോഗിക പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തി മുന്നോട്ടു പോകുക എന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ പ്രസ്താവിച്ചു.

(എ) വംശം, ദേശീയത, മതം രാഷ്ട്രീയം, അഭിപ്രായം എന്നിവ പരിഗണിക്കാതെ ലോകത്തെമ്പാടുമുള്ള ട്രേഡ് യൂണിയൻ പ്രവർത്തകരെ സംഘടിപ്പിക്കുകയും ഐക്യപ്പെടുത്തുകയും ചെയ്യുക.

(ബി) സാമൂഹികമായോ വ്യാവസായികമായോ വികസനത്തിൽ പിന്നിൽ നിൽക്കുന്ന രാജ്യങ്ങളിൽ ട്രേഡ് യൂണിയൻ സംഘടിപ്പിക്കുന്നതിനായി തൊഴിലാളികളെ ആവശ്യമായി വരുമ്പോൾ സഹായിക്കുക.

(സി) ഫാസിസ്റ്റ് രൂപത്തിലുള്ള ഗവൺമെന്റുകളെ അവഏതു രൂപത്തിലും പേരിലും പ്രവർത്തിച്ചാലും അറിയപ്പെട്ടാലും ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പോരാടുക.

(ഡി) സുസ്ഥിരസമാധാനം നിലനിറുത്തുന്നതിനും യുദ്ധവും യുദ്ധകാരണങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുക.

അവികസിത രാജ്യങ്ങളിൽ വിഭവങ്ങളുടെ പൂർണ്ണ വിനിയോഗത്തിനും സാമൂഹ്യ വ്യവസായ സാമ്പത്തിക മേഖലകളിലെ വ്യവസായ വികസന നടപടികൾക്കും പരമാവധി സാർവദേശീയ പിന്തുണ ഉറപ്പാക്കുക.

പിന്തിരിപ്പൻ നയങ്ങൾക്കെതിരെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളും സ്വാതന്ത്ര്യവും പൂർണമായി വിനിയോഗിക്കാനുള്ള പോരാട്ടവുമായി മുന്നോട്ടു പോവുക.

(ഇ) ലോകസംഘടനയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബാധ്യതപ്പെട്ട സാർവദേശീയ ഏജൻസികളിൽ ലോകത്തിന്റെ താല്പര്യങ്ങളെ പ്രതിനിധാനം ചെയ്യുക. ഡബ്ല്യുഎഫ്ടിയു കാലാകാലങ്ങളിൽ തീരുമാനിക്കുന്നതും ഐക്യരാഷ്ട്ര സഭയും മറ്റ് ഏജൻസികളും ഉണ്ടാക്കിയിട്ടുള്ളതുമായ ഉടമ്പടികളിലും കൺവെൻഷനുകളിലും ഉറച്ചുനിൽക്കുക.

(എഫ്) തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവും ജനാധിപത്യവുമായ അവകാശങ്ങൾക്കും ജനാധിപത്യ സ്വാതന്ത്ര്യത്തിനും തൊഴിലാളികളുടെ പൂർണമായ തൊഴിൽ സുരക്ഷിതത്വം സംതൃപ്തമായ നിലയിൽ അംഗീകരിച്ചു കിട്ടുന്നതിനും തൊഴിലാളികളുടെ വേതനം, തൊഴിൽ സമയം, തൊഴിൽ പരിതസ്ഥിതി, ജീവിതാവസ്ഥ, എന്നിവ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ, രോഗം, അപകടം, പ്രായാധിക്യം എന്നീ പ്രശ്നങ്ങളിൽ നിന്ന് തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും രക്ഷിക്കുന്നതിനും പൂർണവും ആവശ്യവുമായ സുരക്ഷ ഉറപ്പാക്കുക. തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തികക്ഷേമം

മെച്ചപ്പെടുത്തുന്നതിനും കൂടുതൽ നടപടികൾ അംഗീകരിക്കുക.

എല്ലാ രാജ്യങ്ങളിലേയും തൊഴിലാളി യൂണിയനുകളുടെ പൊതുവായ സമരങ്ങൾ സംഘടിപ്പിക്കുക.

സാർവദേശീയ തൊഴിലാളി ഐക്യം, തൊഴിലാളി യൂണിയന്റെ ലക്ഷ്യങ്ങൾ, അതിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് ട്രേഡ് യൂണിയൻ അംഗങ്ങളെ ബോധവൽക്കരിക്കുന്നതിനായി വിദ്യാഭ്യാസ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക.

ഈ ലക്ഷ്യങ്ങൾ നേടി എടുക്കുന്നതിനായി ഡബ്ല്യു എഫ്ടിയു അതിന്റെ പ്രവർത്തനം താഴെ പറയുന്ന തത്വങ്ങളിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു.

(എ) എല്ലാ രാജ്യങ്ങളിലേയും ട്രേഡ് യൂണിയനുകൾക്ക് പൂർണ ജനാധിപത്യവും തമ്മിൽ അടുത്ത സഹകരണവും.

(ബി) അഫിലിയേറ്റ് ചെയ്ത ട്രേഡ് യൂണിയൻ സംഘടനകളുമായി സ്ഥിരമായ ബന്ധവും അവയുടെ പ്രവർത്തനങ്ങളിൽ പിൻതുണയും സഹായവും.

(സി) സാർവദേശീയ തൊഴിലാളി പ്രസ്ഥാനത്തിൽ ഐക്യദാർഢ്യം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ നിന്ന് കിട്ടുന്ന വിവരങ്ങളും അനുഭവസമ്പത്തും വ്യവസ്ഥാപിതമായി കൈമാറൽ

(ഡി) സാർവദേശീയ ലക്ഷ്യങ്ങളും തീരുമാനങ്ങളും പ്രാവർത്തികമാക്കുന്നതിനായി തൊഴിലാളി സംഘടനകളുടെ പ്രവർത്തനത്തിൽ ഏകോപനം വരുത്തൽ

(ഇ) തൊഴിൽ തേടി വിദേശത്ത് പോകുന്നവരുടെയും കുടിയേറ്റക്കാരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുക.

(എഫ്) വേൾഡ് ട്രേഡ് യൂണിയൻ ഫെഡറേഷൻ സംഘടിതമായതെന്തിന്, അതു നേടാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്ത്? പ്രത്യേകവിഷയങ്ങളിൽ ഈ ലക്ഷ്യങ്ങളും തീരുമാനങ്ങളും നേടിഎടുക്കുന്നതിന് അതിന്റെ പരിപാടി എന്ത്, ഈ കാര്യങ്ങൾ അറിയുന്നതിനും വിശദീകരിക്കുന്നതിനുമായി ലഭ്യമായ എല്ലാമാർഗങ്ങളും ഉപയോഗിക്കുക.

ഫെഡറേഷന്റെ ഓരോ സാധാരണ യോഗത്തിനും ശേഷം എക്സിക്യൂട്ടീവ്കമ്മിറ്റി അതിന്റെ അംഗങ്ങളിൽ നിന്ന് ഒരു ചെയർമാനെയും ഏഴ് വൈസ് ചെയർമാൻമാരെയും തെരെഞ്ഞെടുക്കണം. അവരും ജനറൽ സെക്രട്ടറിയും ചേർന്നതാണ് എക്സിക്യൂട്ടീവ് ബ്യൂറോ.

ഡബ്ല്യുഎഫ്ടിയുവിന്റെ ഫണ്ടുകൾ ശേഖരിക്കുന്നത് അഫിലിയേഷൻ ഫീസിൽ നിന്നാണ്. ഓരോ 1000 അംഗങ്ങൾക്കോ, ഭാഗത്തിനോ പ്രതിവർഷം 4 പവൻ വീതമാണ്. 50 ലക്ഷത്തിലേറെ അംഗസംഖ്യ ഉള്ളവരിൽ നിന്നും അധിക ഫീസ് ഈടാക്കുന്നതാണ്. മൂന്ന് മാസം കൂടുമ്പോഴാണ് അഫിലിയേഷൻ ഫീസ് അടക്കേണ്ടത്.

ഡബ്ല്യുഎഫ്ടിയു നിരവധി ഭാഷകളിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതാണ്. ആ സ്ഥാനം പാരീസിലായിരിക്കും പ്രവർത്തിക്കുന്നത്.

51 രാജ്യങ്ങളിലെ നിരവധി സംഘടനകളിൽ നിന്നായി 71 അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവിനെ തിരഞ്ഞെടുത്തു. ഒക്ടോബർ 5 ന് ജനറൽ ആഫിസിൽ യോഗം ചേർന്ന് ലൂയിസ് സെയിലിന്റിനെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തു. അദ്ദേഹത്തിന ഈ ജോലിക്ക് ആവശ്യമായ ചില യോഗ്യതകൾ ഇല്ലായിരുന്നു. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ സെക്രട്ടറി എന്ന നിലയിൽ നടത്തിയ സേവനം അദ്ദേഹത്തിന് ഈ ജോലിയിൽ കൂടുതൽ സാധ്യത ഉണ്ടാക്കി. സോഷ്യലിസ്റ്റുകൾക്കും കമ്മ്യൂണിസ്റ്റുകൾക്കും ഇടയിൽ നിഷ്പക്ഷ നിലപാട് എടുത്തതായിരുന്നു അതിനു കാരണം. റഷ്യക്കാർ സെയിലാന്റിന് അനുകൂലമായത്. ഫ്രാങ്കോട്രേഡ് യൂണിയൻ കമ്മിറ്റി രൂപീകരിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് പരിഗണിച്ചായിരുന്നു.

ഒക്ടോബർ 5 ന് ജനറൽ കൗൺസിൽ ചേർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഐക്യരാഷ്ട്രസഭയിൽ പ്രഖ്യാപിച്ചു. ജനാധിപത്യപ്രക്രിയയിൽ സംഘടിതതൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ അംഗീകരിക്കുക, 1944 ൽ ലണ്ടനിൽ ചേർന്ന ലോക തൊഴിലാളി സമ്മേളനം അംഗീകരിച്ച പൊതുപരിപാടി അംഗീകരിക്കുക, സാർവത്രികമായ ട്രേഡ് യൂണിയൻ അവകാശങ്ങളും സാമൂഹ്യസുരക്ഷിതത്വവും അംഗീകരിക്കുക, ഫ്രാങ്കോയുടെ സ്പാനിഷ് ഏകാധിപത്യത്തെ അപലപിക്കുക, സ്വയം നിർണ്ണയത്തിനുള്ള ജനങ്ങളുടെ അവകാശം ആവർത്തിച്ച് ഉറപ്പിക്കുക, വംശീയ പീഠനങ്ങളെ അപലപിക്കുക, ലോകത്തിലെ അവികസിത മേഖലകളിൽ സംഘടിതമായ വ്യവസായവൽക്കരണം നിർദ്ദേശിക്കുക, അന്താരാഷ്ട്ര ട്രസ്റ്റുകളെയും കുത്തകകളെയും ഇല്ലാതാക്കുക.

തൊഴിലാളി വർഗ്ഗത്തിന്റെ പോരാട്ടങ്ങളോടുള്ള ഡബ്ല്യുഎഫ്ടിയുവിന്റെ വിശാലമായ സാമ്പത്തികസമീപനം വലത് അവസരവാദ "നിക്ഷ്പക്ഷ" സിദ്ധാന്തങ്ങളിൽ നിന്നുള്ള വലിയൊരു മാറ്റമായിരുന്നു. ഡബ്ല്യു എഫ്ടിയുവിന്റെ പരിപാടിയിൽ ഒഴിവാക്കാനാകാത്ത പരിമിതികൾ ഉണ്ടായിരുന്നെങ്കിലും പൊതുവിൽ അത് രണ്ടാംലോകയുദ്ധാനന്തരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളർന്നുവന്ന വിശാലമായ മുതലാളിത്ത വിരുദ്ധ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനത്തിന്റെ ഭാഗമായി അറിയപ്പെട്ടു. എല്ലാ രാജ്യങ്ങളിലുമുള്ള തൊഴിലുടമകൾ, മറ്റു ചൂഷകർ, അവരോടൊപ്പം നിൽക്കുന്ന വലതുപക്ഷ സോഷ്യൽ ഡമോക്രാറ്റിക് ഏജന്റമാർ എന്നിവർക്കൊക്കെ അടിസ്ഥാനപരമായ ഈ വസ്തുതയെക്കുറിച്ച് അറിയാമായിരുന്നു. അതുകൊണ്ടു തന്നെ ഈ പുതിയ ലോകതൊഴിലാളിസംഘടനയെ ദുർബലമാക്കുകയോ തകർക്കുകയോ ചെയ്യുക എന്നത് അവരുടെ മുഖ്യകടമയായി മാറി.●

# ഇഎസ്ഐ പണവും ഓഹരിവിപണിക്ക്
## കേന്ദ്രനീക്കം പിഎഫ് പണം നിക്ഷേപിച്ചതിനു പിന്നാലെ

ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിനു (പിഎഫ്) പുറമെ തൊഴിലാളികളുടെ ഇൻഷുറൻസ് (ഇഎസ്ഐ) പണം ഓഹരിവിപണിയിൽ നിക്ഷേപിക്കാൻ കേന്ദ്ര സർക്കാർ തീരുമാനം. കേന്ദ്ര തൊഴിൽമന്ത്രി ഭൂപേന്ദ്ര യാദവിന്റെ അധ്യക്ഷതയിൽ ചേർന്ന ഇഎസ്ഐ കോർപറേഷൻ യോഗമാണ് തീരുമാനമെടുത്തത്. എക്സ്ചേഞ്ച് ട്രേഡ് ഫണ്ടുകൾ (ഇടിഎഫ്) വഴിയാകും ഇഎസ്ഐ പണം വിപണിയിൽ എത്തുക.



തുടക്കത്തിൽ ഇഎസ്ഐ ഫണ്ടിന്റെ അഞ്ചു ശതമാനംവരെ ഇടിഎഫുകളിൽ നിക്ഷേപിക്കാനാണ് ധാരണ. ഇതിൽനിന്നുള്ള വരുമാനവും മറ്റും ആറുമാസത്തേക്ക് നിരീക്ഷിച്ചശേഷം ഓഹരിവിപണിയിൽ നിക്ഷേപിക്കുന്ന ഇഎസ്ഐ പണം 15 ശതമാനംവരെയായി വർധിപ്പിക്കും. നിലവിലെ കടപത്ര നിക്ഷേപങ്ങളിൽനിന്നുള്ള വരുമാനം പോരെന്ന വിലയിരുത്തലിലാണ് ഇഎസ്ഐകൂടി ഓഹരി വിപണിയിൽ ഇറക്കാൻ തീരുമാനം എടുത്തത്. ഓഹരിവിപണികളായ സെൻസെക്സിലും നിഫ്റ്റി 50ലും നിക്ഷേപം നടത്തുന്ന ഇടിഎഫുകളിലാകും പണം മുടക്കുക.

പിഎഫ് പണം നേരത്തേതന്നെ ഇടിഎഫുകൾ വഴി സർക്കാർ ഓഹരി വിപണിയിൽ എത്തിച്ചുതുടങ്ങിയിട്ടുണ്ട്. ഇഎസ്ഐക്കു സമാനമായി പിഎഫ് പണത്തിന്റെയും അഞ്ചു ശതമാനമാണ് തുടക്കത്തിൽ വിപണിയിൽ മുടക്കിയത്. പിന്നീടിത് 15 ശതമാനമായി വർധിപ്പിച്ചു. ആകെ ഫണ്ടിന്റെ 25 ശതമാനംവരെ ഓഹരിവിപണിയിൽ നിക്ഷേപിക്കാൻ കേന്ദ്രം താൽപ്പര്യപ്പെടുന്നുണ്ട്.

പിഎഫ് ഫണ്ടിൽനിന്ന് ഇതുവരെയായി 1.60 ലക്ഷം കോടി രൂപയാണ് ഇടിഎഫുകൾ വഴി ഓഹരിവിപണിയിലേക്ക് ഒഴുകിയിരിക്കുന്നത്. 67,000 കോടി രൂപയുടെ വരുമാനം ഇതുവരെയായി നേടാനായിട്ടുണ്ടെന്ന് ഇപിഎഫ്ഒ അവകാശപ്പെടുന്നു.

# യു.കെ പണിമുടക്ക് : ഗതാഗതം സ്തംഭിച്ചു

വേതനവർധന ആവശ്യപ്പെട്ട് ബ്രിട്ടനിലെ അൻപതിനായിരത്തോളം റെയിൽവേ റോഡ് ഗതാഗത ജീവനക്കാരുടെ പണിമുടക്ക് ഡിസംബർ 13, 14 തീയതികളിലായി നടന്നു. ആർഎംടി, യുണൈറ്റ്, ടിഎസ്എസ്എ എന്നീ സംഘടനകളാണ് പണിമുടക്കിയത്. 20 ശതമാനം സർവീസ് മാത്രമാണ് നടത്തിയത്. 17 വരെ ഗതാഗതമേഖലയിലെ വിവിധ സംഘടനകൾ പണിമുടക്കുന്നുണ്ട്. 20ന് നഴ്സുമാരും 21ന് ആംബുലൻസ് ജീവനക്കാരും പണിമുടക്കി. ഊർജമേഖലയിലെ ജീവനക്കാരും പണിമുടക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. തപാൽജീവനക്കാരും സർവകലാശാല അധ്യാപകരും നിലവിൽ സമരത്തിലാണ്. ബ്രിട്ടനിൽ ജീവിതച്ചെലവ് കുതിച്ചുയരുന്നതിനാൽ അതിന് ആനുപാതികമായി വേതന വർധന അനുവദിക്കണമെന്നും തൊഴിൽസുരക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടാണ് സമരം. ആവശ്യങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ ക്രിസ്മസിനോട് അനുബന്ധിച്ച ദിവസങ്ങളിലും പണിമുടക്ക് നടത്തുമെന്ന് യൂണിയനുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബ്രിട്ടണിൽ മാത്രമല്ല ലോകത്തെ മറ്റ് പല രാജ്യങ്ങളിലും വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ തൊഴിലാളികൾ പ്രതിഷേധത്തിലും പ്രക്ഷോഭത്തിലുമാണ്.

## യുകെയിൽ തൊഴിലില്ലായ്മ നിരക്ക് ഉയരുന്നു

ബ്രിട്ടനിൽ തൊഴിലില്ലായ്മാ നിരക്കിൽ വൻ വർധന. തൊഴിലവസരങ്ങൾ വലിയതോതിൽ കുറയുന്നതായും റിപ്പോർട്ട്. സെപ്തംബർവരെയുള്ള മൂന്നുമാസക്കാലയളവിൽ 3.6 ശതമാനം ആയിരുന്ന തൊഴിലില്ലായ്മാ നിരക്ക്, ഒക്ടോബർവരെയുള്ള മൂന്നുമാസക്കാലയളവിൽ 3.7 ആയി ഉയർന്നു. ഇക്കാലയളവിൽ 65,000 തൊഴിലവസരം കുറയുകയും ചെയ്തു. ഇതോടെ തുടർച്ചയായ അഞ്ചു പാദങ്ങളിലാണ് തൊഴിലവസരങ്ങളിൽ കുറവുണ്ടായത്. ദേശീയ സ്ഥിതിവിവരക്കണക്ക് ഓഫീസാണ് വിവരങ്ങൾ പുറത്തുവിട്ടത്. അതേസമയം, കോവിഡിനുശേഷം തൊഴിലിടങ്ങളിലേക്ക് തിരികെ എത്തുന്നവരുടെ എണ്ണത്തിൽ വർധനയുണ്ടായി. 50നു മുകളിൽ പ്രായമുള്ള, തൊഴിൽ തുടരാൻ താൽപ്പര്യമില്ലാത്തവരുടെ നിരക്ക് 21.5 ശതമാനമായി കുറഞ്ഞു.

# കേരള എൻ.ജി.ഒ. യൂണിയൻ 59-ാം സംസ്ഥാന സമ്മേളനം

സംസ്ഥാന ജീവനക്കാരുടെ കരുത്തുറ്റ സമര സംഘടനയായ കേരള എൻ.ജി.ഒ. യൂണിയൻ 59ാം സംസ്ഥാന സമ്മേളനം 2022 ഒക്ടോബർ 23 ന് എറണാകുളം കലൂർ എ.ജെ. ഹാളിൽ ചേർന്നു.

അനുബന്ധ പരിപാടികൾ ഒഴിവാക്കി സംഘടനാ അജണ്ടകൾ മാത്രമായി ഒരു ദിവസത്തേക്ക് ചിട്ടപ്പെടുത്തിയതായിരുന്നു 59ാം സമ്മേളനം. രാവിലെ 8.30 ന് പ്രസിഡന്റ് എം.വി.ശശിധരൻ പതാക ഉയർത്തിയതോടെ സമ്മേളന നടപടികൾക്ക് തുടക്കം കുറിച്ചു. രക്തസാക്ഷിമണ്ഡപത്തിലെ പുഷ്പാർച്ചനക്ക് ശേഷം 2021 ലെ സംസ്ഥാന കൗൺസിൽ യോഗം ആരംഭിച്ചു. പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സെക്രട്ടറി എസ്. അജയകുമാർ അവതരിപ്പിച്ചു. പൊതു ചർച്ചയ്ക്കും ജനറൽ സെക്രട്ടറിയുടെ മറുപടിയ്ക്കും ശേഷം ട്രഷറർ എൻ.നിമൽരാജ് വരവ്ചെലവ് കണക്ക് അവതരിപ്പിച്ചു. സംഘടനാമുഖപത്രമായ കേരള സർവ്വീസ് മാസികയുടെ വരവ്ചെലവ് കണക്ക് മാനേജർ വി.കെ.ഷീജ അവതരിപ്പിച്ചു. ശേഷം പ്രവർത്തന റിപ്പോർട്ടും വരവ്ചെലവ് കണക്കും സമ്മേളനം ഐകകണ്ഠേന അംഗീകരിച്ചു. സാർവ്വദേശീയ ദേശീയ പ്രാദേശിക വിഷയങ്ങളിലെ സംഘടനാ നിലപാട് വിശദീകരിക്കുന്ന സംഘടനാ റിപ്പോർട്ട് ജനറൽ സെക്രട്ടറി എം.എ.അജിത്കുമാർ അവതരിപ്പിച്ചു. ഉച്ചയ്ക്ക് ശേഷം 3.10 ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം വ്യവസായ നിയമവകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു.

ഭരണഘടനാ നിർമ്മാണ വേളയിൽ സംസ്ഥാനങ്ങൾക്ക് ഉറപ്പ് നൽകിയിരുന്ന അധികാരങ്ങൾ ഓരോന്നായി ഭരണഘടനാ ഭേദഗതിയിലൂടെയും സർക്കാർ ഉത്തരവുകളിലൂടെയും കേന്ദ്രം ഭരിക്കുന്നവർ കവർന്നെടുക്കുകയായിരുന്നുവെന്ന് ഉദ്ഘാടന പ്രസംഗത്തിൽ പി.രാജീവ് ചൂണ്ടിക്കാട്ടി. സംഘടനയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷം നടത്തിയ സംസ്ഥാന നാടകമത്സര വിജയികൾക്കുള്ള സമ്മാന വിതരണവും മന്ത്രി നിർവ്വഹിച്ചു. സംഘടനാ റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയ്ക്ക് ജനറൽ സെക്രട്ടറി മറുപടി പറഞ്ഞതോടെ സമ്മേളനം ഐകകണ്ഠേന സംഘടനാ റിപ്പോർട്ട് അംഗീകരിച്ചു. തുടർന്ന് സംഘടനയുടെ ഭാവിപ്രവർത്തനങ്ങളുടെ ദിശാസൂചകമായ 'കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ അണിചേരുക, കേരളത്തിന്റെ ജനപക്ഷബദൽ ശക്തിപ്പെടുത്തുക' എന്ന പരിപാടി പ്രമേയം സംസ്ഥാന സെക്രട്ടറി ആർ.സാജൻ അവതരിപ്പിച്ചു.

മോദി സർക്കാരിന്റെ നയങ്ങൾ രാജ്യത്തെ സർവ്വരംഗത്തും പിന്നോട്ടടിപ്പിച്ചിരിക്കുകയാണ്. പണപ്പെരുപ്പം, തൊഴിലില്ലായ്മ, തൊഴിൽ നഷ്ടം, വിലക്കയറ്റം എന്നിവ വൻതോതിൽ വർദ്ധിച്ചു.





എം.വി. ശശിധരൻ
(പ്രസിഡന്റ്)



എം.എ. അജിത്കുമാർ
(ജനറൽ സെക്രട്ടറി)

കേന്ദ്രത്തിൽ നിന്നും വ്യത്യസ്തമായി ജനപക്ഷ ബദൽ നയങ്ങളാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കുന്നത്. സിവിൽ സർവ്വീസിന്റെ ശാക്തീകരണത്തിന് സർക്കാർ മുഖ്യപരിഗണന നൽകുന്നു. എന്നാൽ കേരളത്തിന്റെ നേട്ടങ്ങളെ തകർക്കാൻ നിക്ഷിപ്ത താല്പര്യക്കാർ കൂട്ടായി പരിശ്രമിക്കുകയാണ്. ഈ വസ്തുതകൾ വിശദീകരിക്കുന്ന പരിപാടി പ്രമേയത്തിന്മേൽ നടന്ന ചർച്ചയ്ക്ക് സംസ്ഥാന സെക്രട്ടറി മറുപടി നൽകി. തുടർന്ന് പരിപാടി പ്രമേയം സമ്മേളനം ഐകകണ്ഠേന അംഗീകരിച്ചു. സംഘടനാ രൂപീകരണത്തിന്റെ വജ്രജൂബിലി വർഷത്തിൽ ബഹുമുഖമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ കരുത്തും ആവേശവും നൽകുന്നതായി 59ാം സംസ്ഥാന സമ്മേളനം.

**ഭാരവാഹികൾ :** എം.വി. ശശിധരൻ (പ്രസിഡന്റ്), ടി.പി.ഉഷ. ബി. അനിൽകുമാർ, ബി. അനിൽകുമാർ (വൈസ് പ്രസിഡന്റുമാർ), എം.എ.അജിത്കുമാർ (ജനറൽസെക്രട്ടറി), വി.കെ. ഷീജ, ആർ. സാജൻ, പി.പി. സന്തോഷ് ( സെക്രട്ടറിമാർ), എൻ. നിമൽരാജ് (ട്രഷറർ, എ.എം.സുഷമ (വനിതാ സബ്ബ് കമ്മിറ്റി കൺവീനർ)

# കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയം സംയുക്ത ട്രേഡ് യൂണിയൻ മാർച്ച്

കേന്ദ്രസർക്കാരിന്റെ തൊഴിലാളിദ്രോഹ നയങ്ങൾക്കെതിരെ സംയുക്ത ട്രേഡ് യൂണിയൻ സമിതി നേതൃത്വത്തിൽ തലസ്ഥാനത്ത് രാജ്ഭവന് മുന്നിലും ജില്ലാ കേന്ദ്രങ്ങളിൽ കേന്ദ്ര സർക്കാർ ഓഫീസുകളിലേക്കും മാർച്ചും ധർണയും നടത്തി.

ഇന്ത്യൻ ലേബർ കോൺഫറൻസ് അടിയന്തരമായി വിളിച്ചുചേർക്കണം, ഐഎൽസി തീരുമാനങ്ങൾ നടപ്പാക്കണം, ലേബർ കോഡ് ഉപേക്ഷിക്കുക, 2021ലെ പ്രതിരോധ സേവനം നിയമം പിൻവലിക്കുക, ട്രേഡ് യൂണിയൻ സർക്കാർ ചർച്ചകൾ ഗൗരവപൂർവം നടന്നു., ഇപിഎഫ് പെൻഷൻ വർധിപ്പിക്കുക, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാർവത്രിക പെൻഷൻ നടപ്പിലാക്കുക തുടങ്ങി 12 ഇന ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ചും ധർണയും. രാജ്ഭവന് മുന്നിലെ ധർണ്ണ  സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് വി ആർ പ്രതാപൻ അധ്യക്ഷനായി.

സിഐടിയു ജില്ലാ സെക്രട്ടറി സി ജയൻബാബു, കെ എസ് സുനിൽകുമാർ, ആർ രാമു, എസ് പുഷ്പലത (സിഐടിയു), മാഹീൻ അബൂബക്കർ(എസ്ടിയു), കവടിയാർ ധർമൻ (കെടിയുസി), കുളത്തൂർ മധു, എൻ സുനിതകുമാരി (എൻഎൽസി), ജി ആർ സുഭാഷ് (എഐടിയുസി), വെട്ടുറോഡ് സലാം, പുത്തൻപള്ളി നിസാർ (ഐഎൻടിയുസി) എന്നിവർ സംസാരിച്ചു.

## ലോട്ടറി ഏജൻറ്ഃ സെല്ലേഴ്സ് യൂണിയൻ സെക്രട്ടറിയേറ്റ് മാർച്ച്

ലോട്ടറി ഏജൻറ്& സെല്ലേഴ്സ് യൂണിയൻ സിഐടിയുവിന്റെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച് സ: എം.വി.ജയരാജൻ ഉദ്ഘാടനം ചെയ്തു.

വെട്ടിക്കുറച്ച കമ്മീഷൻ പുന:സ്ഥാപിക്കുക, ലോട്ടറി തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യം വർദ്ധിപ്പിക്കുക, ക്ഷേമനിധി ഓഫീസിൽ മതിയായ ജീവനക്കാരെ നിയമിക്കുക, എഴുത്ത് ലോട്ടറി, അമിതമായ സെറ്റ് ലോട്ടറി എന്നിവ നിരോധിക്കാൻ വേണ്ട കർശന നടപടി സ്വീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ച് സംഘടിപ്പിച്ചത്. പ്രസിഡൻറ് പി.ആർ. ജയപ്രകാശ്, സെക്രട്ടറി റ്റി.ബി. സുബൈർ എന്നിവർ സംസാരിച്ചു.

## പാചകത്തൊഴിലാളികൾ ഉപവസിച്ചു



വിവിധ ആവശ്യങ്ങളുന്നയിച്ച് സ്കൂൾ പാചകത്തൊഴിലാളികൾ സെക്രട്ടേറിയറ്റിന് മുന്നിൽ ഉപവസിച്ചു. സംസ്ഥാന പാചകത്തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിലായിരുന്നു സത്യാഗ്രഹം.

സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. വി.പി.കുഞ്ഞികൃഷ്ണൻ അധ്യക്ഷനായി. സിഐടിയു ജില്ലാപ്രസിഡന്റ് ആർ.രാമു, ക്ലൈനസ് റൊസാരിയോ, കെ.വി.ദേവി ചന്ദ്രികാമ്മ എന്നിവരും സംസാരിച്ചു. എല്ലാമാസവും അഞ്ചിന് മുമ്പ് ശമ്പളം നൽകുക, കുടിശ്ശിക വേതനം വിതരണം ചെയ്യുക. ഇൻഷുറൻസ് ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു സമരം.

# മത്സ്യ അനുബന്ധതൊഴിലാളി ഫെഡറേഷൻ സംസ്ഥാന സമ്മേളനം

മത്സ്യ അനുബന്ധതൊഴിലാളി ഫെഡറേഷൻ (സിഐടിയു) സംസ്ഥാന സമ്മേളനത്തിന് ഉജ്വല തുടക്കം കുറിച്ചുകൊണ്ട് കെ വി പീതാംബരൻ നഗറിൽ (ജില്ലാ പഞ്ചായത്ത് ഹാൾ) സംസ്ഥാന പ്രസിഡന്റ് എ സഫറുള്ള പതാക ഉയർത്തി. സിഐടിയു അഖിലേന്ത്യ വൈസ് പ്രസിഡന്റ് ജെ മേഴ്സിക്കുട്ടിഅമ്മ സമ്മേളനം ഉദ്ഘാടനംചെയ്തു.

സംഘാടകസമിതി കൺവീനർ മത്യാസ് അഗസ്റ്റിൻ സ്വാഗതം പറഞ്ഞു. എ സഫറുള്ള അധ്യക്ഷനായി. സിപിഐ എം ജില്ലാ സെക്രട്ടറി എസ് സുദേവൻ, സംഘാടകസമിതി ചെയർമാൻ എസ് ജയമോഹൻ, എഐഎഫ്എഫ്ഡബ്ല്യുഎഫ് ട്രഷറർ ജി മമത, പി പി ചിത്തരഞ്ജൻ എംഎൽഎ, ക്ഷേമനിധി ബോർഡ് ചെയർമാൻ കൂട്ടായി ബഷീർ, ഫെഡറേഷൻ ജനറൽ സെക്രട്ടറി പുല്ലുവിള സ്റ്റാൻലി, സിഐടിയു ജില്ലാ പ്രസിഡന്റ് ബി തുളസീധരക്കുറുപ്പ്, മത്സ്യഫെഡ് ചെയർമാൻ ടി മനോഹരൻ എന്നിവർ സംസാരിച്ചു.

സി ഡി അശോകൻ, അബ്ബാസ് പറവണ്ണ നഗറിൽ (ജില്ലാ പഞ്ചായത്ത് ഹാൾ) നടന്ന 'മത്സ്യമേഖലയിലെ പ്രതിസന്ധികളും അനുബന്ധ തൊഴിലാളികളും' സെമിനാർ മന്ത്രി വി അബ്ദുറഹുമാൻ ഉദ്ഘാടനംചെയ്തു. സംസ്ഥാന പ്ലാനിങ് ബോർഡ് ചീഫ് എസ് എസ് നാഗേഷ് വിഷയം അവതരിപ്പിച്ചു. ജെ മേഴ്സിക്കുട്ടിഅമ്മ മോഡറേറ്ററായി. കൂട്ടായി ബഷീർ, ടി മനോഹരൻ എന്നിവർ സംസാരിച്ചു. മത്യാസ് അഗസ്റ്റിൻ സ്വാഗതവും യൂണിയൻ ജില്ലാ പ്രസിഡന്റ് പീരുമുഹമ്മദ് നന്ദിയും



പുല്ലുവിള സ്റ്റാൻലി
(പ്രസിഡന്റ്)



എ. സഫറുള്ള
(ജനറൽ സെക്രട്ടറി)

പറഞ്ഞു. 240 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

അനുബന്ധ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ ഹാർബർ ടു മാർക്കറ്റ് പദ്ധതി നടപ്പാക്കണമെന്ന് മേഴ്സിക്കുട്ടിഅമ്മ പറഞ്ഞു. ഹാർബറുകളിൽനിന്ന് നേരിട്ട് മത്സ്യംവാങ്ങി മാർക്കറ്റിലേക്ക് എത്തിക്കാൻ നടപടി സ്വീകരിക്കണം.

അതുവഴി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് മുക്തരാകാനും തൊഴിലാളികൾക്ക് ന്യായവില കിട്ടാനും കഴിയുന്നതിനൊപ്പം ഗുണഭോക്താക്കൾക്ക് നല്ല മീൻ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനും കഴിയും. അതിന് എല്ലാ ജില്ലയിലും അനുബന്ധ തൊഴിലാളികൾക്കായി സഹകരണ പ്രസ്ഥാനം ഒരുക്കി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പലിശരഹിത വായ്പ ഉറപ്പാക്കണമെന്ന് അവർ പറഞ്ഞു.

# കുടുംബശ്രീ ഓഡിറ്റേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം

കുടുംബശ്രീ ഓഡിറ്റേഴ്സ് യൂണിയൻ (സിഐടിയു) പ്രഥമ സംസ്ഥാന സമ്മേളനം ബിടിആർ ഭവനിൽ സിഐടിയു സംസ്ഥാന സെക്രട്ടറി കെഎസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. സുശീല പ്രദീപ് അദ്ധ്യക്ഷയായി. സിഐടിയു സംസ്ഥാന സെക്രട്ടറി കെഎൻ ഗോപിനാഥ്, കല്ലറ മധു എന്നിവർ സംസാരിച്ചു. പ്രസിഡന്റായി സുശീല പ്രദീപിനെയും ജനറൽ സെക്രട്ടറിയായി ലൈജുവിനെയും ട്രഷററായി ഇന്ദുലേഖയെയും സമ്മേളനം തെരഞ്ഞെടുത്തു. 27 അംഗ സംസ്ഥാനക്കമ്മിറ്റിയെയും രൂപീകരിച്ചു.

# റേഷൻ എംപ്ലോയീസ് യൂണിയൻ സമ്മേളനം

റേഷൻ എംപ്ലോയീസ് യൂണിയന്റെ സംസ്ഥാന സമ്മേളനം ഡിസംബർ 4 ന് ബിടിആർ ഭവനിൽ ചേർന്നു. സമ്മേളനം സിപിഐഎം സംസ്ഥാന സെക്രട്ടറി എം.വിഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. റേഷൻ എംപ്ലോയീസ് യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് മടവൂർ അനിൽ അധ്യക്ഷനായി. മന്ത്രി ജി.ആർ അനിൽ, സിഐടിയു സംസ്ഥാന സെക്രട്ടറി കെഎസ് സുനിൽകുമാർ, ജനറൽ സെക്രട്ടറി ഡാനിയേൽ ജോർജ്, ജി ശശിധരൻ എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ : ജി.സ്റ്റീഫൻ എംഎൽഎ (പ്രസിഡന്റ്), അഡ്വ.മടവൂർ അനിൽ, മൊയ്തീൻ കോയ, ടിവി തമ്പാൻ, ഷൈജ കബീർ അമ്പാരത്ത്, മണി, പിജെ ജോൺ (വൈസ് പ്രസിഡന്റുമാർ), ഡാനിയേൽ ജോർജ് (ജനറൽ സെക്രട്ടറി), ബാബു പണിക്കർ, ജി ശശിധരൻ, എംവി നാരായണൻ, എം.ഗോപിനാഥ്, സരോജിനിയമ്മ, കെകെ ഗിരീഷ് (സെക്രട്ടറിമാർ) എസ് ഷാജികുമാർ (ട്രഷറർ)